# പ്രതിഭ

ഈ ലക്കത്തിൽ

ശ്രീരേഖ
ജി. വി. പ്ലഖനോവ്
മുണ്ടശ്ശേരി
ചെക്കോവ്
ഡി. ഡി. കോസാംബി
വരിക്കോലിൽ കേശവനുണ്ണിത്താൻ
പി. വിശാലലക്ഷ്മി
കെ. കുഞ്ഞുപിള്ളപ്പണിക്കർ
കെ. എസ്സ്. നമ്പൂതിരി
ഡോക്ടർ കെ. രാഘവൻപിള്ള

AUGUST 1962 ★ Price 25 nP.

പത്രാധിപർ: പുതുപ്പള്ളി രാഘവൻ

# പ്രതിഭ

പുസ്തകം 1 | 1962 ആഗസ്റ്റ് | ലക്കം 5

## അക്ഷുണ്ണമായ മാർഗ്ഗം

മലയാളസാഹിത്യത്തിൽ പണ്ടും പല നിരൂപകന്മാരും ഉണ്ടായിരുന്നു; ഇപ്പോഴും അക്കൂട്ടരുടെ കുറ്റി തീരെ അറ്റെന്നു പറയാനാവില്ല. അവരുടെ ആ നിരൂപണങ്ങളിലെല്ലാം നിറംപൂണ്ടു നിന്നിരുന്നതോ, ഒന്നുകിൽ ആശ്രിതവാത്സല്യം, അല്ലെങ്കിൽ വ്യക്തിവിദ്വേഷം. അതിന്റെ പിടിയിൽ നിന്നും നിശ്ശേഷം വേറിട്ടു നിന്നവരല്ല, 'ദേശാഭിമാനി'യും 'സാഹിത്യപഞ്ചാനനനും' പോലും. പ്രോത്സാഹനത്തിന്റെ പേരിൽ 'കേസരി'യുടെ തൂവൽത്തുമ്പിലും ചിലപ്പോഴെല്ലാം ആ കെട്ടതി നിഴൽ വീശിയിരുന്നു.

മലയാളസാഹിത്യത്തിലെ പഴയതലമുറയിലെപ്പേരെടുത്ത നിരൂപകന്മാരെല്ലാം ഒന്നുകിൽ സംസ്കൃത സാഹിത്യശാസ്ത്രത്തിന്റെ, അല്ലെങ്കിൽ ആംഗലസാഹിത്യശാസ്ത്രത്തിന്റെ ആ യാഥാസ്ഥിതികസരണിയിൽ ഉറച്ചുനിന്നു നിരൂപണങ്ങൾ നടത്തിയവരായിരുന്നു. മലയാളത്തിന്റെ തനതായ ഒരു വീക്ഷണമോ സാഹിത്യനിരീക്ഷണഗതിക്രമമോ അന്നാർക്കും ഉണ്ടായിരുന്നില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഈ രണ്ടു സാഹിത്യദർശനങ്ങളിൽനിന്നും നമുക്കു കൊള്ളാവുന്നതിനെ സ്വീകരിച്ചും മനുഷ്യജീവിതം ലക്ഷ്യമാക്കിയുമുള്ളൊരു നിരൂപണമാർഗ്ഗം നമുക്കുണ്ടായിരുന്നില്ലെന്നർത്ഥം. ലീലാതിലകം കഴിഞ്ഞാൽ പറയത്തക്ക

യാതൊരു ശാസ്ത്രഗ്രന്ഥവും ആ വിഷയത്തിൽ എന്തെങ്കിലുമൊരു മാർഗ്ഗനിർദ്ദേശം നൽകുന്നതായി നമുക്കൊട്ടില്ലായിരുന്നുവെന്നതും ഒരു വസ്തുതയാണ്. അതിന്ന് അന്നൊന്നും ആരുമൊട്ടു ശ്രമിച്ചിരുന്നുമില്ല.

ഉവ്വ്, ആ രംഗത്തും ചില നേട്ടങ്ങൾ ഉണ്ടാക്കാൻ, മലയാളസാഹിത്യ നിരൂപണശാഖയെ ഇരുത്തംവച്ചൊരു സാഹിത്യ ശാഖയാക്കിത്തീർക്കാൻ, നാലഞ്ചു സാഹിത്യ നായകന്മാർ കഴിഞ്ഞ കാൽനൂററാണ്ടുകാലം പ്രവർത്തിച്ചുപോന്നു. അക്ഷുണ്ണമായ ആ മാർഗ്ഗത്തിലെ അപൂർവ്വസഞ്ചാരികളിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരേ ഒരാളാണ് പ്രൊഫസ്സർമുണ്ടശ്ശേരി.

അപ്പോൾ, ഈ ജൂലൈ പതിനഞ്ച് മലയാളക്കരയിലാകയും മലയാളികൾ അധിവസിക്കുന്ന മറുനാട്ടിലും ആഘോഷിക്കപ്പെടുന്ന മുണ്ടശ്ശേരിമാസ്റ്ററുടെ ഷഷ്ടിപൂർത്ത്യുത്സവമുണ്ടല്ലോ, അതു്, അദ്ദേഹം വളർത്തിക്കൊണ്ടുവന്ന ആ മഹത്തായ മലയാളസാഹിത്യ നിരൂപണ ശാഖയെ അംഗീകരിച്ചാരാധിച്ച സാഹിത്യക്ഷേത്രത്തിൽ കുടിവയ്ക്കലാണെന്നു ഞങ്ങൾ പറയും. അതേ, അതുതന്നെ.

ശ്രീ മുണ്ടശ്ശേരിമാസ്റ്ററുടെ പ്രവർത്തനം ഒരു രംഗത്തുമാത്രം അങ്ങനെ ഒതുങ്ങിക്കൂടി നില്ക്കുന്ന ഒന്നല്ല. സാഹിത്യം, വിദ്യാഭ്യാസം, സഹകരണം, പത്രപ്രവർത്തനം, രാഷ്ട്രീയം അങ്ങനെ മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളിലും അദ്ദേഹത്തിന്റെ കഴിവിന്റെ കരവിരുതുകൾ പരന്നു പന്തലിച്ചു നില്ക്കുന്നു. യാഥാസ്ഥിതികത്വത്തിനെതിരായി മനുഷ്യജീവിതപുരോഗതിക്കുവേണ്ടിയുള്ള പ്രവർത്തനത്തിന് ആക്കവും ആഴവും പരപ്പും വർദ്ധിപ്പിക്കുന്നതിന് പടവെട്ടി പടവെട്ടി മുന്നേറുന്നൊരു ജീവിതമാണ് അദ്ദേഹത്തിന്റെ ജീവിതം. എല്ലാ രംഗങ്ങളിലും ഉഗ്രമായ ചലനങ്ങൾ സൃഷ്ടിച്ചുകൊണ്ടുതന്നെയാണ് ആ ജീവിതം അറുപതിലെത്തിയതും. പഴകിദ്രവിച്ച പലതിനേയും ആ ചലനം നിലംപൊത്തിച്ചു. അതോടൊപ്പമുണ്ടല്ലോ, ഈടുററ പലതും ആ ഭാവി തലമുറയ്ക്കുവേണ്ടി നേടിത്തരുകയുംചെയ്തു.

## നൃത്തശില്പം

# സൗന്ദര്യം കണ്ടെത്തുന്നു

ശ്രീരേഖ

രംഗം ഒന്ന്

[വസന്തസൗഭാഗ്യം തികഞ്ഞുനില്ക്കുന്ന ഗൃഹോദ്യാനത്തിലേക്ക് നായിക നടനനിരതയായി ഇറങ്ങിവരുന്നു. മനോഹരവേഷം. മുഗ്ദ്ധഭാവം.]

ഗാനം:

നാകരുക നാകരുക കരിവണ്ടുകളേ!
നൂറു പുഷ്പങ്ങൾ.
മധുകലശങ്ങൾ കരങ്ങളിലേന്തി
മധുർമാധവമാസം വന്നു
മൃദുഭരനടന വിലോല ലതകളിൽ
മന്ദഹാസമുണർന്നു (നാകരുക)
തളിരു പട്ടുടയാടയിളക്കി
അരുവി പാദസരങ്ങൾ കിലുക്കി
മലയവായു വിപഞ്ചിക മീട്ടി
കിളികൾ മഞ്ജുളഗാനം പാടി (നാകരുക)
ഇവിടെയീ മലർവാടിയിലെന്റെ
ഹൃദയനാഥൻ വരുമല്ലോ.
ഇതൾ വിടർത്തിയ താമരകൊണ്ടൊരു
വരണമാല കൊരുക്കണമല്ലോ! (നാകരുക)

---

അറുപതായെങ്കിലും, അറുപതാകാത്തതാണ് ആ പിന്നയും ആ തൂലികയും. കാവ്യപീഠികയും, മാനദണ്ഡവും രൂപഭദ്രതയും,മാറ്റൊലിയും വിരചിച്ച ആ ധിഷണാശക്തിക്ക് മനുഷ്യജീവിതത്തിനു പ്രാധാന്യം നൽകിക്കൊണ്ടുള്ളതും കൂടുതൽ ഉൾക്കനമുള്ളതുമായ ഒട്ടനവധി സമ്പത്ത് മലയാളസാഹിത്യത്തിന്നും ഭാവി തലമുറക്കും നേടിത്തരാൻ കഴിയുമാറാകട്ടെ!

ഞങ്ങൾ ദീർഘായുസ്സും ആരോഗ്യവും നേരുന്നു.

[അവൾ പൊയ്കയിൽനിന്നു താമരപ്പൂക്കളിറുത്ത് മാലകെട്ടിക്കൊണ്ടിരിക്കുമ്പോൾ വസന്തദേവത പ്രവേശിക്കുന്നു]

നായിക: (അത്ഭുതപരതന്ത്രയായി)

ജലകന്യകയോ? വനദേവതയോ?
വാനിൽനിന്നൊരു ദേവിയോ?
ആരു ഭവതി? ഈ ഭൂമിയിലെന്റെ
ആരാമത്തിൽ വരാനെന്തേ?

ദേവത:

ഋതു വസന്തം ഞാൻ; സഖി, ഇവിടെ
അഴകൊരുക്കിയതെന്റെ കരങ്ങൾ-
ന്നുകരുവാനൊരു വണ്ടു വരുംവരെ
മധുരഹാസം പൊഴിയൂ മലരേ! (നായിക ലജ്ജിതയാകുന്നു)
മിഴികൾ നീലസരോരുഹയുഗളം
മുടി മനോഹര മേചകമേഘം.
കവിള് കാഞ്ചനഫലകം, തിങ്കൾ-
ക്കലയിലൊന്നോ നിൻ മൃദുഫാലം.
കൺ തൊട്ടെത്തൊരു കാമധനുസ്സോ
പുരികമമലേ? ചുണ്ടുകൾ പവിഴം.
നുകരുവാനൊരു വണ്ടു വരും; നീ
മധുരഹാസം പൊഴിയൂ മലരേ!

നായിക ലജ്ജിച്ചു നിൽക്കെ ദേവത നൃത്തലോലയായി നടന്നു മറയുന്നു. ദൂരെനിന്നൊരു ഗായകശബ്ദം. നായിക ശ്രദ്ധിക്കുന്നു. നായകൻ പ്രവേശിക്കുന്നു. പ്രേമഗാനമാലപിച്ചുകൊണ്ട് രണ്ടുപേരും ചേർന്ന് നൃത്തംചെയ്യുന്നു.]

ഗാനം:

ഒരു രാവിൽ കിരുകിരെ
കിന്നാരം പറയാൻ
അരിമുല്ലക്കാവിലൊന്നു വരുമോ, നീ, കാറ്റേ!
വരുമെങ്കിലാരുമാരു-
മറിയാതെവേണം.
വന്നിരുന്നുകഴിഞ്ഞാലൊ-
രടയാളം തരണം.
അടയാളം കണ്ടാൽ
ആ നിമിഷംതന്നെ
ഹൃദയത്തിൻ താളവുമാ-
യിറങ്ങി വന്നെത്തും ഞാൻ. [ശേഷം ഏഴാം പേജിൽ]

# കലയും സാമൂഹ്യജീവിതവും

(ജി. വി. പ്ലഖിനോവ്)

I

## ചരിത്രപരമായ ഭൗതികവാദവും കലയും.

സർ,—നാം, കലയെസംബന്ധിച്ചു് ഒരു ചർച്ച ആരംഭിക്കുകയാണു്. എത്രതന്നെ സൂക്ഷ്മതയുള്ളതാകട്ടെ, എല്ലാ ഗവേഷണങ്ങളിലും, അതിൻെറ വിഷയം എന്തുതന്നെ ആയാലും, തിട്ടമായി നിർവ്വചിച്ചിട്ടുള്ള ഒരു സങ്കേതത്തിൽ നാം ഊന്നിനിൽക്കേണ്ടതു് ആവശ്യമാണു്. അതുകൊണ്ടു് ഒന്നാമതായിട്ടു്, 'കല' എന്ന പദത്തിനു് ശരിക്കും എന്തർത്ഥമാണു് സങ്കല്പിക്കുന്നതെന്നു് നാം പറയണം. നേരേമറിച്ചു്, എതുവിധത്തിലും സംതൃപ്തി നൽകുന്ന ഒരു നിർവചനം, ഗവേഷണഫലമായി മാത്രമേ ആവിർഭവിക്കാൻ സാദ്ധ്യമാകു എന്നതു് തികച്ചും സംശയമററതുമാണു്. മറെറാരു വിധത്തിൽ പറഞ്ഞാൽ നമുക്കു നിർവചിക്കാനാവാത്ത ചിലതിനെ നാം നിർവചിക്കേണ്ടതായിരിക്കുന്നു. ഈ വൈരുദ്ധ്യത്തിൽനിന്നും എങ്ങിനെയാണു് നാം ഒരു വഴി കണ്ടുപിടിക്കുന്നതു്? ഞാൻ വിചാരിക്കുന്നു, നമുക്കു് ഈ മാർഗ്ഗത്തിൽ ആകാമെന്നു്: ഇപ്പോഴത്തേയ്ക്കു് ഞാൻ ഒരു താല്ക്കാലിക നിർവചനം അംഗീകരിക്കാം. അനന്തരം നമ്മുടെ ഗവേഷണത്തിൻെറ വെളിച്ചത്തിൽ പ്രശ്നം വ്യക്തമാക്കിയിട്ടു്, ഞാൻ അതിനെ വിപുലപ്പെടുത്തുകയും തിരുത്തുകയും ചെയ്യാം.

അപ്പോൾ, ഞാൻ സ്വീകരിക്കേണ്ട താല്ക്കാലിക നിർവചനം എന്താണു്?

"കല എന്നാൽ എന്തു്?" എന്ന ഗ്രന്ഥത്തിൽ ടോൾസ്റ്റോയി, 'കല'യേക്കുറിച്ചുള്ള ഒട്ടനവധി നിർവ്വചനങ്ങൾ അവതരിപ്പിക്കുന്നുണ്ടു്. അവയെല്ലാംതന്നെ,

അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പരസ്പരം നിഷേധിക്കുകയും ചെയ്യുന്നു. മാത്രമല്ല, അവയൊന്നും തൃപ്തികരമായി കാണുന്നുമില്ല. എന്നാൽ, യഥാർത്ഥത്തിൽ അദ്ദേഹം ഉദ്ധരിക്കുന്ന നിർവചനങ്ങൾ, അദ്ദേഹം വിചാരിക്കുന്നതുപോലെ യാതൊരർത്ഥത്തിലുംതന്നെ അത്രയധികം വിഭിന്നങ്ങളോ തെറ്റായി ധരിച്ചിട്ടുള്ളതോ അല്ല. അവയെല്ലാം തീരെ പോരാത്തവകളാണെന്നു നമുക്ക് അംഗീകരിച്ചുകൊടുക്കാം. മാത്രമല്ല, അദ്ദേഹത്തിന്റെ സ്വന്തം കലാനിർവചനം സ്വീകരിക്കാനാവില്ലയോ എന്ന് പരിശോധിച്ചുനോക്കുകയും ചെയ്യാം.

അദ്ദേഹം പറയുന്നു: "മനുഷ്യൻ, പരസ്പരം ധരിപ്പിക്കുന്നതിനുള്ള— ആശയവിനിമയനം ചെയ്യുന്നതിനുള്ള—ഒരു ഉപാധിയാണ് കല...ഈ നിവേദനത്തിന്—അറിയിക്കലിന്— ഒരു പ്രത്യേക സ്വഭാവമുണ്ട്. ആ സവിശേഷസ്വഭാവമാണ്, വാക്കുകൾ ഉപയോഗിച്ചുള്ള നിവേദനത്തിൽനിന്നും കലയെ വ്യതിരിക്തമാക്കിക്കാണിക്കുന്നത്. അതായത്, ഒരുവൻ വാക്കുകളുടെ സഹായത്തോടെ അവന്റെ വിചാരങ്ങളെ അന്യരിലേക്കു പകരുമ്പോൾ, കലയിലൂടെ അവ അനുഭൂതികളെയാണ് പകരുന്നത്."

എന്നെ സംബന്ധിച്ചിടത്തോളം, ഇപ്പോൾ, ഒരു കാഴ്ചപ്പാടിൽമാത്രം ഞാൻ ഒതുങ്ങിനില്ക്കാൻ ശ്രമിക്കാം.

ടോൾസ്റ്റോയിയുടെ അഭിപ്രായത്തിൽ വാക്കുകൾ മനുഷ്യരുടെ വിചാരങ്ങളെ വ്യക്തമാക്കുമ്പോൾ കല, മനുഷ്യരുടെ അനുഭൂതികളെയാണ് പ്രകാശിപ്പിക്കുന്നത്."

ഇതു ശരിയല്ല. മനുഷ്യൻ അവരുടെ വിചാരങ്ങളെ വ്യക്തമാക്കുന്നതിനു മാത്രമല്ല വാക്കുകളെ ഉപയോഗിക്കുന്നത്. അവരുടെ അനുഭൂതികളെ പ്രകാശിപ്പിക്കുന്നതിനും അവ ഉപയോഗിക്കപ്പെടുന്നു. അതിന്റെ തെളിവാണ് കവിത. അതിൽ ഉപാധിയായി സൂക്ഷ്മതയോടെ വർത്തിക്കുന്നത് വാക്കുകളാണ്.

ടോൾസ്റ്റോയി തന്നെ പറയുന്നു:

"ഒരിക്കൽ ഒരുവൻ അനുഭവിച്ച അനുഭൂതിയെ ആന്തരികമായി വീണ്ടും ഉത്തേജിപ്പിക്കുന്നു; അതിനുശേഷം,

[നാലാം പേജിൽനിന്നു തുടർച്ച]

താലത്തിൽ പൂ കാണും പൂവുകൾക്കു മണംകാണും
പൂമണം നുകരുവാൻ
പുലരുവോളം നീ വേണം.
താഴെ വീണു തകരാതെ
വീണുടഞ്ഞു പോകാതെ
താലമേററു വാങ്ങുമെങ്കിൽ
തരാമൊരു സമ്മാനം.
സമ്മാനം കവിളുകളിൽ
തന്നാലോ പകരം
കല്യാണപ്പന്തലിൽ നീ
മിന്നുകെട്ടാൻ വരണം.

[അതു പറഞ്ഞിട്ട് കലുങ്ങിച്ചിരിച്ചുകൊണ്ട് അവൾ ഓടിമറഞ്ഞു. പുറകേ നായകനും]

## രംഗം രണ്ട്

[നായിക പൂക്കളിറുത്തുകൊണ്ട് പ്രവേശിക്കുന്നു. വാർദ്ധക്യലക്ഷണങ്ങൾ മുഖത്തുണ്ട്. ഒരു വൃദ്ധ അതിലെ കടന്നുവരുന്നു.]

നായിക:

ആരു നീ ആരു നീ കൂനിക്കുനിഞ്ഞൊരു
വേദനപോലെ കടന്നു വരുന്നവൾ?

വൃദ്ധ: ഞാനാണു കാലം; മകളേ! നിൻ മേനിയിൽ
ആരചിക്കും ഞാൻ വരയും കുറികളും!

[നായിക ഒരു ഞെട്ടലോടെ അതു കേട്ടു നിന്നുപോകുന്നു. വൃദ്ധ നടന്നുമറഞ്ഞു. അത് അവളറിഞ്ഞില്ല. സാവധാനം നടന്ന് കുളക്കരെ ചെന്നുനിന്നു. സ്വന്തം രൂപം വെള്ളത്തിൽ കണ്ടു ഞെട്ടിപ്പോയി]

നായിക:

എങ്ങുപോയെൻെറ വാർമുടികളിൽ
തങ്ങിനിന്ന മഴമുകിൽ?
എങ്ങുപോയെൻെറ നീൾമിഴികളിൽ
മിന്നിനിന്നൊരു മാരിവിൽ?
ഏതു കൈകളെൻ ചുണ്ടിലെപ്പവി-
ഴാഭ തുത്തുകളഞ്ഞു ഹാ!
ഏതു കൈകളാണെൻ കവിളിലെ
ഏഴുവർണ്ണങ്ങൾ മായ്ച്ചതും?

[ദുഃഖഭാരത്തോടെ പൊയ്കയുടെ തീരത്തിരിക്കുമ്പോൾ വസന്തദേവത വീണ്ടും വരുന്നു]

[ആറാം പേജിൽ നിന്നു തുടർച്ച]
ആ അനുഭൂതിവിശേഷത്തെ ചലനങ്ങളുടേയും വരകളുടേയും വർണ്ണങ്ങളുടേയും വാങ്മയ ചിത്രങ്ങളുടേയും സഹായത്തോടെ പകരുന്നു; അങ്ങനെ അതേ അനുഭൂതി മററുള്ളവരിലും ഉത്തേജിപ്പിക്കുന്നു —ഇതാണ് കലയുടെ പ്രവൃത്തി.” ഇതിൽനിന്നും മനുഷ്യർ തമ്മിലുള്ള നിവേദനത്തിൻെറ-അറിയിക്കലിൻെറ-ഒരു പ്രത്യേക ഉപാധി എന്ന നിലയ്ക്കു് വാക്കുകളെ കലയിൽനിന്നും വ്യത്യസ്തമായികരുതാനാവില്ലെന്നു വ്യക്തമാണ്.

മനുഷ്യരുടെ അനുഭൂതികളെ മാത്രമാണ് കല വ്യക്തമാക്കുന്നതെന്നതും ശരിയല്ല. കല മനുഷ്യരുടെ അനുഭൂതികളേയും വിചാരങ്ങളേയും പ്രകടിപ്പിക്കുന്നു. അതു്, അവയെ രണ്ടിനേയും സജീവരൂപത്തിലാണ് അല്ലാതെ അമൂർത്തമായിട്ടല്ല പ്രദർശിപ്പിക്കുന്നതും. അതെ, അതിൻെറ അതിപ്രധാനമായ ആ സവിശേഷസ്വഭാവം അന്തർഭവിച്ചിരിക്കുന്നതും ഇതിലാണ്. ടോൾസ്റ്റോയിയുടെ അഭിപ്രായത്തിൽ, “കല ഉയിർക്കൊള്ളുന്നതു്,

ശേഷം കവർ 3-ാം പേജിൽ

---

നായിക:

എൻെറ ദേവി, ഞാനീവിധം ദുവി-
ലെന്തിനായിനി വാഴണം?
ചന്തമില്ല, സന്തോഷമില്ലകം
വെന്തുനീറിക്കഴിയണം?

ദേവത:

എന്തു തോഴി, നീയീവിധം ദ്രവി-
ലന്ധയായ്‌ക്കണെ വാഴണം?
നിൻെറ ചന്തവും നിൻെറ തോഷവും
നിൻ മകളിൽ നീ കാണണം.

[ദേവത പുറത്തേക്കു കൈചൂണ്ടുന്നു. പെട്ടെന്നൊരു കാൽച്ചിലമ്പൊച്ച. നായികയുടെ കൊച്ചുമകൾ നൃത്തംചെയ്തുകൊണ്ട് പ്രവേശിക്കുന്നു. അതുകണ്ടു് അവർ മതിമറന്നു നില്ക്കുന്നു. രണ്ടുപേരും ആ കുട്ടിയെ മദ്ധ്യത്തിൽ നിർത്തി അനുഗ്രഹിക്കുന്നതോടെ യവനിക വീഴുന്നു]

---

* ആശയം സരോജിനീനായ്ഡുവിൻേറതു്. ഇതിൻെറ നൃത്തരൂപത്തിലുള്ള ആവിഷ്കരണത്തിനു് മുൻകൂട്ടി അനുവാദം വാങ്ങണം.

# ജീവിതത്തിന്റെ ഭാഷയിൽ സംസാരിക്കുന്നവരേ കവികളാകൂ

പ്രൊഫ: മുണ്ടശ്ശേരി

## സാഹിത്യത്തിന്റെ പല മാതൃകകളിൽ ഒന്നു്

സാഹിത്യമെന്നുവച്ചാൽ കാവ്യം മഹാകാവ്യം അങ്ങിനെയൊക്കെയല്ലേ? എന്നുപറഞ്ഞിരുന്ന ആ കാലത്തുനിന്നു് നമ്മളിപ്പോൾ വളരെ ദൂരം പോന്നു. യൂറോപ്പിലാണെങ്കിൽ നോവൽ എന്ന കലാരൂപം അവതരിച്ചതു നൂററാണ്ടുകൾക്കു മുമ്പാണു്. നൂററാണ്ടുകൾക്കു ശേഷം ഫ്രാൻസിലും റഷ്യയിലും ജമ്മനിയിലുമൊക്കെ പൊന്തിവന്നിട്ടുള്ള വിശപ്രഭാവന്മാരായിട്ടുള്ള നോവലെഴുത്തുകാർ അവിടെ മഹാകവികളായി വാഴ്ത്തപ്പെട്ടിരിക്കുകയാണു്. ബാൽസാക്കിനെപ്പോലെയുള്ള പ്രതിഭാശാലികളായ നോവലെഴുത്തുകാരൻ അദ്ദേഹം ജീവിച്ച കാലഘട്ടത്തിന്റെ സമർത്ഥനായ വക്താവാണെന്നു് ഫ്റാൻസിലെന്നല്ല ലോകത്തിൽ എവരും സമ്മതിക്കും. അതിന്റെ അർത്ഥം കലയിലൂടെ മനുഷ്യജീവിതത്തെ സംബന്ധിച്ചു് ഒരു കാലഘട്ടത്തിൽ ഏററവും ഫലപ്രദമായി സംസാരിച്ചവനാരോ ആ ആളാണു് ആ കാലഘട്ടത്തിലെ ഏററവും മഹാനായ കവിയും മഹാകവിയും ചിന്തകനും. ആ പരമാർത്ഥം വിസ്മരിച്ചുകൊണ്ടു് നാം ഒരു കാലത്തും ഒരു സാഹിത്യകാരനെയും വിലയിരുത്തിപ്പോകരുതെന്നു് എനിക്കഭിപ്രായമുണ്ടു്. ഈ അഭിപ്രായം രണ്ടു വർഷംമുമ്പു് മാരാരുടെ ഷഷ്ടി

പൂർത്തിയിൽ സംബന്ധിച്ചപ്പോൾ ഞാൻ സൂചിപ്പിക്കയുണ്ടായി. വിക്ടർ ഹ്യൂഗോവിനെ, ആ 'പാവങ്ങ'ളുടെ കർത്താവിനെ, ഒരു വിശ്വമഹാകവിയെന്നു വിളിച്ചാൽ ഇവിടെ പലരും ക്ഷോഭിച്ചേക്കും. എന്നാൽ എന്റെ പ്രിയപ്പെട്ട മാരാർ ക്ഷോഭിക്കുകയില്ലെന്നും ഞാൻ പറഞ്ഞു. കാരണം മാരാർ ഈ 'പാവങ്ങൾ' പ്രസിദ്ധീകരിച്ചതിനുശേഷം അതിന്റെ കർത്താവ് കവികളിൽ കവിയാണെന്നു പറഞ്ഞിട്ടുള്ളയാളാണ്. പദ്യത്തിൽ എഴുതിയില്ല എന്നതുകൊണ്ട് വിക്ടർ ഹ്യൂഗോ .കവിയാകുമോ? ആ പ്രശ്നം മാരാർ പരിഗണിച്ചിട്ടായിരിക്കണം 'പാവങ്ങ'ളുടെ കർത്താവ് കവിയാണ്, കവികളിൽകവിയാണ്, വിശ്വമഹാകവിയാണ് എന്നുപറഞ്ഞത്.

## പരിണാമം

അച്ചടിവിദ്യ ഉണ്ടായിട്ട് ഏതാനും നൂററാണ്ടുകൾ കഴിഞ്ഞപ്പോൾ നോവലെഴുത്തുകാരും പെണ്ണുങ്ങൾക്കുള്ള എഴുത്തുകാർ എന്നുള്ള നിലവിട്ട് മഹാ സാഹിത്യകാരന്മാരായി. ഞാൻ പറയും, ക്യാപ്പിററലിസത്തിന്റെ യുഗത്തിൽ കവിയാണു നോവലെഴുത്തുകാർ എന്ന്. അങ്ങിനെ മാറിമാറിക്കൊണ്ടിരിക്കുകയാണ് ഈ സംജ്ഞകളൊക്കെ. പഴയ സ്ഥാനങ്ങളിൽ നിന്നൊക്കെ അത് ഇളകിയിളകി വേറെ വേറെ സ്ഥാനങ്ങളിലേക്കു പോവുകയാണ്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് എന്നു ചോദിച്ചാൽ, ഹോമറുടെ പാട്ടുകളിലും വ്യാസന്റെ പാട്ടുകളിലും വാല്മീകിയുടെ രാമായണത്തിലുമെല്ലാം പ്രതിപാദിച്ചിട്ടുള്ള മഹാ ജീവിതശില്പങ്ങൾ അന്നത്തെ ജീവിതത്തിന്റെ എല്ലാ അന്തർഭാവങ്ങളുമുൾക്കൊള്ളുന്നവയായിരുന്നു. അത്തരം ജീവിതമഹാശില്പങ്ങൾ അനേകം നൂററാണ്ടുകൾക്കുശേഷവും പ്രത്യേകിച്ച് അച്ചടിവിദ്യ ഉണ്ടായതിനുശേഷവും "Paradise Lost"ഉം മററുമുണ്ടായിട്ടുണ്ടെങ്കിൽ പോലും ലോകത്തി

ന്റെ ശ്രദ്ധയെ ആകർഷിക്കത്തക്ക ഒരു വ്യാസഭാരതമോ ഒരു വാല്മീകിരാമായണമോ ഹോമറുടെ ഇലിയഡ്ഡോ ലോകം കണ്ടിട്ടില്ല. എന്നാൽ ഹോമറുടെ ഇലിയഡ്ഡിനും വാല്മീകി രാമായണത്തിനും വ്യാസഭാരതത്തിനുമൊക്കെ പകരം മധ്യയുഗങ്ങൾക്കുശേഷം യൂറോപ്പു കണ്ടതു് ബാൽസാക്കിനെയാണു്; ടോൾസ്റ്റോയിയെയാണു്; ഡോസ്റ്റോവിസ്കിയെയാണു്; സ്റ്റെന്തോളിനെയാണു്. അവരൊക്കെ എഴുതിയതു് കവിതയായിട്ടില്ല. അവരെഴുതിയതു് ആ കാലത്തു് മനുഷ്യർക്കു് വായിച്ചാൽ മനസ്സിലാകുന്ന നല്ല ഭാഷയിൽ, ഒന്നാംതരം രസികൻ ഭാഷയിൽ, കലാകൗശലത്തിന്റെ പരമാവധിവരെ എത്തിയിട്ടുള്ള രീതിയിലാണു്. അവരെ കവികളെന്നു വിളിച്ചാൽ ശരിയാകുമോ? പക്ഷെ രണ്ടും കല്പിച്ചങ്ങു വിളിച്ചാൽ? ജർമ്മനിയിൽ തോമസ്മാൻ പറഞ്ഞതു്, അനേകം നോവലുകൾക്കും അനേകം കവിതകൾക്കും കർത്താവായ തോമസ്മാൻ പറഞ്ഞതു്, താൻ എഴുതിയ കവിതകളെല്ലാം നശിച്ചാലും താനെഴുതിയ നോവലുകൾ നിലനില്ക്കും, അവയുടെ കർത്താവെന്ന നിലയിൽ താൻ കവിയായും ശേഷിക്കും എന്നാണു്. അങ്ങിനെ ഒരു പരിണാമം വരും. ആ സ്ഥിതിക്കു, ഞാൻ അന്നു പറഞ്ഞു, കുറെക്കഴിയുമ്പോൾ മാരാരും കവിയായാലോ എന്നു്. ഞാൻ ചോദിച്ചു, മാരാരും കവിയാവില്ലേ എന്നു്. അങ്ങിനെ ഒരു പരിണാമവും വരും. എന്റെ അഭിപ്രായവും അതുതന്നെയാണു്. മാരാർ ഇപ്പോഴേ കവിയായിരിക്കുന്നു. മറ്റുള്ളവരംഗീകരിക്കേണ്ട താമസമേ ഉള്ളൂ.

## എന്താണു് നിരൂപണം?

എന്താണു് അങ്ങിനെപറഞ്ഞതു്? ഈ നിരൂപണം, ഇന്നു നാം സങ്കല്പിക്കുന്ന രീതിയിലുള്ള നിരൂപണം, ഞാൻ നോവലിനെപ്പററി പറഞ്ഞതുപോലെ തന്നെ ജാംബവാന്റെ കാലത്തു തുടങ്ങിയതൊന്നുമല്ല. ഏതുകാല

തതാണ് തുടങ്ങിയതെന്ന് അന്വേഷിച്ചുപിടിച്ചിട്ട് കാര്യമില്ല. ലോകത്തിലുണ്ടായിട്ടുള്ള സാംസ്കാരികപരിവർത്തനങ്ങൾക്കും, ആ പരിവർത്തനങ്ങൾ നടപ്പാക്കാൻ കൈക്കൊണ്ടിട്ടുള്ള ഉപാധികൾക്കും വിധേയമായ കലാമാതൃകകൾ ലോകത്തിൽവന്നിട്ടുള്ള മാററങ്ങളുടെ ഫലമായിട്ടാണ് ഉണ്ടാവുന്നത്. അതിനെ ധിക്കരിച്ചിട്ട് കാര്യമില്ല. മനുഷ്യന്റെ വികാരങ്ങൾ നിലനിൽക്കുന്ന കാലത്തോളം അനുഷ്ടിപ്പു വൃത്തവും നിലനിൽക്കും എന്നു പറയുന്നതിൽ അർത്ഥമില്ല. അങ്ങിനെ ആരെങ്കിലും പറഞ്ഞാൽ, അയാളെ മരത്തലയനെന്നുവരെ വിളിക്കാൻ ഞാൻ മടിക്കുകയില്ല. അനുഷ്ടിപ്പുവൃത്തം കാലികമായ ഒരു ടെക്നിക്മാത്രമാണ്. മനുഷ്യവികാരം അങ്ങിനെയല്ല. സ്ഥായിയായിട്ടുള്ളമനുഷ്യവികാരത്തിന് അതാതുകാലത്ത് കൈക്കൊള്ളാവുന്ന ഉത്തമ ടെക്നിക്കേതോ ആ ടെക്നിക്കിനെ കൈവരിച്ചു മനുഷ്യജീവിതത്തെ സംബന്ധിച്ചു സമർത്ഥമായി പ്രതിപാദിക്കാൻ സാഹിത്യകാരന് എങ്ങിനെ കഴിയുമോ അങ്ങനെചെയ്യും. മനുഷ്യന്റെ ഹൃദയത്തെ സ്പർശിക്കുന്ന ഒരു കൃതിയായാൽ അതു സാഹിത്യമാകും, കാവ്യമാകും. കാവ്യമെന്നു പറയുമ്പോൾ സൂക്ഷിക്കണം. അങ്ങിനെ വരുമ്പോൾ നിരൂപകൻ നിർമ്മാണാത്മകമായിട്ടുള്ള ചലനങ്ങൾ സൃഷ്ടിക്കുന്നുവെന്നിവിടെ പറയുകയുണ്ടായി. നിർമ്മാണാത്മകമായ കലയായി വളർന്നിട്ടുണ്ടെങ്കിൽ, മാരാരെപ്പോലുള്ളവർ വളർത്തിയിട്ടുണ്ടെങ്കിൽ, അതിന്റെ കർത്താക്കൾക്കും കവിയാകാം. നിർമ്മാണാത്മകമാണെങ്കിൽ കലയല്ലേ വാസ്തവത്തിൽ? പക്ഷെ നിർമ്മാണാത്മകമെന്നുപറയുമ്പോൾ പല ആളുകൾക്കും അതിന്റെഅർത്ഥമെന്താണെന്നറിവില്ല.

## എന്താണ് നിർമ്മാണം

എന്താണ് നിർമ്മാണാത്മകം? അതിന്റെ അടിസ്ഥാനംതന്നെ എന്താണ്? അതൊന്നാലോചിക്കേണ്ടതാ

ണെന്നെനിക്ക് അഭിപ്രായമുണ്ട്. നിർമ്മാണാത്മകം നിർമ്മാണാത്മകം എന്നു പറയുമ്പോൾ യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നത് "സിന്തസിസ്സാ"ണ്. അംഗോപാംഗങ്ങളെ യഥോചിതം ഘടിപ്പിച്ച് ഭദ്രമാക്കിയ ഒരു കൃതി, ഒരു ശില്പം—അങ്ങിനെ ഒരു ശില്പം നിർമ്മിക്കുന്നതിലടങ്ങിയിട്ടുള്ള സിന്തസിസ് – ആ സിന്തസിസ്സാണ് ധ്വന്യാലോകകാരൻതന്നെ എടുത്തെടുത്തു പറഞ്ഞിട്ടുള്ളത്. അതേ സിന്തസിസ് തന്നെയാണ് ലോകത്തിൽ കാവ്യമീമാംസകന്മാരായിട്ടുള്ള എല്ലാവരും ഊന്നിപ്പറഞ്ഞിട്ടുള്ളത് ആ സിന്തസിസ് ആവണമെന്ന്. ആ സിന്തസിസ് സാഹിത്യം സാഹിത്യം എന്നു പറയുമ്പോൾ നമ്മളെവിടെയാണ് കാണാൻ ശ്രമിക്കുന്നത്.

മനുഷ്യരെ സംബന്ധിക്കുന്ന, ജീവിതത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ യഥായോഗ്യം ഘടിപ്പിച്ച് ഒരെഴുത്തുകാരൻ അവന്റേതായ ഒരു ശില്പമവതരിപ്പിക്കുമ്പോഴാണ് നാമതിനെ കാവ്യം, സാഹിത്യം എന്നൊക്കെ പറയുന്നത്. ഇവിടെ പറഞ്ഞുകേട്ടു, ജീവിതത്തെമുൻനിറുത്തിക്കൊണ്ട് വിമർശിക്കുന്നയാളാണ് ശ്രീ. മുണ്ടശ്ശേരിയെന്ന്. അങ്ങിനെയല്ലാതെ വിമർശിക്കുന്ന മുണ്ടശ്ശേരി സാഹിത്യവിമർശകനല്ലെന്നുവരെ ഞാൻ പറയും. കാരണം ജീവിതമില്ലാതെ ഒരു സാഹിത്യം ഉണ്ടോ?

## ആചാര്യന്മാർ പറഞ്ഞത്

ഒന്നു ചിന്തിച്ചുനോക്കണം ഞാൻ യൂറോപ്പിലേക്കൊന്നും പോകുന്നില്ല. ഇവിടെഭാരത മഹർഷി പറഞ്ഞിട്ടുള്ള ആ സൂത്രങ്ങൾ വച്ചുകൊണ്ടുതന്നെ പറയുകയാണ്. നാടകത്തിൽ നിന്നു കാവ്യം നിർമ്മിക്കുന്നതിനെക്കുറിച്ചാണ് അദ്ദേഹം ചിന്തിച്ചുതുടങ്ങിയത്. വികാരതന്മയീഭാവത്തിന്റെ ഫലമായിട്ട് രസോല്പത്തി ഉണ്ടാകുമെന്നു പറഞ്ഞുവച്ച ഭരതൻ ആ രസോല്പത്തിക്കു നിദാനമായിട്ട് നാടകരംഗത്തവതരിപ്പിക്കാൻ തുടങ്ങിയത് കൃതല്ല; ജീവിതമാണ്, അവത

രിപ്പിക്കുവാൻ തുടങ്ങിയതു് തത്വശാസ്ത്രമല്ല; ജീവിതമാണു്. ആ ജീവിതത്തിന്റെ പശ്ചാത്തലവും കഥാപാത്രവും മറ്റും അതാതിന്റെ പാകത്തിൽ രംഗത്തവതരിപ്പിച്ചു് പ്രേക്ഷകന്മാരുടെ മനസ്സിൽ സമാനബുദ്ധിയുണ്ടാകുമ്പോഴല്ലാതെ രസം രസം എന്നുള്ള അനുഭൂതിയുണ്ടാവുകയില്ല. ജീവിതമവതരിപ്പിക്കുന്നതിനെയാണു് ഈ കാവ്യം കാവ്യമെന്നു പറയുന്നതെന്നും അതിൽനിന്നും വ്യക്തമാണു്. പിന്നീടു് അഭിനവഗുപ്തൻ അഭിനവഭാരതിയെന്നൊരു വ്യാഖ്യാനമെഴുതിയപ്പോൾ ഒന്നുകൂടി അദ്ദേഹം പറഞ്ഞുവയ്ക്കുകയുണ്ടായി നാടകത്തിലേ രസാസ്വാദം ശരിക്കുള്ളുവെന്നു്. എന്തുകൊണ്ടു്? നാടകത്തിലെ കാവ്യവസ്തുവായിട്ടുള്ള ജീവിതം—പ്രത്യക്ഷവത് ആയി—നമ്മുടെ കൺമുമ്പിൽ കാണുന്നമാതിരി നമുക്കു കാണാൻ കഴിയുന്നുള്ളുവെന്നു്. അതായതു് ജീവിതത്തിന്റെ എല്ലാ വസ്തുതകളും അതേ രൂപത്തിൽ സ്റ്റേജിൽ കാണുക. ആ കാണുക എന്നുള്ള ഒരൊറ്റകാര്യംകൊണ്ടു് ജീവിതത്തെ സമ്പൂർണ്ണമായി മനസ്സിൽ സങ്കല്പിക്കാനും സ്വരൂപിക്കാനും അതിൽ തന്മയീഭവിക്കാനും ഉള്ള സാദ്ധ്യത പ്രേക്ഷകനുണ്ടാകുന്നതുകൊണ്ടാണു് അഭിനവഭാരതിയിൽ പറഞ്ഞുവച്ചതു്, രസാസ്വാദം രസാസ്വാദം എന്നതു് രംഗത്തവതരിപ്പിക്കുന്ന ജീവിതംകൊണ്ടാണെന്നു്. അങ്ങിനെയല്ലാ കാവ്യത്തിനാണു് രസാനുഭൂതി വേണ്ടതെങ്കിൽ രംഗത്തവതരിപ്പിച്ച ജീവിതം പ്രത്യക്ഷവത് ആകുന്നതുപോലെ ആ പ്രത്യക്ഷമാകുന്ന അംശം ശ്രവ്യകാവ്യങ്ങളിലും അനുഭവപ്പെടുത്താൻ ഈ വിദഗ്ദ്ധനായ കവിക്കും എഴുത്തുകാരനും സാധിക്കണം. നാടകത്തിൽ ഉണ്ടാകുന്ന അതേ അനുഭൂതി, അതേ രസാസ്വാദം ആ ഒരു ശ്രവ്യകാവ്യം വായിച്ചിട്ടുള്ള ഒരനുവാചകനു്, ഒരു സഹൃദയനു് ഉണ്ടാകണമെങ്കിൽ പ്രേക്ഷകനു് പ്രത്യക്ഷമായി കാണുന്നതുപോലെ ഈ കാവ്യം വായിക്കുമ്പോഴും കാണാറാകണം. അങ്ങിനെ കാണുന്ന അവസ്ഥയിൽ കഥ

യെ അവതരിപ്പിക്കുക, കഥാപാത്രത്തെ അവതരിപ്പിക്കുക, മനോവാക് കർമ്മങ്ങളെ പ്രതിപാദിക്കുക, ഇതൊക്കെ ചെയ്തിട്ടുള്ള ഒരു ജീവിതശില്പമാകണം കാവ്യം എന്നർത്ഥം. അപ്പോൾ ജീവിതശില്പമില്ലാതെ കാവ്യമില്ല; കാവ്യസാഹിത്യവുമില്ല; അതാണു സത്യം. ജീവിതശില്പത്തിന്റെ സിന്തസിസ്, ആ സിന്തസിസ്സിന്മേലാണ് ആ കൃതിയുടെ വിജയം സ്ഥിതിചെയ്യുന്നതെന്ന് സർവ്വസമ്മതം. ഈ സിന്തിസിസ്സിനെയാണ് പൌരസ്ത്യാലങ്കാരികന്മാർ "ഔചിത്യം" എന്നു പറഞ്ഞുവെച്ചത്.

അനൗചിത്യാദൃതേനാന്യത്
രസഭംഗസ്യ കാരണം

എന്നാണവർ പറഞ്ഞത്.

## ഔചിത്യത്തിന്റെ പ്രാധാന്യം

എല്ലാം പരിഗണിച്ചതിനുശേഷം പറയുന്നത് പദങ്ങൾക്ക്, വാക്യങ്ങൾക്ക്, അതിലടങ്ങിയ കാര്യങ്ങൾക്ക്, കഥാപാത്രങ്ങൾക്ക്, അവരുടെ കർമ്മങ്ങൾക്ക്, അവരുടെ വികാരങ്ങൾക്ക്, എല്ലാററിനും ഔചിത്യം ദീക്ഷിക്കണം. ആ ഔചിത്യം ദീക്ഷിക്കുന്നതെങ്ങിനെ? അവനവന്റെ കാലത്തെ ജീവിതത്തെ സൂക്ഷ്മമായി നോക്കിക്കണ്ട് ജീവിതത്തിൽനിന്ന് ഒരു സംസ്കാരം സംഭരിച്ച്, ആ സംസ്കാരത്തിന്റെ വെളിച്ചത്തിൽ തന്റെ ജീവിതശില്പം പണിതുകെട്ടുമ്പോൾ അതിലൗചിത്യ ഭംഗമില്ലാതെ സൂക്ഷിക്കാൻകഴിയണം. അങ്ങിനെ ഔചിത്യഭംഗമില്ലാതെ ജീവിതശില്പം നിർമ്മിക്കുന്നവരെയാണ് കവികൾ, കാവ്യകാരന്മാർ, തനിസാഹിത്യകാരന്മാർ എന്നൊക്കെ കരുതുന്നത്. ഇവരുടെ കൃതികളെ അടിസ്ഥാനപ്പെടുത്തി വിമർശിക്കുന്ന ആളുകളാണ് സാഹിത്യവിമർശകന്മാർ. അതായത് അഷ്ടാംഗഹൃദയത്തെ വിമർശിക്കുന്നവരല്ല, അനുഗ്രഹമീമാംസയെപ്പററി വിമർശിക്കുന്ന ആളല്ല സാഹിത്യവിമർശകൻ. സാഹിത്യവിമർശകന്റെ പണിയെന്താണ്? ജീവിതശില്പങ്ങളവതരിപ്പിച്ചിട്ടുള്ള കവികളേയും കാവ്യകാരന്മാരേയും അവരുടെ

കൃതികളെ അടിസ്ഥാനപ്പെടുത്തി അതു് പശ്ചാത്തലമാക്കി അതിനെ അടിസ്ഥാനപ്പെടുത്തിയിട്ടു് കവിക്കുള്ള അനുഭൂതികളെ യുക്തിവിചാരം ചെയ്തു് ഒരു സിന്തസിസ്സിൽ കൊണ്ടുവന്നു ഘടിപ്പിച്ചു അനൗചിത്യപരിഹാരമൊക്കെ ചെയ്തു് അവതരിപ്പിക്കുമ്പോഴാണു് വിമർശനമാവുക. അതിൻെറ സാങ്കേതികവശങ്ങളെപ്പററി അധികം പറഞ്ഞാൽ എ. ബാലകൃഷ്ണപിള്ളയുടെ വിമർശനംപോലെ ടെക്നീഷ്യൻെറ വിമർശനമായിപ്പോയെന്നുവരാം. ഏതു ഭാഗത്തിലാണു് അധികം ഊന്നുന്നതെന്നുവച്ചാൽ അതനുസരിച്ചു് ചുവടു മാറിമാറി പറയേണ്ടതായി വന്നേക്കാം. പക്ഷെ സാഹിത്യനിരൂപകൻ നിർമ്മാണാത്മകമാണു് കല എന്നു പറയുന്നേടത്തു നാം നിൽക്കുന്നുവെങ്കിൽ ആ സാഹിത്യനിരൂപകൻ ഇതായിരിക്കാം.

അതിലവൻെറ അഭിപ്രായം പറയുക എന്നുപറയുമ്പോൾ എന്താണു് അവൻെറ അഭിപ്രായത്തിനിത്ര വില? വിലയെന്താണെന്നുവച്ചാൽ കവി അവതരിപ്പിച്ചിട്ടുള്ള ജീവിതശില്പത്തിൽ സംഭരിക്കപ്പെട്ടിട്ടുള്ള അനുഭൂതികളെ എന്തെല്ലാമാണോ ആ സംസ്കാരിക സിദ്ധികളെയും ആ ജീവിതാനുഭൂതികളെയും ശരിയായി ആസ്വദിക്കാൻ പാകത്തിലുള്ള സാംസ്കാരിക സിദ്ധികളും അനുഭൂതികളും ഈ വിമർശകനാകാൻ പോകുന്നവനു് പണ്ടേ സഞ്ചയിക്കാൻ കഴിയണം. അവൻെറ സഞ്ചിതസംസ്കാരത്തിൻെറ ഉരകല്ലിൽ വേണം ഈ കൃതിയിലവതരിപ്പിക്കപ്പെട്ടിട്ടുള്ള ജീവിതത്തെ ഉരച്ചുനോക്കുവാൻ. അങ്ങനെ ഉരച്ചുനോക്കുമ്പോൾ ജീവിതസംബന്ധികളായിട്ടുള്ള കാര്യങ്ങളായിരിക്കും അവക്കു പറയാനുണ്ടായിരിക്കുക. അതു് അങ്ങനെ പറഞ്ഞുവരുമ്പോൾ അതു് വികാരത്തെ സ്പർശിക്കുന്നതായിരിക്കും. അതു് ഹൃദയസംവാദക്ഷമമായിത്തീരും? "അപ്പോള തിൽ കലാസൗഭഗമുണ്ടായിത്തീരുകയും ചെയ്യും. നിരൂപകൻ രണ്ടാംകിടക്കാരനാ

(ശേഷം 23-ാം പേജിൽ)

# ഒരു വിഡ്ഢി

ചെക്കോവ്

ഏതാനും ദിവസങ്ങൾക്ക മുമ്പ്, എന്റെ കുഞ്ഞുങ്ങളുടെ മേൽനോട്ടക്കാരി ജൂലിയാവാസ്സിലിയ്‌വ്‌നായോട് എന്റെ പഠനമുറിയിലേയ്ക്കു വരാൻ പറഞ്ഞു.

“ജൂലിയ വാസ്സിലിയ്‌വ്‌നാ, ഇരിക്കൂ!” ഞാൻപറഞ്ഞു. നമുക്ക്, നമ്മുടെകണക്കെല്ലാം ഒന്നുനോക്കിത്തീർക്കാം. നിങ്ങൾക്ക് പണത്തിന് എത്രതന്നെ ആവശ്യം നേരിട്ടാലും, നിങ്ങളുണ്ടല്ലോ അന്തസ്സും ആചാരവും കാണിച്ചുനിന്നുകളയും. ഒരിക്കലും നിങ്ങൾ സ്വയം പണം ആവശ്യപ്പെടുകയില്ല. അപ്പോൾ, നാം സമ്മതിച്ചിരുന്നതു്, പ്രതിമാസം മുപ്പതു റൂബിൾസ്……”

“നാല്പതു്”

“അല്ല, മുപ്പതു്. ഞാനതുരേഖപ്പെടുത്തിയിട്ടുണ്ടു്. ഞാൻ എപ്പോഴും ധാത്രിക്കുമുപ്പതുവീതമാണു കൊടുക്കാറു്. അപ്പോൾ, നിങ്ങളിവിടെ ജോലിയിൽ പ്രവേശിച്ചിട്ടു് രണ്ടുമാസം. അതുകൊണ്ടു്…”

“രണ്ടുമാസവും അഞ്ചുദിവസവും.”

“ശരിക്കും രണ്ടുമാസം. ഞാനതു പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ടു്. അങ്ങനെ നിങ്ങൾക്ക് അറുപതുറൂബിൾസ് വരും. ഒമ്പതു ഞായറാഴ്ചകൾ കുറയ്ക്കുക…… നിങ്ങൾക്കറിയാമല്ലോ, ഞായറാഴ്ച നാളുകളിൽ നിങ്ങൾ കോളിയോടൊപ്പം ഒന്നും ചെയ്യുന്നില്ലെന്ന്; നടക്കാൻ മാത്രമേപോകൂ. പിന്നെ മൂന്നു് ഒഴിവുദിവസങ്ങളും……”

ജൂലിയാ വാസ്സിലിയ്‌വ്‌നായുടെ മുഖം ചുവന്നുതുടുത്തു.

അവർ ഉടുപ്പിന്റെ അററത്തു പിടിച്ചു ഞെരുടി. ഒരക്ഷരം ഉരിയാടിയില്ല.

“മൂന്നു അവധിദിനങ്ങൾ അതുകൊണ്ടു പന്ത്രണ്ടു റൂബിൾസ് കുറക്കണം. നാലു ദിവസം കോളിയായിക്ക് സുഖമില്ലായിരുന്നു, അന്നു പാഠങ്ങൾ ഒന്നും എടുത്തില്ല. നിങ്ങൾക്ക്, അന്നു പാനിയായെമാത്രമേ നോക്കേണ്ടതുണ്ടായിരുന്നുള്ളു. നിങ്ങൾക്ക പല്ലുവേദനയായിരുന്നു മൂന്നുദിവസം. അതുകൊണ്ട്, ഉച്ചഭക്ഷണത്തിനുശേഷം ജോലിചെയ്യേണ്ടെന്ന് എന്റെ ഭാര്യസമ്മതിച്ചിരുന്നു. അപ്പോൾ, പന്ത്രണ്ടും ഏഴും...... അതെ, പത്തൊൻപത്... കുറയ്ക്കു്... ബാക്കി...ഓ... നാല്പൊത്തിയൊന്നു റൂബിൾസ്...ശരിയല്ലേ?”

ജൂലിയാ വാസ്സിലിയ്‌വ്നായുടെ ഇടതുകണ്ണ് തെല്ലൊന്നു ചുവന്നു, കണ്ണുനീരും പൊടിച്ചു. അവരുടെ അധരങ്ങൾ വിറകൊണ്ടു. അവൾ അധൈര്യയായി ചുമച്ചു, മൂക്ക പിഴിഞ്ഞു—ഒരു ഒററ വാക്ക മിണ്ടിയില്ല.

പുതുവർഷാരംഭത്തോടടുത്ത് നിങ്ങൾ ഒരു ചായക്കപ്പും സോസ്സറും ഉടച്ചുകളഞ്ഞു. രണ്ടു റൂബിൾസ് കുറച്ചേ! കപ്പിനു് അതിൽകൂടുതൽ വിലയുണ്ടു്. അതു് അത്രസുന്ദരമായിരുന്നു —പോട്ടെ! എന്നിയ്യെന്താണു് നഷ്ടമുണ്ടാകാഞ്ഞതു്? പിന്നെ നിങ്ങളുടെ ആ അവഗണന കാരണം കോളിയാ ഒരു വൃക്ഷത്തിൽകയറി, അവന്റെ കുപ്പായം കുത്തിക്കീറിക്കളഞ്ഞു. പത്തെണ്ണുംകൂടി കുറയ്ക്കു്. വീണ്ടും നിങ്ങളുടെ അശ്രദ്ധകാരണം വാനിയായുടെഷൂസ് ആരോ മോഷ്ടിച്ചുകൊണ്ടുപോയി. എല്ലാം നിങ്ങൾ സൂക്ഷിക്കേണ്ടതാണ്! നിങ്ങൾക്കതിനു കൂലികിട്ടുന്നു അതുകൊണ്ട് അഞ്ചു റൂബിൾസ് കൂടികുറഞ്ഞു. ജനു: പത്താം തീയതി നിങ്ങൾക്ക ഞാൻ പത്തു റൂബിൾസ് തന്നു......”

“നിങ്ങൾ തന്നില്ല,” ജൂലിയാ വാസ്സിലിയ്‌വ്നാ മന്ത്രിച്ചു.

“എന്നാൽ, ഞാനതു കുറിച്ചുവച്ചിട്ടുണ്ടു്.”

"നന്നായി......കൊള്ളാം. ......"

'നാല്പത്തൊന്നിൽ നിന്നും ഇരുപത്തിഎഴ് കുറയ്ക്കു്.... ബാക്കി പതിനാല്.'

അവളുടെ ഇരുകണ്ണുകളും അശ്രുപൂർണ്ണങ്ങളായി. വണ്ണം കുറഞ്ഞു ഭംഗിയുള്ള ആ ചെറിയ മൂക്കിന്റെ അററത്തു വിയർപ്പും പൊടിച്ചു. പാവം പിടിച്ച പെൺകുട്ടി!

"ഒക്കൽ മാത്രമേ എനിക്കു പണം തന്നിട്ടുള്ളു" ഇടറിയ സ്വരത്തിൽ അവൾ പറഞ്ഞു. അങ്ങയുടെ ഭാര്യയാണ് അതും തന്നതു്. മൂന്നേ മൂന്നു റൂബിൾസ് മാത്രം"!

"വാസ്തവമോ? ഞാനതു കുറിച്ചിട്ടില്ല! ങ്ങാ! പതിനാലിൽ നിന്നും മൂന്നുകുടികുറയ്ക്കു്..... ശേഷം പതിനൊന്നു് ഇതാ എന്റെ കുഞ്ഞേ നിന്റെ പണം. മൂന്നു്, മൂന്നു്, മൂന്നു, ഒന്നു്, ഒന്നു! ഇതേ, എടുത്തോളു!"

അവളുടെ കയ്യിൽ ഞാൻ പതിനൊന്നു റൂബിൾസ് കൊടുത്തു. അവൾ അതു വാങ്ങി; വിറയാന്ന വിരലുകളോട് പോക്കററിൽ തിരുകിവച്ചു.

'കരുണ,' അവൾ മന്ത്രിച്ചു.

ഞാൻ ചാടി എഴുന്നേററ് മുറിയിൽ അങ്ങോട്ടു മിങ്ങോട്ടും നടക്കാൻ തുടങ്ങി. ഞാൻ ദേഷ്യംകൊണ്ടു തുള്ളുകയായിരുന്നു.

"എന്തിനാണ് ഈ...ഈ ...'കരുണ'?" ഞാൻ ചോദിച്ചു. "ഈ പണത്തിനു്."

"ഉവ്വു്; നീ അറിയുന്നുണ്ടോ, ഞാൻ നിന്നെ കളിപ്പിച്ചെന്നു്? ദൈവത്തെക്കരുതി—ഞാൻ നിന്നെ കൊള്ളയടിച്ചിരിക്കുന്നു! സത്യത്തിൽ, ഞാൻ നിങ്ങളിൽ നിന്നും കത്തിക്കവന്നിരിക്കയാണ്! എന്തു്? എന്തിനാണ് ഈ 'കരുണ'?"

"ഞാൻ ജോലിചെയ്യിട്ടുള്ള മററു വീട്ടുകളിൽ, അവർ ഒന്നുംതന്നെ എനിക്കു തന്നിട്ടില്ല."

"അവർ നിങ്ങൾക്കു് ഒന്നും തന്നില്ലെ? ഒട്ടും അതിശയിക്കാനില്ല! നിങ്ങളെ ഞാൻ അല്പമൊന്നുകളിയാക്കി! അതേ, ഒ ക്രൂരമായവി

വിനോദം! നിങ്ങളെ ഒരു പാഠം പഠിപ്പിക്കാൻവേണ്ടി മാത്രം!.... ഞാൻ നിങ്ങൾക്കു മുഴുവൻ തുകയും, എൺപതു റൂബിൾസും തരാൻ പോവുകയാണ് ഇദേ, അവ മുഴുവനും ഒരു കവറിലാക്കി ശരിക്കു് വച്ചിരിക്കുന്നു...... എന്തു് ഇങ്ങനെ നട്ടെല്ലില്ലാതാകുകയെന്നതു് സാദ്ധ്യമാണോ? എന്തുകൊണ്ടു് നിങ്ങൾ എതൃക്കുന്നില്ല? എന്തേ നിങ്ങൾ നാവനക്കാത്തതു്? ഈ ലോകത്തിൽ പല്ലും നഖങ്ങളും കൂടാതെ കഴിയാനൊക്കുമോ?... അതേ, വെറും ഒരു വിഡ്ഢിയായിട്ടു്!"

അവൾ വിലക്ഷണമായി പുഞ്ചിരിച്ചു. ആ മുഖഭാവത്തിൽ നിന്നും "അതു സാദ്ധ്യമാണ്" എന്നു ഞാൻ വായിച്ചു.

ആ ക്രൂരമായ പാഠത്തിനു് ഞാൻ അവളോടുമാപ്പുചോദിച്ചു. എൺപതു റൂബിൾസു് ഞാനവൾക്കു നൽകി. അവൾ ആകെ ആശ്ചര്യസ്തബ്ധയായിപോയി. പലവുരു. അവൾ, അവളുടെ ആ ചെറിയ 'കരുണ' പിറുപിറുത്തുകൊണ്ടു വെളിയിലേക്കിറങ്ങി. അവൾപോയവഴിയേ നോക്കിനിന്നു് ഞാൻ ആലോചിച്ചു. "ഈ ലോകത്തിൽ, പാവപ്പെട്ട അശക്തരായവരെ ഞെരിച്ചമർത്താൻ എത്ര എളുപ്പമാണു്?"

വിവ: കെ. ശാന്ത


സുഖകരമായ ഭക്ഷണപാനീയങ്ങൾക്കും താമസസൗകര്യത്തിനും

**ഭഗവതിവിലാസം**

**ബോർഡിംഗ് & ലോഡ്ജിംഗ്**

**കായംകുളം.**

# ഭഗവദ്ഗീത

## -ചരിത്രപരമായ ഒരു പഠനം

ഡി. ഡി. കോസാംബി

(തുടർച്ച)

### ഗീത ഇന്ന്

സംസ്കൃതത്തിലല്ലാതെ, പ്രാദേശികഭാഷയിൽ ഗീതയെക്കുറിച്ചെഴുതണമെന്ന് "ജ്ഞാനേശ്വരൻ" എടുത്ത സുപ്രധാന തീരുമാനത്തിനടിസ്ഥാനമെന്തായിരുന്നു എന്ന് വിചിന്തനം ചെയ്യാൻ ഇവിടെ നമുക്കു കഴിയില്ല. ജ്ഞാനേശ്വരി ഭാഷ്യത്തിനുശേഷം ഒരു രണ്ടു കൊല്ലക്കാലത്തിനിടയ്ക്ക് അല്ലാവുദീൻ കിൽജി യാദവരാജാവിനെ പരാജയപ്പെടുത്തുകയും, ഒരു ഭാരിച്ച കപ്പം ചുമത്തുകയും ചെയ്തതോടെ മുഖ്യ സാമൂഹ്യപ്രശ്നത്തിന് ഒരു പുതിയ അടിസ്ഥാനമുണ്ടായി. ഇതിന്റെ ഫലമായി, കുറെക്കൂടി കാര്യക്ഷമമായ രീതിയിൽ നികുതി പിരിയ്ക്കേണ്ടതിന്റെ ആവശ്യം വർദ്ധിച്ചു. അതിന്റെ അർത്ഥം നാട്ടുവാഴിത്തം കുറേക്കൂടി ശക്തിമത്താകുക എന്നതായിരുന്നു. കപ്പം യഥാർത്ഥത്തിൽ കൊടുത്താലും ഇല്ലെങ്കിലും, കപ്പത്തിനു വിധേയമല്ലായിരുന്ന പ്രദേശങ്ങളിൽ പോലും നികുതി ചുമത്തലും, പിരിവും ക്രമാനുഗതമായി വർദ്ധിക്കുകയാണുണ്ടായത്. മിച്ചം ശേഖരിച്ചുവന്ന വർഗ്ഗം, കൂടുതൽ കൂടുതൽ പങ്ക് സ്വായത്തമാക്കാൻ തുടങ്ങി. അതിന്റെ ഫലമായി നാട്ടുവാഴിത്ത സമ്പ്രദായം കാർഷികോല്പാദനത്തെ ഉത്തേജിപ്പിച്ചുവന്നു. ആദ്യകാലഘട്ടത്തിൽ മാത്രമേ ഭരണകൂടത്തിന്റെ ആവ

ശ്യങ്ങൾ തൃപ്തിപ്പെടുത്താൻ കഴിഞ്ഞുള്ളു. അതിൽ പിന്നീട്, കുഴപ്പം വീണ്ടും മൂർച്ഛിച്ചു. ആ കുഴപ്പം പരിഹരിക്കപ്പെട്ടതു് തികച്ചും വ്യത്യസ്തമായ ഉല്പാദനക്രമം—ബൂർഷ്വാ മുതലാളിത്ത രീതിയിലുള്ള ഉല്പാദനക്രമം—ഏർപ്പെടുത്തിയ ഒരു വിദേശമേധാവി വന്നതോടെയാണു്. ആധുനികസ്വാതന്ത്ര്യപ്രസ്ഥാനം ഉല്പാദനക്രമത്തെ വെല്ലുവിളിച്ചില്ല. പുതുതായി വളൻവന്ന ഇൻഡ്യൻ ബൂർഷ്വാസിയെ അധികാരത്തിലേറ്റണമെന്നു മാത്രമേ അതാവശ്യപ്പെട്ടുള്ളു.

ഇതിൽനിന്നും അനുമാനിക്കാവുന്നതു് ഗീതയ്ക്കൊരു പുതിയ വ്യാഖ്യാനമുണ്ടായതുകൊണ്ടു്, ഇന്നൊന്നും നേടാനില്ലെന്നാണു്. വിശ്രമവേളയിൽ ആക്കെങ്കിലും വേണമെങ്കിൽ മൂലഗ്രന്ഥം തന്നെ വായിച്ചാസ്വദിക്കാം—അവനവന്റെ സഹൃദയത്വത്തിനനുയോജ്യമായി ഒരു സാഹിതീസപര്യ എന്ന നിലയ്ക്കുമാത്രം ആസ്വദിക്കാം. അതിൽ എന്തെങ്കിലും പുതുതായി ഒരു സാമൂഹ്യ വ്യാഖ്യാനം കണ്ടെത്തുന്നതു് വളരെ എളുപ്പമാണു്. (വിരുദ്ധങ്ങളായ പല ആശയങ്ങളും അതിൽ കൂട്ടിച്ചേർക്കപ്പെട്ടിട്ടുണ്ടല്ലോ) എന്നാൽ അങ്ങനെ ചെയ്യുന്നതു് വ്യർത്ഥവും അതേസമയം അപകടകരവുമായിരിക്കും. വ്യർത്ഥമാണെന്നു പറഞ്ഞതിന്റെ കാരണം, ബൂർഷ്വാ-മുതലാളിത്ത സമുദായത്തിന്റെയോ, മറ്റേതെങ്കിലും വർഗ്ഗ-സമൂഹത്തിന്റെയോ ആന്തരിക വൈരുദ്ധ്യങ്ങൾ ലോകാടിസ്ഥാനത്തിൽ പരിഹരിക്കപ്പെടുക എന്നതു് സാദ്ധ്യമല്ലാതായി തീർന്നിട്ടുണ്ടെന്നതുകൊണ്ടാണു്. ഇന്ത്യയിൽ ഈ വ്യവസ്ഥിതി കുറേ നാളത്തേയ്ക്കു പ്രവർത്തിച്ചേക്കാം. പക്ഷെ വളരെക്കാലത്തേക്കോ, നല്ല രീതിയിലോ അതു് പ്രവർത്തിക്കുകയില്ല. നാട്ടുവാഴിത്ത തത്വചിന്തയുടെ അടിസ്ഥാനത്തിൽ അതിനെ ന്യായീകരിക്കുകയോ ഖണ്ഡിക്കുകയോ ചെയ്യുന്നതിലർത്ഥമൊന്നുമില്ല. ഭാവി, ഒരു വർഗ്ഗ-രഹിത സമുദായത്തിന്റെ

(ശേഷം 27–ാം പേജിൽ)

(16-ാം പേജിൽനിന്നു് തുടർച്ച)

തായിരിക്കമെന്നുള്ളതിൽ ണോ? ഈ പുസ്തകമെഴുതിയ ആൾ എന്താണുചെയ്തതു്? ഈ പുസ്തകം എഴുതിയ ആൾ സ്വർഗ്ഗത്തിൽ നിന്നും പൊട്ടിവീണിട്ടുള്ള ആളല്ല. അയാൾക്കും കുറേ അനുഭൂതികളുണ്ടായിരിക്കാം. അതൊക്കെ വച്ചു് അയാൾ ഒന്നാംതരം ഒരു ജീവിതമാതൃക സൃഷ്ടിക്കുന്നു. തകഴി കുട്ടനാട്ടിലെ ജീവിതത്തിൽ നിന്നു് ഒരു ജീവിതമാതൃക സങ്കല്പിച്ചു് അതിനു രൂപം കൊടുത്തപ്പോൾ "രണ്ടിടങ്ങഴി" എന്നുള്ളൊരു കൃതി നമുക്കു കിട്ടി. അപ്പോൾ അയാളുടെ അനുഭവങ്ങളുടെ വെളിപ്പത്തിൽ സ്വാഭിപ്രായം ഇണക്കിക്കൊണ്ടുള്ള മാതൃകയെ നമുക്കു തരികയാണു്, നിരൂപകനും ചെയ്യേണ്ടതു് അതുതന്നെ, പക്ഷെ ഒന്നുണ്ടു്. സ്വന്തം ജീവിതാനുഭൂതിയോടുകൂടി! ഇതാ മറ്റൊരാളുടെ ജിവിതാനുഭവങ്ങളെ ഒരു ശില്പത്തിലൂടെ കയ്യിൽ കിട്ടിയ നിരൂപകൻ ആ അനുഭൂതികളെ തന്റെ അനുഭൂതികളുമായി തട്ടിച്ചുനോക്കി തന്നിക്കുള്ള പ്രതികരണങ്ങൾക്കു് യുക്തിവിചാരത്തിന്റെ കീഴിൽ ചില രംഗങ്ങളൊക്കെയുണ്ടാക്കി ഒരു സിന്തസിസ്സിൽ ആക്കി അവതരിപ്പിക്കാൻ കഴിയുമ്പോൾ അതും വായിക്കാൻ കൊള്ളാം. അതും രസിക്കാൻ കൊള്ളാം. അപ്പോഴാണു് നിർമ്മാണാത്മകമായ നിരൂപണമുണ്ടാവുക. നിരൂപകനു്, നിരൂപകവിഷയമായ കൃതി വ്യാജം മാത്രമാണു്. തത് വ്യാജേന എന്നു ഞാൻ പറയും. ഒരുത്തമകൃതി വായിച്ചിട്ടുണ്ടായിട്ടുള്ള പ്രതികരണങ്ങളെ പിടിച്ചുകൊണ്ടു്, നിർമ്മാണാത്മകശൈലിയിൽ നിരൂപണമെഴുതിയ ഒരാൾക്കു് ആ പുസ്തകത്തിലെ കാര്യം മാത്രമല്ല പറയാനുണ്ടാവുക.

## ഇന്നു് എവിടെ നില്ക്കുന്നു?

ഞാനിപ്പോൾ നില്ക്കുന്നതു് എവിടെയാണെന്നു വച്ചാൽ സാഹിത്യത്തിൽ പലപല മാതൃകളുടെക്കൂട്ടത്തിൽ നിരൂപണവും ഒരു കലാമാതൃകയാണെന്നുള്ളതിൽത

ന്നു. പക്ഷെ അതു ജാംബവാന്റെ കാലത്തുണ്ടായതല്ല. ഈയിടെ മാത്രമേ ആ രൂപത്തിലെത്തിയിട്ടുള്ളു. യൂറോപ്പിൽ എഴുതിയെഴുതി നോവലിസ്റ്റുകൾതന്നെ നിരൂപകന്മാരായിട്ടുണ്ടു്. അവർ എഴുതിയിട്ടുള്ളതു് സമകാലികജീവിതത്തിലെ പ്രശ്നങ്ങളുടെ ഒരു നിരൂപണമായി തീർന്നിരിക്കുന്നുവെന്നർത്ഥം.

നൂററാണ്ടുകൾ കഴിയുന്തോറും മനുഷ്യൻ അപ്രാപ്തനാവസ്ഥയിൽനിന്നു പുരോഗമിച്ചു നവീനമായ, സാംസ്കാരികമായ, സിദ്ധി സംഭരിച്ചു വളർന്നുകൊണ്ടിരിക്കുകയാണു്. ആ സാംസ്കാരികസിദ്ധികളുടെ വെളിച്ചത്തിൽ എത്രയോ പ്രശ്നങ്ങൾ അയാൾക്കു കൈകാര്യം ചെയ്യാനുണ്ടാവും. അങ്ങിനെ വരുമ്പോൾ ഒരു നോവലിന്റെ കാൻവാസ്സിൽതന്നെ ഇതെല്ലാം പിടിച്ചൊതുക്കാൻ സാധിച്ചില്ലെന്നു് വരും.

അങ്ങനെ കണക്കാക്കിയാൽ സാഹിത്യത്തിലെ പലപല മാതൃകകളിൽ ഒരു പുതിയ മാതൃക, അതാണു് സൃഷ്ടിപരമായ നിരൂപണം. ഇന്നുകാലത്തു് ശ്രീ പനമ്പിള്ളി പ്രസ്താവിച്ചതും അതാണു്. ഈ ക്രിയേററീവു് ക്രിട്ടിസിസം എന്നു പറയാനെളുപ്പമാണു്. പക്ഷെ ക്രിയേററീവു് എന്നതിലടങ്ങിയിട്ടുള്ളതു് ഇത്രയും കാര്യങ്ങളാണു്. അത്രയും കാര്യങ്ങൾ കൊള്ളിച്ചേ ക്രിയേററീവു ക്രിട്ടിസിസമാവുകയുള്ളു. ഇങ്ങനെ പറയുമ്പോൾ ശ്രീ എം. എസ്സ്. ദേവദാസ് അവതരിപ്പിച്ച ഒരു പ്രശ്നങ്ങളിലൊന്നിലേക്കു് ഇനി വിരൽചൂണ്ടേണ്ടതായി വരികയാണു്. ഈ ബഹുജനങ്ങളാണോ കൃതികൾക്കു വിലയിരുത്തേണ്ടതു് അതോ വിദഗ്ധന്മാരോ? ഈ ഒരു ചോദ്യം അദ്ദേഹം ഉന്നയിച്ചു. പണ്ടുന്നയിച്ച ചോദ്യങ്ങളിലൊന്നാണിതെന്നു് അദ്ദേഹം പറയുകയും ചെയ്തു. അദ്ദേഹം വിദഗ്ധനാണോ വിലയിരുത്തേണ്ടതു് എന്നു ചോദിച്ചതു് നിരൂപകനെ ഉദ്ദേശിച്ചായിരിക്കും. പക്ഷെ നിരൂപകനവിടെയല്ല

നില്ക്കുന്നത്. അയാൾ വിദഗ്ദ്ധനല്ല. സാഹിത്യകാരന്മാരുടെ പല അലട്രോപ്പിക്ക മോഡിഫിക്കേഷൻസിൽ ഒരാളാണ് നിരൂപകൻ. അയാൾ നിരൂപണമെന്ന ടെക്നിക്ക് ഉപയോഗിക്കുന്നുവെന്നേയുള്ളൂ. അപ്പോഴയാളെ ഒരു വിദഗ്ദ്ധനായി കണക്കാക്കണമോ? ചോദിക്കേണ്ട കാര്യമാണ്. അയാളും ഒരു സാഹിത്യകാരൻ. കവിതയെഴുതുന്നയാളും സാഹിത്യകാരൻ. അങ്ങിനെ പലരും. ബഹുജനങ്ങൾ വിലയിരുത്തണമോ എന്നു ചോദിച്ചാലർത്ഥമെന്താണ്? വിദ്യാഭ്യാസം വർദ്ധിക്കുക, പ്രബുദ്ധത പരക്കുക, സാഹിത്യകൃതികൾ വായിച്ചാസ്വദിക്കാനുള്ള കഴിവു നാനാദിക്കിലും വളർന്നുവരിക ഇങ്ങിനെയൊക്കെയാവുമ്പോൾ എത്ര ഉൽകൃഷ്ടമായ കൃതിയും ആസ്വദിക്കാനുള്ള കഴിവു് ബഹുജനങ്ങൾക്കായിരിക്കും. ബഹുജനങ്ങളില്ലെങ്കിൽ ഈ രാജ്യത്ത് കവികളേയും സാഹിത്യകാരന്മാരേയുമൊക്കെ ആരാണ് നിലനിർത്തിയത്? നിരൂപകന്മാരാണോ? ആണൊന്ന് എനിക്കു തോന്നുന്നില്ല; ബഹുജനങ്ങളാണ്. ഒരമേരിക്കൻ നിരൂപകൻ ഈയിടെ പറയുകയുണ്ടായി, "ഒരു നിരൂപകൻ ആയുഷ്കാലം മുഴുവൻ ശ്രമിച്ചാലും ഒരാളെ, സാഹിത്യകാരനെ, അല്ലാതാക്കാൻ പററില്ല. അതുപോലെതന്നെ അയാൾ ആയുഷ്കാലം മുഴുവൻ ശ്രമിച്ചാലും സാഹിത്യകാരനല്ലാത്ത ഒരാളെ സാഹിത്യകാരനാക്കാൻ പററില്ല" എന്ന്. നിരൂപണമെഴുതിയാലും പുസ്തകാഭിപ്രായമെഴുതിയാലും ഒരെഴുത്തുകാരനുണ്ടാവില്ല.

പതിനഞ്ചുവരി കേകയോ വസന്തതിലകത്തിൽ ഇരുപത്തഞ്ചു ശ്ലോകങ്ങളോ എഴുതിയതുകൊണ്ടൊന്നും കാവ്യമാവില്ല. അപ്പോൾ ആ ഒരു അടിസ്ഥാനത്തിൽ കാവ്യങ്ങൾക്ക വിലയിരുത്തണമെന്ന് തെററായോ ശരിയായോ ധരിച്ചുവച്ചിട്ടുള്ള ഒരാളാണ ഞാൻ. അങ്ങനെയുള്ള ധാരണയിൽ നിരൂപകനെ ബഹുജനങ്ങളുടെ എതിരാളിയായിട്ടു നിറുത്താൻ തയ്യാറില്ല. അയാളും സാഹിത്യകാരന്മാരുടെ പ

ട്ടികയിൽ പെടണം. അയാൾക്കുമവിടെ നില്ക്കാം. തകഴിക്കു് "ഔസേപ്പിന്റെ മക്കളുടെ" ടെക്‌നിക്കാണുള്ളതു്. എനിക്കു 'മാനദണ്ഡ'ത്തിന്റെ ടെക്‌നിക്കാണുള്ളതു്. രണ്ടും വായിച്ചു മനസ്സിലാക്കുന്നവർ മനസ്സിലാക്കിക്കൊള്ളട്ടെ. അത്രയേ പറയാനുള്ളു. അല്ലാതെ മാനദണ്ഡം എഴുതിയിട്ടുള്ള മുണ്ടശ്ശേരി എന്ന ആൾ ബഹുജനങ്ങളുടെ വിധിയുടെ മുമ്പിൽ 'ഭിക്ഷാംദേഹി'യായി നിൽക്കാൻ തയ്യാറില്ല. ബഹുജനങ്ങൾ രസിച്ചു് ആസ്വദിച്ചു് അഭിനന്ദിച്ചു് നിലനിർത്തുന്ന സാഹിത്യകാരന്മാരേ സാഹിത്യകാരന്മാരാവുകയുള്ളു. ആ അഭിപ്രായം എനിക്കു സ്വീകാര്യമാണു്.

ഇതോടൊന്നിച്ചു തന്നെ ശ്രീ ദേവദാസ് പറയുകയുണ്ടായി ഞാൻ മഹാകവി വള്ളത്തോളിനേയും ജി. ശങ്കരക്കുറുപ്പിനേയും ഒന്നു കീഴ്പ്പോട്ടിറക്കി എന്നു്. അതും അത്ര ശരിയല്ല. മഹാകവി വള്ളത്തോളിനോടൊപ്പം എന്റെ സ്നേഹിതനായ ജി. ശങ്കരക്കുറുപ്പിനെ പരിഗണിക്കാൻ ഞാൻ തയ്യാറില്ല. അദ്ദേഹം പരിഗണിച്ചതു് ഒരു പ്രത്യേക അടിസ്ഥാനത്തിലായിരിക്കും. അതു തെററാണെന്നു ഞാൻ പറയുന്നില്ല. ഒരു പ്രത്യേക പരീക്ഷണത്തിൽ അവരെ ഒരുമിച്ചു പരിഗണിച്ചിട്ടുണ്ടാവാം. അതു ശരിയുമാവാം. പക്ഷെ ഞാൻ അവരെ രണ്ടുപേരെയും കാണുന്നതു് ആ അടിസ്ഥാനത്തിലല്ല. നേരേമറിച്ചു്, ജീവാനുഭൂതികളിലൂടെ ഈ രാജ്യത്തെ ജനങ്ങളോടു സംസാരിച്ച ഒരു എഴുത്തുകാരനാണു് വള്ളത്തോൾ. എനിക്കു പൂർണ്ണമായും ബോധമുണ്ടു്, പരിമിതമായ അനുഭവത്തിൽ നിന്നിട്ടാണെങ്കിലും, അദ്ദേഹം സാഹിത്യമഞ്ജരിയിലൂടെ ഈ രാജ്യത്തിനു നല്കിയ സംഭാവനകൾ തൊണ്ണൂറു ശതമാനവും ഈ രാജ്യത്തെ ജീവിതസ്പന്ദനങ്ങൾക്കു് ജീവൻ കൊടുത്തിട്ടുള്ളവയാണു്. ആ നിലയിൽ വള്ളത്തോളിനെ കാണുന്ന എനിക്കു് എന്റെ സ്നേഹിതൻ ശ്രീ ജി. ശങ്കരക്കുറുപ്പിനെ കാണാൻ പററില്ല. ഒരുപക്ഷെ ആ അടി

(22-ാം പേജിൽ നിന്നു തുടർച്ച)

തായിരിക്കുമെന്നുള്ളതിൽ സംശയമില്ല. മുൻകാലങ്ങളിലുണ്ടായിരുന്ന സാമൂഹ്യക്രമങ്ങളിലൊന്നുമായി അതിനെ അനുരഞ്ജിപ്പിക്കാവുന്നതുമല്ല. പുതിയ വ്യാഖ്യാനം കണ്ടെത്തുവാനുള്ള ശ്രമം അപകടകരമാണെന്ന് പറഞ്ഞതു്, അതിന്റെ ഫലമായി ഗീതയ്ക്കു അതിനർഹപ്പെടാത്ത ഒരു പ്രാമാണികത്വം കൊടുക്കാനും, ജീവൽപ്രശ്നങ്ങളിൽനിന്ന് ശ്രദ്ധ തിരിപ്പിയ്ക്കാൻവേണ്ടി അതിനെ ഉപയോഗിക്കാനും ഇടവരും എന്നുള്ളതുകൊണ്ടാണ്.

ആത്മീയനിലവാരത്തിൽ വ്യക്തികൾ സമുന്നത പ്രാപിയ്ക്കുക എന്നതു് ഓരോ വ്യക്തിയുടേയും ഭൗതികാവശ്യ

---

സ്ഥാനത്തിൽ വള്ളത്തോളിനെകാണുന്ന എനിക്ക് അദ്ദേഹത്തെ മഹാകവി കുമാരനാശാന്റെ അരികത്തു നിറുത്താൻ സാധിച്ചുവെന്നുവരും. ജീവിതത്തിന്റെ ഭാഷയിൽ സംസാരിച്ചവരാണവർ രണ്ടുപേരും. ഈ രാജ്യത്തെ ജീവിതത്തിന്റെ ഭാഷയിൽ സംസിരിക്കാൻ കൂട്ടാക്കാത്തവരെ ജീവിതത്തിന്റെ ഭാഷയിൽ സംസാരിച്ചു രാജ്യത്തെ ജനങ്ങളുടെ ഹൃദയസംവാദത്തെ പിടിച്ചടക്കിയിട്ടുള്ള മഹാരഥന്മാരുടെ അരികത്തുപോലും നിറുത്താൻ തയ്യാറാവരുതെന്ന് എനിക്കഭിപ്രായമുണ്ട്. ആരെയും കൂട്ടുപിടിച്ചു സാഹിത്യകാരന്മാരാകരുതു്. അവനവന്റെ ആത്മവിശ്വാസത്തിന്മേൽ അവനവന്റെ തന്റേടത്തിന്മേൽ അവനവനു് ഈ രാജ്യത്തോടു പറയാനുള്ള കാര്യങ്ങളുടെ വെളിച്ചത്തിൽ ഒരാൾ സാഹിത്യകാരനാവണം. അങ്ങിനെയുള്ള സാഹിത്യകാരന്മാർ കേരളത്തിൽ മേലിലുണ്ടാകട്ടെ, അങ്ങിനെയുള്ള സാഹിത്യകാരന്മാരെപ്പോലെ തന്നെ നിരൂപണത്തിന്റെ ടെക്നിക്കിലൂടെ ജീവിതത്തെക്കുറിച്ചു സംസാരിക്കാൻ പ്രാപ്തരായ നിരൂപകന്മാരും ഉണ്ടാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

(നവജീവനിൽ നിന്നു്)

ങ്ങൾ, അതായത് കാലത്തെ "സമൂഹം" എന്നതുകൊണ്ട് ഞാൻ അർത്ഥമാക്കുന്നത് ഭരിക്കുന്നവരെമാത്രമല്ലാ. ഭരണീയരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമൂഹമെന്നാണ്. ............ചില ഭൗതികാവശ്യങ്ങൾ സാധിതപ്രായമാകുന്നത് ദേഹത്തിന്റെ ആരോഗാവസ്ഥയ്ക്കെന്ന പോലെതന്നെ മനസ്സിന്റെ ആരോഗ്യത്തിനും ആവശ്യമാണെന്നാണ് ഞാനുദ്ദേശിക്കുന്നത്. എനിക്കുതോന്നുന്നത് ഇന്ത്യയുടെ "ആത്മീയ" പാരമ്പര്യത്തിൽ മററുപലതിനേയുംപോലെതന്നെ ഗീതയുടെ തത്വചിന്തയുടേയും അടിസ്ഥാനം, ആത്യന്തിക വിശകലനത്തിൽ, ഗണ്യമായ ഒരു വിഭാഗം ജനങ്ങളുടെ ഭൗതികാവശ്യങ്ങളെ തൃപ്തിപ്പെടുത്താനുള്ള കഴിവില്ലായ്മയാണെന്നാണ്. സമൂഹം ന്യായയുക്തമെന്ന് തീരുമാനിക്കുന്ന തോതിൽ സാധിപ്പിച്ചുകൊടുക്കുകയാണെങ്കിൽ കുറേക്കൂടി എളുപ്പമായിത്തീരും. സാമൂഹ്യദുരിതങ്ങളുടെ മൗലിക കാരണങ്ങൾ ഇന്നു മനുഷ്യദൃഷ്ടിക്കു അഗോചരമല്ലാ, അവയുടെ നിവാരണമാർഗ്ഗം സോഷ്യലിസമാണ്. ആധുനികശാസ്ത്രം, ആസൂത്രിത പരീക്ഷണങ്ങളിൽക്കൂടി കണ്ടെത്തിയിട്ടുള്ള നിഗമനങ്ങൾ—സമൂഹഘടനയിൽതന്നെ പരിവർത്തനം വരുത്താനായി പ്രയോഗിക്കുന്നതു വഴിക്കാണ് ഈ രോഗനിവാരണം സാദ്ധ്യമാകുന്നത്. ആധുനിക ഉല്പാദനക്രമത്തിന്റെ അടിത്തറ ശാസ്ത്രമാണ്. മനുഷ്യന്റെ ആവശ്യങ്ങൾ നിറവേററാൻ മററുഉല്പാദനോപകരണങ്ങളൊന്നും നമ്മുടെ ദൃഷ്ടിയിൽപ്പെടുന്നുമില്ല. കൂടാതെ ഉല്പാദനബന്ധങ്ങൾ അതിന് പ്രതിബന്ധമാകാതിരുന്നാൽ എല്ലാവർക്കും അവരുടെ ഭൗതികാവശ്യങ്ങൾ തീർച്ചയായും നിറവേററാൻ കഴിയുകയും ചെയ്യും. ഇന്ന് ലോകത്തിലേററവും ശക്തമായരാജ്യം ഏററവും ആധുനികമായ സാങ്കേതികമാർഗ്ഗങ്ങളുപയോഗിച്ച് ഭക്ഷണസാധനങ്ങൾ ഉല്പാദിപ്പിക്കുകയും, അതിന്ശേഷം സാധനവില താഴാതിരിക്കാൻവേണ്ടി ഉൽപ്പാദിത

# ഈ. വി. യും ഞാനും

## വരിക്കോലിൽ കേശവനുണ്ണിത്താൻ

സാഹിതീദേവിയാൽ സമനുഗ്രഹീതനും ഭാവനാസമ്പന്നനും ആയിരുന്ന ശ്രീ ഈ. വി. യ്ക്കു് ഫലിതസാഹിത്യസരണിയിൽ ആരെക്കാളും വളരെ മുമ്പോട്ടുപോകാൻ കഴിഞ്ഞു. അതിൽ അദ്ദേഹത്തെ സഹായിച്ചിട്ടുള്ള ഒരു ഉത്തമസുഹൃത്തായിരുന്ന ശ്രീ. കൊച്ചിക്കൽ ബാലകൃഷ്ണൻ തമ്പിയെ നു് ഈ. വി. തന്നെ ജീവിതസ്മരണയിൽ സമ്മതിച്ചിട്ടുമുണ്ടല്ലോ. മുഖത്തു യാതൊരു ഭാവഭേദവും വരാതെ ആരെയും ചിരിപ്പിക്കുന്ന സരസങ്ങളായ നേരംപോക്കുകൾ സന്ദർഭോചിതം പ്രയോഗിക്കാനുള്ള ചാതുര്യം ശ്രീ തമ്പിക്കുണ്ടു്. അതു് അദ്ദേഹത്തിന്റെ സ്വതസിദ്ധമായ ഒരു ഗുണവിശേഷവുമാണു്. അദ്ദേഹം ഒന്നും എഴുതിയിട്ടില്ല. അതൊരു മിനക്കെട്ട വേലയായിട്ടായിരിക്കാം അദ്ദേഹം കരുതിയിരുന്നതു്. എന്നാൽ എഴുതാനും പറയാനും ഒപ്പം കഴിവുള്ള ആളായിരുന്നു ഈ. വി. എങ്കിലും ഫലിതപ്രയോഗ പരീക്ഷ

---

സാധനങ്ങളെ നശിപ്പിക്കുകയും ചെയ്യുന്നതിൽ അഭിമാനം കൊള്ളുകയാണു്. ഇന്നു്, കൂറു് എന്തിനോടെങ്കിലും ഉണ്ടായിരിക്കണമെങ്കിൽ അതു് തത്വങ്ങളോടായിരിക്കണം— നേതാക്കളായ വ്യക്തികളോടല്ല. ശുദ്ധമായ ആദർശങ്ങളിൽനിന്നു്, യാഥാർത്ഥ്യങ്ങളിലൂടെ പരിശോധിക്കപ്പെട്ട യുക്തിവിചാരം, പ്രവർത്തനത്തിനുള്ള മാർഗ്ഗദർശനം നൽകും. ഫലപ്രദമായ പ്രവർത്തനം ഇല്ലാത്ത ഏതു് ശാസ്ത്രവും, കഴമ്പില്ലാത്തതായിരിക്കും.

[അവസാനിച്ചു]

യിൽ ഒന്നാംസമ്മാനത്തിനു് അർഹനായിത്തീരാനുള്ള ശേഷി തമ്പിക്കുതന്നെയാണെന്നു് ആരും സമ്മതിക്കും. അർത്ഥഗർഭങ്ങളായ ഫലിതങ്ങളല്ലാതെ യാതൊന്നും ശ്രീ. തമ്പിയുടെ ആവനാഴിയിൽ നിന്നും പുറപ്പെടാറില്ല. ചില ഭാവരസങ്ങൾ, ചില്ലറ ചില സൂചനകൾ, നേരം പോക്കു തുളുമ്പുന്ന ഒന്നോ രണ്ടോ വാക്കുകൾ, ഇങ്ങനെ പോകുന്ന അദ്ദേഹത്തിന്റെ ഫലിതപ്രയോഗ ചാതുരി. ഇതാണു് ഈ. വി. യുടെ ഭാവനയ്ക്കു പലപ്പോഴും ചിറകുമുളപ്പിച്ചിട്ടുള്ളതും. ഒരിക്കൽ സർ. സി. പി. യുടെ അദ്ധ്യക്ഷതയിൽ നടന്നുകൊണ്ടിരുന്ന നിയമസഭയിൽ അദ്ദേഹത്തിനു രസിക്കാത്ത ഏതോ നേരംപോക്കു പ്രസ്താവിച്ചു. ആ വാക്കുകൾ പിൻവലിക്കാൻ ഉത്തരക്ഷണത്തിൽ സി. പി. ആജ്ഞാപിച്ചു. ഫലിതരസം തുളുമ്പു



കാലത്തിന്റെ കഥാപ്രാസംഗിക
ആൾ ഇൻഡ്യാ റേഡിയോസ്റ്റാർ
എം. എസ്സ്. ചന്ദ്രവല്ലി
കളർകോട്ട്—ആലപ്പുഴ.

ന്ന തന്റെ ഭാഷാശൈലിയിൽ മന്ദഹാസത്തിന്റെ അകമ്പടിയോടെ അവ പിൻവലിച്ചു. മതിയായില്ല. സഗൗരവം പിൻവലിക്കാൻ വീണ്ടും ആജ്ഞാപിച്ചു. തമ്പിയാകട്ടെ, സുരസയുടെ മുമ്പിൽ പെട്ടെന്ന് തടിച്ചുയർന്ന ഹനുമാനെപ്പോലെ ആകപ്പാടെ ഒന്നു നീണ്ടുനിവർന്നു നിന്ന് കോട്ടിന്റെ രണ്ടു കൈകളുടേയും ചുളുക്കുകൾ നിവർത്തു് കണ്ണുരുട്ടി, മേൽമീശ തെറുത്തു് ഭയങ്കരഗൗരവഭാവം മുഖത്തു വരുത്തി, "ഞാൻ ആ വാക്കുകൾ ഗൗരവപൂർവ്വം പിൻവലിച്ചിരിക്കുന്നു" എന്നുച്ചത്തിൽ അലറി. സദസ്സു പൊട്ടിച്ചിരിച്ചുപോയി. മഹാഭയങ്കരനായ സി. പി. യുടെ മുഖം കുനിഞ്ഞു. ഉത്തരക്ഷണത്തിൽ മറ്റൊരാളെ ആ സ്ഥാനത്തിരുത്തിയിട്ട് അദ്ദേഹം ഹാൾ വിടുകയാണുണ്ടായതു്. ഇതുപോലെ ഔചിത്യമനുസരിച്ചും, ആലോചനാമൃതമായ വിധത്തിലുമായിരിക്കണം നേരമ്പോക്കുകൾ പ്രയോഗിക്കേണ്ടതു്. വല്ല വിഡ്ഢിത്തങ്ങളും പറഞ്ഞു് അതിലെങ്ങും ഒരു രസികത്തവുമില്ലെങ്കിൽതന്നെയും ഉണ്ടെന്നഭിമാനിച്ചു് അട്ടഹസിക്കാറുള്ള വങ്കന്മാർക്കൊക്കും വശപ്പെടാറുള്ള ഒന്നല്ല ഈ ഫലിതപ്രയോഗചാതുര്യം. അത്ര നല്ലവണ്ണം സിദ്ധിച്ചിരുന്നു ഈ. വി യ്ക്കു്. സാഹിത്യത്തിൽ മാത്രമല്ല നടപ്പിലും ഇരിപ്പിലും പ്രവർത്തികളിലുമെന്നല്ല ജീവിതംതന്നെ അദ്ദേഹത്തിനൊരു നേരമ്പോക്കായിരുന്നെന്നു വേണം വിചാരിക്കാൻ. വിവിധ ജാതി ജനങ്ങളുടേയും ഒരു സരസസ്നേഹിതനായി തീരാൻ അദ്ദേഹത്തിനു സാധിച്ചതിന്റെ രഹസ്യവും അതാണു്. ഭാവനാ സമ്പന്നനായിരുന്ന ആ പുണ്യാത്മാവു് സാമാന്യലോകരെ രസിപ്പിക്കാൻ പലപല വേഷങ്ങളും കെട്ടി ആടിയിരിക്കാം. യഥാർത്ഥതത്വം ആലോചിച്ചാൽ പ്രാപഞ്ചികശക്തികളെ അതിജീവിച്ച മഹാത്യാഗികളായ തപസ്വികൾപോലും വളരെ പണിപ്പെട്ടുസമ്പാദിച്ച മഹാസിദ്ധി തന്റെ ചുരുങ്ങിയ ജീവിതംകൊണ്ടു് അദ്ദേഹം ആർജ്ജി

ച്ച് ആത്യന്തികാനന്ദത്തിൽ അലിഞ്ഞു ചേരുകതന്നെയാണു ചെയ്യിട്ടുള്ളത്. ഞാനും ശ്രീ. തമ്പിയും ഒരുമിച്ച് ഒരിക്കൽ തിരുവനന്തപുരത്തേക്കു പോകുകയാണ്. കൊല്ലത്തുചെന്നപ്പോൾ "നമുക്കു ഈ.വി.യെ ഒന്നുകണ്ടിട്ടുപൊയ്ക്കളയാം" എന്നദ്ദേഹം പറഞ്ഞു. "ആകട്ടെ" എന്നുപറഞ്ഞുകൊണ്ടു ഞാനും ഈ.വി.യുടെ പാർപ്പിടത്തിലേക്കു തിരിച്ചു. ഞങ്ങളെ കണ്ട മാത്രയിലുണ്ടായ ഈ. വി. യുടെ സന്തോഷവും ഉത്സാഹവും അളവററതായിരുന്നു. അത്യാഹ്ലാദപൂർണ്ണമായിരുന്നു അന്നത്തെ ആ സ്വീകരണം. ഞങ്ങളെ അന്നയയ്ക്കരുതെന്നു പ്ലാനിട്ടുകൊണ്ടാണു ഈ. വി. സംഭാഷണം കരുപ്പിടിക്കാൻ ഒരുങ്ങിയത്. ലോകത്തിന്റെ വിവിധ വിദ്യകളും വിശദമായി കണ്ടറിഞ്ഞ ആ സരസ ഗംഭീരാത്മാക്കൾ രണ്ടും ആരംഭിച്ച ഫലിതമയമായ സംഭാഷണം കുറെ അധികനേരം നീണ്ടുനിന്നു. അങ്ങനെ അന്നത്തെ വണ്ടി തെററി. ഞങ്ങൾ രാത്രി അവിടെത്തന്നെ പാർത്തു. വിഭവസമൃദ്ധമായ അത്താഴം കഴിഞ്ഞ് തെക്കേവശത്തുള്ള അടിച്ചുകൂട്ടിൽ കൂടി സംഭാഷണം തുടർന്നു. വൈക്കം സത്യാഗ്രഹസമരം കഴിഞ്ഞ് അന്ന് കാലം ഏറെക്കഴിഞ്ഞിരുന്നില്ല. കാൺഗ്രസ്സുകാരെത്തല്ലാൻ പോലീസ് കമ്മീഷണറായിരുന്ന ബിഷപ്പ് സായിപ്പ് ലാത്തി വരുത്തി പോലീസ്സിനു കൊടുത്തതായിടയ്ക്കായിരുന്നു. ആ വക കഥകളിലേക്കായി അവരുടെ സംഭാഷണം. സാഹിത്യം, രാഷ്ട്രീയം, നാട്ടുകാര്യം എന്നുവേണ്ട അന്നത്തെ സംസാരത്തിൽ സ്പർശിക്കാത്ത വിഷയങ്ങളൊന്നും ഞാൻ കണ്ടില്ല. ആ നേരമ്പോക്കുകാരുടെ മദ്ധ്യേ കേവലം പൊട്ടിച്ചിരിക്കാൻ മാത്രമാണ് ഞാൻ ഇരുന്നിരുന്നത്. ലാത്തിയെപ്പററിയും ബിഷപ്പിനെപ്പററിയും മററും ശ്രീ. തമ്പി അപ്പോൾ പറഞ്ഞ ചില നേരമ്പോക്കുകളിൽ നിന്നുമാണ് സുപ്രസിദ്ധമായ "പോലീസ്സ് രാമായണം" ഉടലെടുത്തത്. തമ്പിയുടെ നേരമ്പോക്കുകൾ ആ വഴിയ്ക്കു പാഞ്ഞപ്പോൾ ഈ. വി. പെട്ടെന്നു പേനയും

കടലാസ്സും കയ്യിലെടുത്തു. അരമണിക്കൂറിനുള്ളിൽ 'പോലീസ്സ്‌രാമായണം' എഴുതിത്തീർത്തു. വെറുതെഇരിക്കാതെ പദ്യഭാഗത്തിൽ കുറെയെഴുതാൻഎന്നെയും ചുമതലപ്പെടുത്തി. തന്മൂലം അതിലെ നാലഞ്ചു വരികളിൽ എന്റെ കൈമുദ്രയും പതിയാൻ ഇടവന്നിട്ടുണ്ട്.

കേവലം നേരമ്പോക്കും കൗശലവും കൊണ്ട് ഒരാൾക്ക് ഇത്രമാത്രം ഉയരാൻ പറ്റുകയില്ലല്ലൊ. കണിശമായും കാര്യമായും പെരുമാറാനുള്ള ബുദ്ധിയും കഴിവും അദ്ദേഹത്തിനുണ്ടായിരുന്ന ആയിരത്തിലൊരുത്തനാണ് കായംകുളം എസ്സ്. ആർ. പി. പ്രസ്സിൽ എന്റെ സാഹിത്യമുകുരം അച്ചടിപ്പിച്ചത്. അതിൽ ചേർക്കാൻ മഹാകവി ഉള്ളൂരിനോട് ഒരവതാരികയും, സാഹിത്യപഞ്ചാനനൻ ശ്രീ. പി. കെ യോട് ഒരു പ്രസ്താവനയും എഴുതി അയച്ചുതരണമെന്ന് ഞാൻ നേരത്തെതന്നെ അപേക്ഷിച്ചിരുന്നു. രണ്ടും യഥാവസരം കിട്ടി. പുസ്തകപ്രസിദ്ധീകരണ വിഷയത്തിൽ ഇ. വി. എന്നെ പലപ്പോഴും പ്രേരിപ്പിച്ചിട്ടുണ്ട്. ഒരിക്കൽ അദ്ദേഹം, മഹാകവി വള്ളത്തോളിന്റെ അഭിപ്രായംകൂടി ആരാഞ്ഞറിഞ്ഞശേഷം, കവിതകൾ ഒരുമിച്ചുചേർത്ത് പുസ്തകമാക്കാൻ എന്നെ വളരെ നിർബന്ധിച്ചു. അതിന്റെ ഫലമായിട്ടാണ് സത്യത്തിൽ അത്രപെട്ടെന്ന് ഞാനതിനൊരുങ്ങിയത്. ഉള്ളൂരിന്റെ അവതാരിക ചേർക്കാൻ പ്രസ്സിൽ ഏല്പിച്ചു. പി.കെ.യുടെ പ്രസ്താവനഏല്പിച്ചില്ല. അതിനു കുറച്ചൊരു വിഷമമുണ്ടായിരുന്നു. സാഹിത്യഗുരുവായി ഞാനാരാധിച്ചുപോന്ന മഹാകവി വള്ളത്തോളിനെ കണ്ടമാനം ശകാരിച്ചും പരിഹസിച്ചും കൊണ്ടുള്ള ഒരു പ്രസ്താവനയാണ് പദ്യസാഹിത്യത്തിലെ നവീനപ്രസ്ഥാനത്തോട് അത്ര പിടിത്തമില്ലാത്ത ശ്രീ പി. കെ. എനിക്കയച്ചുതന്നത്. അതു കൊള്ളാനും തള്ളാനും ഞാനശക്തനായി. എന്റെ പുസ്തകത്തിന്റെ മുഖപംക്തിയിൽ ചേർക്കുന്ന കാര്യം ഓർക്കാൻകൂടി പ്രയാസമായിരുന്നു. ഇന്ന് തിരു: കൊച്ചി

യിലെ ഒരു ഇംഗ്ലീഷ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി വേറെ ജോലിയിൽ നിയമിതനായിരിക്കുന്ന ശ്രീ ജീ. രാമനാഥയ്യർ കായംകുളം ഹൈസ്കൂളിലെ അദ്ധ്യാപകനാണെന്ന്, നല്ലൊരു സാഹിത്യകാരനും എന്റെ പ്രത്യേകസുഹൃത്തുമായ അദ്ദേഹത്തെകൊണ്ട് ഈ കഥ അറിയിക്കുകയും അഭിപ്രായം അറിയിക്കുകയും ചെയ്യാമെന്നു കരുതി ഞാനദ്ദേഹത്തിന്റെ വസതിയിലേക്കു തിരിച്ചു. പടിക്കൽ ചെന്നപ്പോഴേ അവിടത്തെ ചിരിയും ബഹളങ്ങളും കേൾക്കാം. അകത്തു കയറി ചെന്നപ്പോളുണ്ട്, സകലരേയും ചിരിപ്പിച്ചു രസിപ്പിച്ചുംകൊണ്ട്, വിനോദസംഭാഷണങ്ങളിൽ മുഴുകി ഈ. വി. മുറുക്കിക്കൊണ്ടിരിക്കുന്നു. അദ്ദേഹത്തെക്കൂടി കണ്ടതു് ഒരു വലിയ അനുഗ്രമായി ഞാൻ കരുതി. എന്റെ ധർമ്മസങ്കടം ഞാൻ അവരുടെ മുൻപിൽ വച്ചു. ആ പ്രസ്താവന വായിച്ചുനോക്കിയിട്ട്, "വലിച്ചുകീറി തോട്ടിൽ കളയണം. ഉണ്ണിത്താനു് ഞാനൊരെണ്ണം എഴുതിത്തരാം" എന്നു പറഞ്ഞുകൊണ്ട് അപ്പോൾതന്നെ പ്രസ്സിൽനിന്നു് ഒരു പുസ്തകം വരുത്തി പതിനൊന്നു മണിക്കുതന്നെ ഈ. വി. കായംകുളംവിട്ടു. അതൊരു ശനിയാഴ്ചയായിരുന്നു. കൃത്യാന്തരബഹുലനായ അദ്ദേഹത്തിന്റെ ഈ പ്രതിജ്ഞ അപ്പോളത്തെ കാര്യമായി കരുതിയിരുന്നില്ല. എനിക്കു് അനുഭവമില്ലെങ്കിലും അത്ര കണിശക്കാരനായിട്ടായിരുന്നില്ല അദ്ദേഹത്തെപ്പററി പലരും പറഞ്ഞു ഞാൻ കേട്ടിട്ടുള്ളതു്.

ഞാൻ പി. കെ. യുടെ പ്രസ്താവനയിലെ അസുഖഭാഗങ്ങൾ സദയം തിരുത്തി കിട്ടണമെന്നു് അപേക്ഷിച്ചുകൊണ്ട് അന്നത്തെ അഞ്ചലിൽതന്നെ ഒരെഴുത്തോടുകൂടി അതുമടക്കി അദ്ദേഹത്തിനയച്ചുകൊടുത്തു. എന്റെ കത്തും ഈ മടക്കി അയപ്പും ശ്രീ. പി. കെ. യെ അരിശംകൊള്ളിച്ചേക്കുമെന്നു് ഞാൻ ഭയപ്പെടാതിരുന്നില്ല. പക്ഷെ ഫലം മറിച്ചായിരുന്നു. മഹാമനസ്കനായ അദ്ദേഹം എന്റെ അപേക്ഷയെ സദയം കൈക്കൊണ്ട് വേണ്ട

ഭേദഗതി വരുത്തി പുസ്തകത്തിൽ ചേർക്കാൻ തിങ്കളാഴ്ച കിട്ടത്തക്കവണ്ണം എനിയ്ക്കയച്ചുതന്നു. ഞാൻ ആ പ്രസ്താവനയുമായി പ്രസ്സിൽ എത്തിയപ്പോൾ പ്രൗഢഗംഭീരമായ, ഓരോ കൃതികളേയും പ്രത്യേകം വിമർശിക്കുന്ന ഈ. വി. യുടെ ഒരു നീണ്ട പ്രസ്താവന ചേർത്തുകഴിഞ്ഞിരിക്കുന്നതായി കണ്ടു് അത്ഭുതപ്പെട്ടുപോയി. പിന്നെ ശ്രീ. പി. കെ. യുടേതും ചേർത്തു. ഇങ്ങനെയാണു് 'സാഹിത്യമുകുരം' രണ്ടു പ്രസ്താവനയോടുകൂടി പ്രസിദ്ധീകരിക്കാൻ ഇടയായതു്. കായംകുളത്തുനിന്നും പതിനൊന്നു മണിക്കു പോയ ഈ. വി. നാലുമണിക്കു് കൊല്ലത്തുനിന്നും കായംകുളത്തിനു പോരുന്ന ബസ്സുകാരുടെ പക്കൽ ആ പ്രസ്താവന പ്രസ്സിൽ എല്പിക്കത്തക്കവണ്ണം കൊടുത്തയച്ചതായിട്ടാണു് അപ്പോൾ ഞാനറിയുന്നതു്. ഇതിൽനിന്നും അദ്ദേഹത്തിൻെറ കൃത്യശ്രദ്ധയും, കഴിവും എഴുതുന്നതിലുള്ള പുറക്കും പ്രസ്പഷ്ടമാണല്ലൊ.

ഇനിയും എന്നെയും, മററനേകം സാഹിത്യകാരന്മാരെയും അത്ഭുതപ്പെടുത്തിയ മററൊരു കാര്യംകൂടി പറഞ്ഞുകൊണ്ടു് ഈ ലേഖനം ഉപസംഹരിക്കാം. ശ്രീ. അപ്പൻതമ്പുരാൻെറ ആഭിമുഖ്യത്തിൽ തൃശ്ശൂർവച്ചുനടന്ന സാഹിത്യപരിഷത്തിൻെറരണ്ടു ദിവസത്തെ ഒരു പ്രാസംഗികനായിട്ടു് ഈ. വി. യെയാണു് തൽഭാരവാഹികൾ നിശ്ചയിച്ചിരുന്നതു്. ആദ്യദിവസത്തെ രണ്ടു സമ്മേളനങ്ങൾ കഴിഞ്ഞിട്ടും ഈ. വി. യെ കാണ്മാനില്ല. ഒരു സമ്മേളനത്തിൻെറ അദ്ധ്യക്ഷൻ ഒന്നാംതരം ഗദ്യകൃത്തായ ശ്രീ. മൂർക്കോത്തു കുമാരൻ ആയിരുന്നു. പ്രൗഢഗംഭീരമായ അദ്ദേഹത്തിൻെറ ഉപക്രമപ്രസംഗത്തിൽ സുപ്രസിദ്ധ ആഖ്യായികാകാരനായ ശ്രീ. സി. വി. രാമൻപിള്ളയുടെ ഭാഷാരീതിയെ പററി കണ്ടമാനം വിമർശിക്കുകയും കണക്കുവിട്ടു് ആക്ഷേപിക്കുകയും ചെയ്തു. തിരുവിതാംകൂറിൽനിന്നുംഅവിടെ സന്നിഹിതരായിരുന്ന ന്യൂനപക്ഷത്തിനു് അതൊ

ട്ടംതന്നെ സഹിച്ചില്ല. എന്നാൽ ആ ഗംഭീരപുരുഷനോട് എതിർക്കാനുള്ള കഴിവ് ഞങ്ങളുടെ കൂട്ടത്തിൽ അന്ന് ആർക്കും ഉണ്ടായതുമില്ല.

അന്നത്തെ യോഗം അങ്ങനെ അവസാനിച്ചു. ഞങ്ങൾ താമസസ്ഥലത്ത് എത്തിച്ചേർന്നു. നേരം സന്ധ്യയായി. പല സാഹിത്യകാരന്മാരായ സ്നേഹിതന്മാരും ഒത്തുകൂടി. നേരത്തെ നടന്ന പ്രസംഗത്തെപ്പററിയായി ഞങ്ങളുടെ സംഭാഷണം. മുക്കോത്തു പക്ഷപാതികൾക്ക പോലും അദ്ദേഹത്തിൻെറ പ്രസംഗത്തെ അധികശബ്ദംകൊണ്ട് വിശേഷിപ്പിക്കേണ്ടിവന്നു. ഒരു ചുട്ട മറുപടി കൊടുക്കാൻ എന്താണു മാർഗ്ഗമെന്ന് ഞങ്ങളിൽ ചിലർ തലപുകഞ്ഞാലോചിച്ചിരിക്കുകയായിരുന്നു. അപ്പോഴുണ്ട് ശ്രീ. സി. വി. യുടെ ജാമാതാവായ ഈ. വി. ഞങ്ങളുടെ മുമ്പിൽ നില്ക്കുന്നു. ദൈവം പ്രത്യക്ഷമായാലത്തെപ്പോലെയുള്ള സന്തോഷാത്ഭുതങ്ങളാണ് ഞങ്ങൾക്കപ്പോഴുണ്ടായത്.

ഇന്ത്യൻനാഷണൽ കാൺഗ്രസ്സിൻെറ അക്കൊല്ലത്തെ വാർഷികസമ്മേളനം അന്നു മദ്രാസിൽ വച്ചായിരുന്നു കൊണ്ടാടപ്പെട്ടത്. അതിനു പോയിരുന്ന ഈ. വി. സാഹിത്യപരിഷത്തിൽ സംബന്ധിക്കാൻവേണ്ടി വളരെ ബദ്ധപ്പെട്ട് നേരേ അവിടെനിന്നും തിരിച്ച് വണ്ടി ഇറങ്ങിവരുന്ന വഴിയാണ് ഞങ്ങളുടെ മുമ്പിൽ എത്തിച്ചേർന്നത്. ഈ.വി.യെ കണ്ടപ്പോൾ ഞങ്ങൾക്ക് ഒരു പ്രത്യേക ഉത്സാഹമുണ്ടായി. അദ്ദേഹത്തിൻെറ പരിചയക്കാരായിട്ട് ഞങ്ങളുടെ കൂട്ടത്തിൽ അധികംപേരുണ്ടായിരുന്നില്ല. എൻെറ മുറിയിൽ കയറി ഉടുപ്പെല്ലാം ഊരിയിട്ട് മുറുക്കാനുമായി, ചുററിക്കൂടിയിരുന്ന ആ സാഹിത്യരസികന്മാരോട് സംഭാഷണത്തിനു തയ്യാറായി, കാൺഗ്രസ്സ് മീററിംഗിൻെറ വിശേഷങ്ങളും ചടങ്ങുകളുമെല്ലാം ഞങ്ങളെ വർണ്ണിച്ചു കേൾപ്പിച്ചു. അനന്തരം ഞങ്ങൾ മുക്കോത്തിൻെറ പ്രസംഗംകേട്ടുണ്ടായ കുണ്ഠിതം

ശേഷം 42-ാം പേജിൽ)

# ആകാശം ഇടിഞ്ഞുവീണാലും

## വിശാലാക്ഷി

വളരെ തിരക്കുപിടിച്ചാണ് അയാൾ കയറിവന്നത്. നടന്ന ക്ഷീണമാണോ മനസ്സിന്റെക്ഷീണമാണോ എന്നു ശങ്കിക്കേണ്ട. രണ്ടുംകൂടിയാണ്. വെയിൽ ഇല്ലെങ്കിലും വിയർത്തൊഴുകുന്നു. തോളിൽ ഇട്ടിരുന്ന കുറിമുണ്ടെടുത്ത് വീശിത്തുടങ്ങി………

നിയമോപദേശം തേടി വന്നതാണ്. സ്വന്തംമകൾക്കും, അവളുടെ ഭർത്താവിനും എതിരെ നിയമത്തിന്റെ സ്റ്റീം റോളർ ഉരുട്ടണം. അതിനു വകുപ്പുണ്ടോ എന്നറിയണം.

ആറാൺമക്കളും, ഒരു മകളും അയാൾക്കുണ്ട്. എല്ലാവരും വിദ്യാഭ്യാസം നേടിയവരാണ്. ആൺമക്കൾക്ക് നേരത്തെ ഉദ്യോഗം കിട്ടി. മകൾ അദ്ധ്യാപികയാണ്. ഒരു വർഷമായി ജോലികിട്ടിയിട്ട്. വിവാഹം കഴിഞ്ഞിട്ട് ആറുമാസവും. ഭർത്താവിനും ഉയർന്ന ശമ്പളം ലഭിക്കുന്ന ഒരു തൊഴിലുണ്ട്. ഭൂസ്വത്തുക്കൾക്കും കുറവില്ല ……സ്വത്തിന്റെ കാര്യമല്ല. അഭിമാനത്തിന്റെ കാര്യമാണ്. ഈമൂന്നു കാര്യത്തിനാണല്ലോ കോടതികയറുന്നത്. അഥവാ അങ്ങനെയാണ് വയ്പ്.

മകളുടെ ഭർത്താവിന്റെ വീടിനടുത്ത് അഞ്ചാറേക്കർ പുരയിടമുണ്ട്. ആ മകൾക്കും, അവളുടെ മൂന്നു സഹോദരങ്ങൾക്കും കൂടിയുള്ളതാണാവസ്തു. മക്കളുടെ പേരിൽ അയാൾ വാങ്ങിയതാണ്. അവൾക്ക് അതിൽ നാലിൽ ഒരോഹരിക്കവകാശമുണ്ട്. കല്യാണം കഴിഞ്ഞപ്പോൾ മകൾക്ക് കണ്ണ് ആ വസ്തുവിലായി. നേരെ തുറന്നുപറയാൻ പൊട്ടുന്ന

നെ ധൈര്യം വന്നില്ല. പോരാഞ്ഞു് അയ്യായിരം രൂപയുടെ ആഭരണം അവൾക്കു് അച്ഛൻ കൊടുത്തിരുന്നു. ഒററമകളല്ലെ! അതും ഏററവും ഇളയവൾ. നേർച്ചയും കാഴ്ചയും വച്ചാണു് ഒരു പെൺകുട്ടിയെ കിട്ടിയതു്. മരുന്നിനും, മന്ത്രവാദത്തിനും ചെലവാക്കിയ പണത്തിനു് കൈയ്യും കണക്കുമില്ല………

വസ്തുവിൻെറ മേൽനോട്ടം ഭർത്താവിനു വിട്ടുകൊടുക്കാൻ അവൾ അച്ഛനോടു പറഞ്ഞു. മകളുടെ ആഗ്രഹമല്ലേ, ആൺമക്കൾ വിദേശങ്ങളിലാണു്. മകൾക്കു് അന്തസ്സ്കൂട്ടുന്നതെന്തും ചെയ്യാൻ അച്ഛനൊരുക്കമാണു്. തേങ്ങ ഇട്ടാൽ അച്ഛനു് പതിവായി ഒരു തുക കൊടുത്തയയ്ക്കും. അതും ഒരു ആനന്ദമാണു്. പണത്തിനു് ആവശ്യം ഉണ്ടായിട്ടല്ല. മകളുടെ ശ്രദ്ധ. മരുമകൻെറ ഗുരുത്വം. കാണുന്ന നാലുപേരോടു് ഇതൊക്കെപ്പറഞ്ഞു് രസിപ്പിക്കാറുണ്ടയാൾ. എന്തുകൊണ്ടും ഭാഗ്യവാൻ. ചെറുപ്പത്തിൽ അയാൾ വളരെ അദ്ധ്വാനിച്ചവനാണു്. മുണ്ടു മുറുക്കി ഉടുത്തു്, വിശപ്പിനെ അതിജീവിച്ചാണു് പണമുണ്ടാക്കിയതു്. കടത്തിണ്ണയിൽക്കിടന്നുറങ്ങിയ ഒരു കാലമുണ്ടായിരുന്നയാൾക്കു്. കീറിപ്പറിഞ്ഞ കരിമുണ്ടും ഉടുത്തു് ചുമടു ചുമന്നിട്ടുണ്ടു്. മൂന്നു ദിവസം മുഴുപ്പട്ടിണികിടന്നിട്ടുണ്ടു്. മക്കൾക്കുണ്ടോ ഇതു വല്ലതുമറിയുന്നു. അവർ ഓരോരുത്തരായി കണ്ണുതുറന്നപ്പോൾ അച്ഛൻ തറവാടിയായ പണക്കാരനാണു്. അമ്മയ്ക്കു് കുലമഹിമയുണ്ടു്. അവർ പഠിച്ചു. അയാൾ പഠിപ്പിച്ചു. എല്ലാവർക്കും ഉദ്യോഗമായി. പെങ്കൊച്ചിനുപോലും. അവൾക്കനല്ലൊരു ഭർത്താവിനെ തേടിപ്പിടിച്ചു. ചെയ്യേണ്ടതൊക്കെ ചെയ്തുതീർത്തമട്ടു്.

ആദ്യമാദ്യം തേങ്ങഇടുന്നതിൻെറ പിറേറന്നാൾ രൂപയുംകൊണ്ടു് മകൾ വരും. അച്ഛനും. അമ്മയ്ക്കും അന്നൊരുത്സവമാണു് അമ്മയ്ക്കു് വേറൊരാഗ്രഹം മൊട്ടിട്ടുതുടങ്ങി. മകൾക്കൊരു കുഞ്ഞുവേണം അവൾക്ക

ല്ല തിട്ടക്കം: അമ്മയ്യാണു്. അച്ഛൻ അതിന്റെ പുതുമ ആസ്വദിക്കും. ... ...... ......

തേങ്ങ ഇപ്പോഴും കാലാകാലങ്ങളിൽ ഇടാറുണ്ടു്. അതിനു മാററമില്ല. പണംഎത്തുന്നില്ല. മകളും എത്താറില്ല. അച്ഛനു് ആശങ്ക, ദേഷ്യം ഭയം, ഇങ്ങനെ പലതും ഉണ്ടായി. അയാൾ സംശയാധീനനാകുന്നു. മകളോടു് കാര്യംചോദിക്കണം. പോകാനൊരു മടി. അഭിമാനം സടകുടഞ്ഞെഴുന്നേററു. പണം കൊടുത്തയക്കാൻ ആവശ്യപ്പെട്ടുകത്തെഴുതി. ഭർത്താവു വരട്ടെ എന്നു മറുപടികിട്ടി. അച്ഛൻ ധരിച്ചിരുന്നു. മകളാണൊ ഇതെഴുതിയതു്. ഭർത്താവു്! അവൾക്കെന്തൊരു ധൈര്യം. എന്നത്തെഭർത്താവു് ഭർത്താവുവരട്ടെ! അച്ഛൻ സമ്പാദിച്ച പുരയിടത്തിലെ തേങ്ങയുടെ വിലയ്ക്കു് ഭർത്താവിന്റെ അനുവാദം വേണം. ഭാര്യയോടാണാദ്യമായി കയർത്തതു്. പാവം അവർ പേടിച്ചുപോയി. അമ്മ മകളുടെ ഭാഗംപിടിച്ചു. പണത്തിനാവശ്യമില്ല. ആവശ്യത്തിലുംകൂടുതൽ, വളരെക്കൂടുതൽ ഇപ്പോഴുംഉണ്ടു്. അവളെടുക്കട്ടെ ആപണം. അയാൾക്കു് സഹിച്ചില്ല. താൻ ഒററപ്പെടുകയാണൊ താൻ എല്ലാംസമ്പാദിച്ചു. താൻ മാത്രം വിയർപ്പുചിന്തി. തന്റെ രക്തം വെള്ളമായി. എന്നിട്ടു്, എന്നിട്ടു് മകൾക്കു് ഭർത്താവു്, അമ്മയ്ക്കു മകൾ. തനിക്കാരുമില്ലെ! ശോകം കോപമായി മാറി. വീണ്ടും മകൾക്കാളെ അയച്ചു. അവൾ വീട്ടിലേക്കുവരാൻ ആജ്ഞാപിച്ചു. പുരയിടത്തിൽക്കയറരുതെന്നുവിലക്കി...... അവൾ വന്നില്ല. ഭർത്താവുവരട്ടെ! അയാൾ ജോലിസ്ഥലത്താണു് അയാളുടെഅനുവാദമില്ലാതെ പോരാൻ പററുകയില്ല!.... പുരയിടത്തിൽ കയറിച്ചു. തേങ്ങ ഇട്ടു.

അയാളുടെ കണ്ണിൽ ഇരുട്ടുകയറി ... ചിന്തയ്ക്കു തീപിടിച്ചു ..... അമ്മയോടു കയർത്തു സംസാരിച്ചു. പണ്ടു പണ്ടു് അവരെ താലികെട്ടിവീട്ടമ്മയായിക്കൊണ്ടുവന്ന കഥ അയാൾ മറന്നു. ഭാര്യയുടെ ഓഹരിക്കു വഴക്കുണ്ടാക്കിയ ചരിത്രം ഓർക്കാൻ കൂട്ടാക്കിയില്ല. ഭാര്യയെ പിന്നെ സ

ന്തം വീട്ടിലേക്ക് ഇതേവരെ വിട്ടിട്ടില്ല. എന്നകാര്യവും വിസ്മൃതിയിലാണ്ടു...... ......

മകളെ ഒരുപാഠം പഠിപ്പിക്കണം. അവളെയും ഭർത്താവിനെയും നിലയ്ക്കുനിർത്തണം. പെണ്ണുങ്ങൾകേറി വിലസുന്നു. കോടതി വിളിക്കുമ്പോൾ വരാതിരിക്കുമൊ. അന്യായം കൊടുത്തിട്ടാവാം ഇനി ബാക്കി...... അതിനാണയാൾ വന്നതു് ......ചൂട്...... മുഴുവൻചൂട്......തലയ്ക്കും മനസ്സിനും ചൂട്......

ആ അച്ഛനെ തെറ്റിപ്പിക്കാൻ അത്ര എളുപ്പമല്ലായിരുന്നു. അയാൾക്ക് എന്തെല്ലാം വാദിക്കാനുണ്ട് !

അവൾ പഠിച്ചവളല്ലേ. അവൾക്കൊരുജോലിയില്ലേ കുഞ്ഞോ, കുട്ടിയോ വല്ലതും ഉണ്ടോ. ഭർത്താവെന്നുപറഞ്ഞവനും ഉണ്ടല്ലോ ഉദ്യോഗം. ബി. എ. ക്കാരനല്ലേ. ഇവനൊക്കെ പഠിച്ചതെന്തിനു്. ഇവനെയൊക്കെ പഠിപ്പിച്ചവന്മാരെത്തല്ലണം. വല്ലവൻെറയും സമ്പാദ്യം പിടിച്ചു പറിക്കാനൊ, മേൽമീശേംവച്ചു് സിക്രറ്റും കൊളുത്തി നടന്നാൽപോരാ. ......അതുപോട്ടെ! അവൻ പോയിത്തുലയട്ടെ! അവളുണ്ടല്ലൊ.........അവള്. അവൻ പറയുന്നതേ കേൾക്കത്തൊള്ളു എന്തൊരഹമ്മതി ..... എന്നെയൊന്നുകാണാൻ വരാൻ അവൾക്കു മനസ്സില്ല. ആ പൂവാലൻപറഞ്ഞിട്ടു വരാമെന്നു്.

വസ്തുവേണേ കൊടുക്കാം. അതിനൊക്കെയില്ലേ ഒരു മര്യാദ. ചുററിപ്പററി നിന്നു ചോദിച്ചാൽ ഞാൻകൊടുക്കത്തില്യോ.. ...ഒരുവർഷംകൂടികഴിഞ്ഞില്ല ... അപ്പാപ്പിനൊപെറുക്കാനൊന്നു പഴകമ്പഴോ .... . ഇനിവേദാന്തമൊന്നുംവേണ... ... അന്യായംകൊടുത്തിട്ടു കാര്യം......

“മകൾ കോടതി കയറേണ്ടിവരും” അയാൾക്കു മുന്നറിയിപ്പുകൊടുത്തു “കേറട്ടെ! അവനും കേറട്ടെ. രണ്ടുപേരേം കൂടി പ്രതികളാക്കണം. റസീവറുംവേണം. ഇൻജക്ഷനും കൊടുക്കണം..... അഹമ്മതി ഒക്കെ ഉതോടെ തീരണം. ഞാൻ അച്ഛനാണൊന്നവളൊന്നറിയട്ടെ!......അയാൾ കുറച്ചുകഴിഞ്ഞേ തണു

ക്കുകയുള്ളൂ. പറഞ്ഞു തീരുമ്പോൾ കുറച്ചൊക്കെ ആശ്വാസമാകും.... ... ...

ഇനിയൊരച്ഛന്റെ പരിവേദനം......വെറുതേ കേസു കൊടുക്കാനല്ല കൊടുത്ത കേസ് തനിക്കെതിരായി വിധിയായതാണ്. ഇപ്പോൾ വിധിനടത്തി തുക ഈടാക്കാൻ മറുഭാഗക്കാർ ഹർജി കൊടുത്തിട്ടുണ്ട്. വാറണ്ടിൽപിടിച്ചാൽ തുകമുഴുവൻ കിട്ടുമെന്നാണവരുടെ ഹർജിയിലെ ആരോപണം.

മകനുവേണ്ടി നോട്ടെഴുതി കൊടുത്തതാണ്. അച്ഛന് വിദ്യാഭ്യാസമുണ്ട്. സാമാന്യവിദ്യാഭ്യാസമല്ല. അയാൾ അഭിഭാഷകനാണ്. കടവായെ കിട്ടുവാം പിടിച്ചൊ... വക്കീലിന്റെ പേരിൽ കേസ്...... കേസ് വിധിയായി വേറൊരു വക്കീൽ വാറണ്ടിനപേക്ഷിച്ചിരിക്കുന്നു. നിയമത്തിന്റെ സഹായം തേടാനല്ല .....നിയമം അറിയാമല്ലൊ. ജീവിതത്തിന്റെ സായാഹ്നത്തിൽ എത്തിക്കഴിഞ്ഞ തന്റെ ദുഃഖം ഒന്നു പറഞ്ഞുതീർക്കണം. തുകകെട്ടിവയ്ക്കാൻ ഒരുക്കമാണ്. പക്ഷെ സമയം കുറച്ചുകൂടിവേണം. കൈയിൽ ഒന്നുമില്ല. മക്കൾ-ഉയർന്ന ഉദ്യോഗസ്ഥർ-വിദേശങ്ങളിലാണ്. അവരോടൊരഭ്യർത്ഥന നടത്തണം. അദ്ദേഹത്തിന്റെ ഭാഷയിൽ "donation list" (സംഭാവനലിസ്റ്റ്) ഉണ്ടാക്കിഅയയ്ക്കണം. സ്വന്തം സമ്പാദ്യം ഭാര്യയുടെയും, മക്കളുടെയും പേരിൽനേരത്തെ എഴുതിക്കൊടുത്തു. ഇപ്പോൾ വേലക്കാർക്ക്— അരിവയ്പുകാർക്ക്-- ദയവുണ്ടെങ്കിൽ ഉണ്ണാം. സംരക്ഷണക്കുറവു കൊണ്ട് ആരോഗ്യം തകർന്നു. കച്ചേരിയിൽ സ്വല്പമൊക്കെ പണിയുണ്ട്. എങ്ങനെയെങ്കിലും ദിവസങ്ങൾ തള്ളിനീക്കണം. ചെവി ശരിക്കു കേൾക്കുകയില്ല. കേസു നടത്താൻ പ്രാപ്തിയുണ്ട്. പക്ഷെ ശ്രവണേന്ദ്രിയം പണിമുടക്കിയാൽ തലച്ചോറെന്തു ചെയ്യും...... ....

ആ അച്ഛന്റെ എല്ലാ മക്കളും ഉയർന്ന പദവിയിലാണ്. എന്നാലും അച്ഛന്റെ ആത്മാവ് തേങ്ങുന്നു. കണ്ണു

(ശേഷം 43-ാം പേജിൽ)

അദ്ദേഹത്തിന്റെ മുമ്പിൽ അറിയിച്ചു. "ഓ, സാരമില്ല നാളത്തെ എന്റെ പ്രസംഗത്തിൽ ഞാൻ അതിനു മറുപടികൊടുത്തേക്കാം" എന്ന് അലക്ഷ്യ ഭാവത്തിലാണ് ഇ.വി. നൽകിയ മറുപടി. അതുകഴിഞ്ഞ് സ്വതസിദ്ധമായ നേരമ്പോക്കുകളിൽ അദ്ദേഹം മുഴുകിക്കഴിഞ്ഞു. ഉള്ളൂർ, വള്ളത്തോൾ, പി.കെ, തുടങ്ങിയ മഹത്തുക്കളുടെ പ്രസംഗങ്ങൾ ഭംഗിയായി വണ്ണം ഇമിറ്റേറ്റു ചെയ്യുക; വിവിധതരങ്ങളായ നേരമ്പോക്കുകൾ പറയുക തുടങ്ങിയ വിനോദങ്ങൾകൊണ്ട് അനവധിആളുകൾ അദ്ദേഹത്തിന്റെ ചുററിനുംകൂടി തലയറഞ്ഞു ചിരിക്കാനും രസിക്കാനും തുടങ്ങി. അട്ടഹാസങ്ങളാൽ അന്തരീക്ഷം ഇളകിമറിഞ്ഞു. നേരംപോയതാരു മറിഞ്ഞില്ല. ആക്കമൊന്നറിഞ്ഞാൻ കഴിഞ്ഞുമില്ല. ആരെയും ചിരിപ്പിച്ചു മണ്ണുകപ്പിക്കുന്ന സരസങ്ങളായ ഫലിതപ്രയോഗങ്ങൾ കേട്ടുകേട്ട് ഞങ്ങൾ ആ രാത്രി ഒരു ശിവരാത്രിയായിത്തന്നെ കഴിച്ചുകൂട്ടി.

നേരംവെളുത്തു. പ്രഭാതകൃത്യങ്ങളെല്ലാം കഴിഞ്ഞു സമ്മേളനസ്ഥലത്തേക്ക് ഞങ്ങൾ ഒരുമിച്ചു യാത്രയായി. തലേദിവസത്തെ അപേക്ഷ ഞങ്ങൾ ഒന്നുകൂടി ഓർമ്മിപ്പിച്ചു. ആദ്യ പ്രാസംഗികനായിരുന്നു, ഇ.വി. തലേന്നു രാത്രി ഞങ്ങളോടൊപ്പംകളിച്ചും ചിരിച്ചും തമാശ പറഞ്ഞും, പിറേറ ദിവസത്തെ പ്രസംഗത്തെപ്പററി യാതൊന്നും ചിന്തിക്കാതെ കഴിഞ്ഞുകൂടിയ ആളെയല്ല ഞങ്ങൾ അപ്പോൾ കണ്ടത്. പ്രസംഗപീഠത്തിൽ കയറിയപ്പോൾആകപ്പാടെ മട്ടുമാറി. പ്രസംഗംതുടങ്ങി. അതിപ്രൗഢമായ ആ സാഹിത്യപ്രസംഗം ആപാദമധുരവും ഫലിതരസസമ്പൂർണ്ണവും, മുക്കോത്തിന്റെ തലേദിവസത്തെ പ്രസംഗത്തിന്റെ അക്ഷരംപ്രതിയുള്ള ഒരുസരസഖണ്ഡനവും ആയിരുന്നു. തുടർന്നുള്ള ഹസ്തഘോഷത്താലും ഹർഷാരവത്താലും സദസ്സാകപ്പാടെയൊന്നിളകിമറിഞ്ഞു. ഇതുകാര്യസമ്പൂർണ്ണമായ—ശക്തിയേറിയ ഒരുപ്രസംഗം അതിനു മുമ്പും പി

41-ാംപേജിൽനിന്നും തുടർച്ച

നീർ ഇററുവീണില്ലെങ്കിലും ആ അഭിഭാഷകനായ അച്ഛന്റെ ഹൃദയം കദനത്തിന്റെ കരിനിഴലിൽ ഉഴലുകയായിരുന്നു.........

അവക്ക് ഇതൊന്നുമല്ല പ്രശ്നം. ഭർത്താവുമായി

---

ന്വും കേൾക്കാൻ ഇടവന്നിട്ടില്ലെന്ന് സമ്മതിച്ചേ കഴിയൂ. പ്രതിഭാപ്രഭാവനും അനുഗൃഹീത വാഗ്മിയുമായ അദ്ദേഹത്തിന്റെ പരിഹാസനിർഭരമെങ്കിലും യുക്തിയുക്തവും സാഹിത്യശാസ്ത്രഗർഭിതവുമായ ആ പ്രസംഗം ആരെയാണ് പുളകംകൊള്ളിക്കാതിരുന്നിട്ടുള്ളത്. അതോടുകൂടി സാഹിത്യപരിഷത്തിൽ ഒരു അതുല്യമായ പദവിയാണ് ഈ. വി. ക്കുണ്ടായത്.

പരിഷത്തു കഴിഞ്ഞു. ആലപ്പുഴ വരെ ഒരുമിച്ചുള്ള ഞങ്ങളുടെ യാത്ര അത്യാഹ്ലാദപ്രദമായിരുന്നു. അദ്ദേഹത്തിന്റെ ബന്ധുവായ ശ്രീ. എൻ. കെ. നാരായണപിള്ളയുടെ വീട്ടിൽ അദ്ദേഹം കയറി. മററു ചില കൂട്ടുകാർ കൂടി ഉണ്ടായിരുന്നതിനാൽ ഞാൻ അവിടെവച്ചു യാത്ര പറഞ്ഞു പിരിഞ്ഞു.

പിന്നെ കുറെക്കാലം കഴിഞ്ഞ് ഒരിക്കൽ എന്റെ അപേക്ഷപ്രകാരം മാവേലിക്കര വഴവാടി വായനശാലയിൽ വന്ന് ഒരു പ്രസംഗം നടത്തി. അന്നും പിന്നീട് അനവധി സന്ദർഭങ്ങളിലും എനിക്ക് അടുത്തു പെരുമാറാനുള്ള ഭാഗ്യം ഉണ്ടായിട്ടുണ്ട്. അതെല്ലാം വിസ്തരിച്ച് ഈ ലേഖനം ദീർഘിപ്പിക്കുന്നില്ല. മലയാളസാഹിത്യലോകത്ത് അപ്രതിമ പ്രഭാവനായി പ്രശോഭിച്ചിരുന്ന ആ തേജഃപുഞ്ജം തന്റെ കിരണകന്ദളങ്ങൾ പരത്തി കൈരളിയെ ചിരകാലം പ്രശോഭിപ്പിക്കാൻ അനുവദിക്കാത്ത ഹതവിധിയെപ്പററി എന്തു പറയട്ടെ. ആ മരണം! ആനന്ദത്തിലാറാടി, ചിരിയിൽക്കൂടി ചിന്തവിതറി, ലൗകികസുഖങ്ങൾ ആവോളം അനുഭവിച്ച് കഴിഞ്ഞുകൂടിയ ആ പുണ്യാത്മാവ് നിത്യശാന്തിയിൽ വിലയിക്കുമാറാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് തൽക്കാലം വിരമിക്കട്ടെ.

കോളപ്പ്രാതായിട്ടു കാലങ്ങൾ കുറെയായി. ഈഴവറഗ്ഗുലേഷൻപ്രകാരം ബന്ധം വേർപെടുത്തി. ആരാണതിനു് മുൻകൈ എടുത്തതെന്ന പ്രശ്നം ശ്രദ്ധിക്കേണ്ട. രണ്ടുപേർക്കും മടുത്തു. പൊരുത്തപ്പെടാൻ മാർഗ്ഗമില്ല. പൊട്ടിപ്പൊറിഞ്ഞ ബന്ധം. ഒട്ടിച്ചുനിർത്താൻ തുനിഞ്ഞവർ പിന്മാറി..... ... ..

അവരുടെ സ്വർണ്ണം അയാൾ എടുത്തതാണു്. അതു് തിരിയെ കിട്ടണം. വേറൊരു ഓഫീസിൽനിന്നു് അന്യായം കൊടുപ്പിച്ചതാണു്. അവിടെ വക്കീൽ ശരിക്കു കേസു നോക്കിയില്ലെന്നാണവരുടെ പരാതി.........

ഭർത്താവിനു്, അല്ല ഭർത്താവായിരുന്ന ആൾക്കു് ജോലിയുണ്ടു്. അവരുടെ സ്വർണ്ണം വേണം, അല്ലെങ്കിൽ അതിന്റെ വില വേണം. രണ്ടും കിട്ടിയില്ലെങ്കിൽ പോലീസ്സിൽ പിടിപ്പിക്കണം. ഇടിപ്പിക്കണം എന്നു പറഞ്ഞില്ലെന്നു മാത്രം. വിചിത്രമായ മനസ്സു്. ഒരു വ്യാഴവട്ടക്കാലം ദാമ്പത്യതരുവിന്റെ തണലിൽ വിശ്രമിച്ചവർ. പ്രകൃതി ഒരുപകാരം ചെയ്തു. മനഃപൂർവ്വമാകാം. പ്രകൃതിനിയമം കാലദേശങ്ങൾക്കതീതമാണല്ലോ ആ ദമ്പതികൾക്കു് കുഞ്ഞുങ്ങൾ ഉണ്ടായില്ല. അത്രയും ഭാഗ്യം.........

ഭർത്താവിനെ വിളിപ്പിക്കാമെന്നവരോടു പറഞ്ഞു. ഒരു രാജിയായിരിക്കും നല്ലതെന്നവരെ ബോദ്ധ്യപ്പെടുത്താൻ നേരം കുറെ വേണ്ടിവന്നു. അവർ മനസ്സില്ലാമനസ്സോടെ പോയി.........

അടുത്ത അവധിക്കു് അവർ വന്നു. വളരെ നേരത്തെ വന്നു. അയാളും വന്നു....വരുമെന്നു് അവർ കരുതിയില്ല. രണ്ടുപേരും പുറംതിരിഞ്ഞുനിന്നു. അടുത്തെങ്കിലും അകന്നുനിന്ന അവർ തകരുന്ന കുടുംബജീവിതത്തിന്റെ ശാശ്വതപ്രതീകമായിത്തോന്നി .......

“എടൊ അവരുടെ സ്വർണ്ണത്തിന്റെ പണം കൊടുക്കരുതൊ, എന്തിനാണു് കേസും വഴക്കും....നിങ്ങൾ എത്രനാൾ ഒന്നിച്ചു കഴിഞ്ഞവ

രാണ്”...വക്കീലിന്റെ അനുരഞ്ജനമാണ് ....

“സാറെ കൊട്ടക്കാം. കുറേശ്ശെ കൊട്ടക്കാം. എനിക്ക് 40 രൂപയാണ് ശമ്പളം.... കമ്പനിയിലെ തോട്ടക്കാരനാണ്...രാവിലെ 6 മണിക്കു ചെന്നു കയറിയാൽ രാത്രി എഴെട്ടു മണിയാകും മടങ്ങിപ്പോകാൻ...കുറെ സാവകാശം വേണം...”

“അയ്യൊ സാറെ ഇയാളു കള്ളമാണു പറഞ്ഞതു്. 60 രൂപ ശമ്പളമുണ്ടു്. എന്റെ മാലേം കമ്മലും ഇയാളു വച്ചിട്ടുണ്ടു് .... കൂടൊരുത്തി പൊറുക്കുന്നുണ്ടു്. മക്കടെ പ്രായമില്ല. നാണം കെട്ടവൻ...എന്റെ സ്വത്തും അവളെ ഇടീച്ചു നടക്കയാണ്” അയാൾ അവസാനിപ്പിച്ചിടത്തു് അവർ തുടങ്ങി...ജീവിതത്തിന്റെ ദുഃഖവും സുഖവും പങ്കിട്ടെടുക്കേണ്ടവർ ...പങ്കിട്ടെടുത്തവർ അകന്നു. അകൽച്ച പകയായി, അസൂയയായി, അപവാദമായി മാറി... ...

അയാൾ ദേഷ്യം കടിച്ചമർത്തി...എന്നാലും സഹിച്ചില്ല ......

“അല്ല സാറെ കള്ളമാണീപ്പറയുന്നതൊക്കെ” .... അവരോടു തിരിഞ്ഞു. ഒരുകാലത്തു് തന്റെ ഹൃദയം സൂക്ഷിപ്പുകാരിയായിരുന്ന ഭാര്യയോടു്.. ഓ ഇപ്പോൾ അവർ ഭാര്യാഭർത്താക്കന്മാരല്ല. പരസ്പരമുള്ള എല്ലാ ദൌർബ്ബല്യങ്ങളും അറിയാമെന്നതു് നേരു്.

“നീ പറഞ്ഞപോലെ ഞാനും പറേണോ ... എന്നെക്കൊണ്ടൊന്നും പറേപ്പിക്കണ്ട.. ”

“എന്നെക്കൊണ്ടും വേണ്ട ..”....അവരും വിട്ടുകൊടുത്തില്ല. പരിസരം മറന്നു് ബഹിർഗമിച്ച വികാരപ്രകടനം. പരസ്പരം ചെളിവാരിയെറിയുന്നു. നേരെന്തായാലും എന്തകന്നു അവർ. ഒരു കതിർമണ്ഡപത്തിൽ പൂക്കുലയും, വായ്ക്കുരവയും സാക്ഷ്യംവഹിച്ച മണിപ്പന്തലിൽ, നിറപറയും നിലവിളക്കും ആനന്ദം പകർന്ന വേളയിൽ അയാൾ അവരുടെ കഴുത്തിൽ മാംഗല്യസൂത്രം അണിയിച്ചു. രണ്ടു ജീവിതങ്ങൾ ഒന്നായി. തെററും ശരിയും പങ്കിട്ടെടുത്തു. സുഖ

വും ദുഃഖവും സ്വന്തമാക്കി... കാലം കടന്നുപോയി. ആ ബന്ധത്തിൽനിന്ന് പുത്തൻ തലമുറ ഉടലെടുത്തില്ല. ചിലപ്പോൾ വേറൊരു രംഗം അഭിനയിക്കപ്പെട്ടേനെ, ഒരു പൊന്നോമന ജീവൻ കൊണ്ടിരുന്നെങ്കിൽ......

ആകാശം ഇടിഞ്ഞുവീണാലും നീതി നടത്തപ്പെടുമെന്ന് പറയപ്പെടുന്ന കോടതിയിൽ എന്തെല്ലാം രംഗങ്ങൾ നിങ്ങൾക്കു കാണാം.

★


വിദഗ്ദ്ധ വൈദ്യസേവനം
പരിശുദ്ധമായ ഔഷധങ്ങൾ
ശാസ്ത്രീയമായ ചികിത്സാക്രമങ്ങൾ
സമീപിക്കുക:-

**ജനതാ ആയുർവ്വേദ സഹകരണസംഘം**

(ക്ലിപ്തം) No. 4159
മാന്നാർ H. O.

ചീഫ് ഫിസിഷ്യൻ:
കെ. കെ. ചന്ദ്രശേഖരപിള്ള
(വൈദ്യകലാനിധി)

# “......കാറ്റേ നീ......”

കെ. എസ്സ്. നമ്പൂതിരി

ചന്ദന നീല വിപിനാന്തരങ്ങളിൽ
ചന്ദ്രിക വീണുമയങ്ങും നിശകളിൽ
ഏതോനിഗൂഢാനുഭൂതിയിലീവിശ്വ-
ചേതന കോരിത്തരിച്ചു നിന്നീടവേ
ലോലദലാധരം മെല്ലെ വിടർത്തുവാൻ
പോലും മറന്നൊരവ്യക്തലഹരിയിൽ
നെയ്യാമ്പലുകൾ ഒരജ്ഞാത സങ്കല്പ-
ദിവ്യാനുഭൂതി മുകർന്നു നിന്നീടവേ;
കാട്ടിലെ നീല മുളകളെ നിത്യവും
പാട്ടുപാടിയ്ക്കുവാനെത്തുന്നതെന്നാലേ!
മിന്നാമിനുങ്ങിന്റെ കൈത്തിരിനാളവും
മിന്നിച്ചുരാവിൽ വിജനപഥങ്ങളിൽ
ഓടിനടന്നു നീ തേടുന്നതെന്തു നി-
ന്നോടക്കുഴലിവിടെങ്ങാൻകളഞ്ഞുവോ?

ഇന്നലെക്കണ്ടുമറന്നകിനാവിന്റെ-
കണ്ണികൾ വീണ്ടും കൊളുത്തുവാനെന്നപോൽ
പാതിയടഞ്ഞമിഴിയുമായ് നില്പൂമാ-
പ്പാതിരാപ്പൂവിന്നൊരുമ്മ പകരുവാൻ
ചെല്ലത്തളിരണിച്ചില്ലക്കരങ്ങളാൽ
നിന്നെ ക്ഷണിയ്ക്കയാണീനിശാഗന്ധികൾ!

അല്ലെങ്കിൽവേ-ണ്ടാമദഭരസ്വപ്നത്തി-
ലെല്ലാംമറന്നുറങ്ങട്ടെയാക്കോരകം!
വർണ്ണചിത്രങ്ങൾ നിവർത്തുമീചൈത്ര-
പൗർണ്ണമി മങ്ങിമറയുകില്ലിപ്പോഴേ!
വന്നില്ലിനിയുമുഷസ്സിന്റെ കാഞ്ചന-
സ്യന്ദനം-പ്രാചിതൻശ്യാമശൈലങ്ങളിൽ!

ഇന്നലെ രാവിലെൻ ജാലകച്ഛായയിൽ
വന്നുനീയെന്നെക്കുലുക്കിയുണർത്തവേ,
ഓടിയകന്ന കിനാവിന്റെ സൗവർണ്ണ-
രേണുക്കൾ പററിപ്പിടിക്കും മിഴിയുമായ്,
ചേതനയൊന്നായലിഞ്ഞിട്ടുമവ്യക്ത-
മേതോസുഖാലസ്യനിർവൃതിച്ഛായയിൽ
എല്ലാം മറന്നുകിടന്നു ഞാൻ പൊയ്പ്പോയ-
നല്ലകിനാക്കൾ തിരിച്ചുവന്നെത്തുവാൻ!

പൊള്ളുന്ന ജീവിതത്തേക്കാളെനിയ്ക്കിഷ്ട-
മെല്ലായ്പോഴും മീക്കിനാവുകാണുന്നതാം-
ജീവിതത്തേക്കാൾ മധുരമാണീസ്വപ്ന-
ഭാവന-ഞാനതിൽ വിശ്വസിപ്പൂദൃഢം!
(തെററായിരിക്കാമി-തെങ്കിലുമീനല്ല-
തെററിനെകെട്ടിപ്പുണരുകയാണുഞാൻ!
നേരുകളിന്നോളമേകിയിട്ടില്ലിററ-
നീരുമെന്നാത്മാവുചുണ്ടുവിടർത്തവേ!)
എന്തിനുതട്ടിയുണർത്തിനീയെന്നെയീ-
ബന്ധുരസ്വപ്നലഹരിയിൽ നിന്നിദം!
പട്ടടയാണീപ്രപഞ്ചം-മൊരിക്കലും-
പൊട്ടിവിടരില്ലിവിടെ വൃന്ദാവനം!
നാളെയുമീവനച്ഛായയിൽക്കൂടിനീ-
പുളമടിച്ചുവന്നെത്തുന്നവേളയിൽ
എന്നെയുണർത്തരു-തീസ്വപ്നഗംഗയിൽ-
എല്ലാം മറന്നൊന്നലിഞ്ഞുകൊള്ളട്ടെ ഞാൻ!

# സാംഖ്യദർശനം

കെ. കുഞ്ഞുപിള്ളപണിക്കർ

(മുൻലക്കത്തിൽനിന്നു തുടർച്ച)

ഇപ്പോഴും മറെറാരു സന്ദേഹം വരുന്നു. ഈ ശാസ്ത്രമാണല്ലോ; മോക്ഷശാസ്ത്രം ഗ്രന്ഥങ്ങളുടെ ആദിയിൽ മംഗളാചരണം ആവശ്യമാണ്. എന്നാൽ ദുഃഖത്തെപ്പററിയാണിശാസ്ത്രം ആരംഭിക്കുന്നതു്. ദുഃഖം അമംഗളമാണല്ലോ. ശാസ്ത്രാരംഭത്തിൽ മംഗളാചരണത്തിനു പകരം അമംഗളപ്രതിപാദനം എങ്ങനെ ശരിയാകും? ഇതാണു് സന്ദേഹം. സമാധാനം പറയുന്നു. ദുഃഖം അമംഗളംതന്നെ. പക്ഷേ ഈ ശാസ്ത്രത്തിലെ ആരംഭപ്രതിപാദനം ദുഃഖത്തെക്കുറിച്ചല്ല. ദുഃഖപരിഹാരത്തെക്കുറിച്ചാണു്. ദുഃഖപരിഹാരം മംഗളമെന്നു തീർച്ച. അതുകൊണ്ടു് പ്രകൃതശാസ്ത്രത്തിലെ തുടക്കം ദുഃഖപരിഹാരരൂപമായ മംഗളാചരണമായി പരിഗണിക്കാവുന്നതാണു്. മംഗളത്തിന്റെ ലക്ഷണം തന്നെ ഇതിനു തെളിവായിരിക്കുന്നു.

പ്രശസ്താചരണം നിത്യ-
മപ്രശസ്തവിവർജ്ജനം
ഏതദ്ധിമംഗലംപ്രോക്തം
മുനിഭിസ്തത്വദർശിഭിഃ

തിന്മ ഒഴിവാക്കുകയും നിത്യമായ നന്മ ആചരിക്കുകയുമാണു് മംഗളമെന്നു് അറിവുള്ളവർ പറയുന്നു. മംഗളത്തിന്റെ ഈ നിർവ്വചനം വച്ചു നോക്കുമ്പോഴും ദുഃഖപരിഹാരം മുൻനിർത്തിയുള്ള ആരംഭം തികച്ചും മംഗളാചരണമെന്നു കാണാൻ പ്രയാസമില്ല.

ദുഃഖത്രയശമനത്തിനു് ശാസ്ത്രാധിഷ്ഠിതമായ വിവേക

ജ്ഞാനം മാത്രമാണാവശ്യമെന്ന് മേൽസമർത്ഥിച്ചു ഇനി ആ പക്ഷത്തിൽ മീമാംസകന്മാരുടെ പൂർവ്വപക്ഷം എടുത്തുകാണിച്ച് ഖണ്ഡിക്കുവാൻ പോകുകയാണ് "ദുഃഖനിവൃത്തിക്ക് പ്രത്യക്ഷോപായമില്ലെന്നു പറയുന്നത് നേരായിരിക്കാം; പക്ഷേ വേദം വിധിക്കുന്ന ജ്യോതിഷ്ടോമം മുതലായ യാഗകർമ്മങ്ങളുടെ സംവത്സരപര്യവസായിയായ അനുഷ്ഠാനംകൊണ്ട് മൂന്നുവക ദുഃഖങ്ങളെയും എന്നെന്നേയ്ക്കുമായി ഒഴിവാക്കാൻ സാധിക്കും. ദീർഘകാലത്തെ നിരന്തരാഭ്യാസം കൊണ്ടു വേണം വിവേകജ്ഞാനം നേടിയെടുക്കാൻ. അതുവഴി സാധിക്കുമെന്നു പറയുന്ന ദുഃഖശമനം കേവലം ഒരു വർഷംകൊണ്ടു നിവർത്തിക്കാവുന്ന ജ്യോതിഷ്ടോമാദി യാഗകർമ്മങ്ങൾ സാധിച്ചുതരും. ഇപ്രകാരം ഉദ്ദേശ്യസിദ്ധിയ്ക്കുതകുന്ന വൈദികവിധി എളുപ്പമായിരിക്കുമ്പോൾ പ്രയാസമേറിയ മറ്റുമാർഗ്ഗങ്ങളിലേർപ്പെടുന്നതു ശരിയല്ല. "സ്വർഗ്ഗകാമോയജേതം" എന്നു വേദം നിഷ്കർഷിക്കുന്നു. സ്വർഗ്ഗത്തെ അഭിലഷിക്കുന്നവൻ യാഗംകൊണ്ട് ഇഷ്ടമായ സ്വർഗ്ഗം സമ്പാദിച്ചു കൊള്ളണം. യാഗംകൊണ്ട് സ്വർഗ്ഗലാഭമല്ലാതെ ദുഃഖശമനം സിദ്ധിക്കയില്ലെന്ന് ഇവിടെ സംശയിക്കേണ്ടതില്ല. സ്വർഗ്ഗലക്ഷണം നോക്കുക. ദുഃഖമിശ്രമല്ലാത്തതും തുടർന്നുനില്ക്കുന്നതും നശിക്കാത്തതും സങ്കല്പമാത്രംകൊണ്ടു സമീപമെത്തുന്നതുമാണ് സ്വർഗ്ഗം. ജ്യോതിഷ്ടോമാദി യാഗംകൊണ്ടു ലഭിക്കുന്ന സ്വർഗ്ഗം ഇങ്ങനെ ദുഃഖവിരോധിയായ സുഖവിശേഷമാകുന്നു. സ്വർഗ്ഗത്തിന്റെ നാശരാഹിത്യം വേദം സമർത്ഥിക്കുന്നതുകൂടി നോക്കുക. "അപാമസോമമമൃതാ അഭ്രമാ"ഇതി." ഞങ്ങൾ സോമരസം കുടിച്ച് മരണമില്ലാത്തവരായിത്തീരും. (സോമലത ഇടിച്ചു പിഴിഞ്ഞെടുക്കുന്ന രസം സോമരസം. യാഗാനന്തരം അതു കുടിച്ചാൽ മരണം ബാധിക്കയില്ലെന്ന് മീമാംസകന്മാർ വിശ്വസിക്കുന്നു.) ഉദ്ധൃതമായ

വേദഭാഗം സോമരസംകടി ക്കുന്നവരുടെ നാശരാഹിത്യ ത്തെയല്ലാതെ യാഗജന്യമാ യ സ്വർഗ്ഗത്തിന്റെ നിലനി ല്പിനെക്കുറിച്ചു വാദ്ദാനംചെ യ്യുന്നില്ലെന്നു സംശയിക്കരു തു്. സ്വർഗ്ഗം നശിക്കുന്നതാ യാല്പിന്നെ സ്വർഗ്ഗവാസിക ളെങ്ങനെ നാശമൊഴിഞ്ഞവ രാകും? ആകയാൽ യാഗഫ ലമായ സ്വർഗ്ഗത്തിനും യാഗ ത്തിൽ സോമരസം കുടിക്കു ന്നവർക്കും നാശമുണ്ടാകുന്നത ല്ലെന്നുവേണം മനസ്സിലാ ക്കാൻ. സ്വർഗ്ഗസാധനമായ യാഗങ്ങൾ പലതരമുണ്ടു് രണ്ടുനാഴികകൊണ്ടു നിവ ത്തിയ്ക്കാവുന്ന സന്ധ്യോപാ സനാദികൾ ഒരുയാമംകൊ ണ്ടുനിവൃത്തിക്കാവുന്ന പി ണ്ഡപിതൃയജ്ഞാദികൾ മാ സം കൊണ്ടുനിവൃത്തിക്കാവു ന്ന അഗ്നിഹോത്ര ചാന്ദ്രായ ണാദികൾ. സംവത്സരം കൊണ്ടു നിവർത്തിക്കാവുന്ന ജ്യോതിഷ്ടോമാദികൾ ഒരു യാഗവിശേഷമാണു് ജ്യോ തിഷ്ടോമം. പതിനാറുപ്പ ത്തിക്കുകളുടെ സാന്നിദ്ധ്യ ത്തിൽ ഒരു കൊല്ലംകൊണ്ടു് അതു നിവർത്തിക്കുന്നു. വിവേ കജ്ഞാനം സമ്പാദിക്കാൻ വളരെയധികം കാലതാമ സം വേണ്ടിവരും. അല്പകാ ലസാദ്ധ്യമായ, യാഗാദിക ളാകട്ടെ വിവേകജ്ഞാനത്തി ന്റെ പ്രയോജനംതന്നെ ഉ ണ്ടാക്കുകയുംചെയ്യുന്നു. എ ന്നിരിക്കേമ്പോൾ ദുഃഖശമന ത്തിനു യാഗാദികളനുഷ്ഠിക്കു കയാണു നല്ലതു്" ഈ മീമാം സകപക്ഷം നിഷേധിക്കുന്നു വേദവിഹിതമായ യാഗാദി കർമ്മകലാപവും മരുന്നുമുത ലായ ലൌകികോപായത്തി നുതുല്യമാണു്. ശുദ്ധിയില്ലാ യ്മയും ഫലവിഷയകമായ ക്ഷണികതയുമാണു് കാര ണം. യാഗാദികൾക്കെതിരാ യ ഉപായമുണ്ടല്ലൊ. വിവേ കജ്ഞാനരൂപമായ ഉപായം മൂലപ്രകൃതിയുടേയും പ്രകൃതി പരിണാമങ്ങളായ ഭൂതാദിക ളുടേയും പുരുഷന്റെയും വി വേചനത്തിൽ നിന്നാണു് വിവേകജ്ഞാനം ഉണ്ടാകു ന്നതു്.

മരുന്നു മുതലായവ ദുഃഖ ശമനത്തിനുള്ള ദൃഷ്ടോപാ യങ്ങളാണു് വൈദികവിധി പ്രകാരമുള്ള യാഗാദികൾ അദൃഷ്ടോപായങ്ങളും. ഇതു രണ്ടും വിവേകജ്ഞാനത്തെ പ്പോലെ ദുഃഖശമനവിഷയ

ത്തിൽ പ്രയോജനപ്പെടുക യില്ലെന്നു് മുകളിൽ പറഞ്ഞു അതു സമർത്ഥിക്കാൻ ചില സംശയങ്ങൾ പരിഹരിക്കേണ്ടിയിരിക്കുന്നു. സംശയങ്ങളുദ്ധരിച്ചു സമാധാനം പറയാം.

കർമ്മം, ഉപാസനം, ജ്ഞാനം ഇങ്ങനെ മൂന്നു വിഭാഗങ്ങളുണ്ടല്ലോ വേദത്തിനു് അതു കർമ്മഭാഗത്തെയാണു വൈദികം എന്ന വാക്കു കൊണ്ടു നിർദ്ദേശിക്കുന്നതെന്നെങ്ങനെയറിയാം? വൈദികം എന്നു പറയുമ്പോൾ കർമ്മമോ, ഉപാസനമോ, ജ്ഞാനമോ എല്ലാം കൂടിയോ ആകാമല്ലോ. "ആനുശ്രവികളതി സാമാന്യേന അഭിഹിതം" എന്നു കാണുന്നതു കൊണ്ടു് വേദത്തിലെ കർമ്മസാമാന്യത്തെയാണു് വൈദികശബ്ദം ലക്ഷ്യമാക്കുന്നതെന്നു് മനസ്സിലാക്കാം.

പിന്നെ വേറൊരു സംശയം. യാഗഫലമായി ലഭിക്കുന്ന സ്വർഗ്ഗം ക്ഷയിക്കുന്നതല്ലെന്നു് വേദം നിഷ്കർഷിക്കുന്നതായി മുമ്പു കണ്ടു. യാഗം ഒരു കർമ്മമാണല്ലോ. ആ കർമ്മത്തിന്റെ ഫലമാ


അദ്ധ്വാനിക്കുന്നവരുടേയും ഭാരംചുമക്കുന്നവരുടേയും ഇടയിൽനിന്നൊരു പ്രവാചകൻ വന്നു.
ആ ചൈതന്യത്തെ അന്ധകാരം ക്രൂശിച്ചു.

വിശ്വവിഖ്യാതമായ ആ ഇതിവൃത്തത്തിനു ചുറ്റുംനിന്നു് അരിച്ചെടുത്ത മനുഷ്യജീവിതങ്ങളെക്കൊണ്ടു് നെയ്ത നാടകാങ്കങ്ങൾ

ശ്രീരേഖയുടെ

# അൾത്താര

134 പേജ്     രൂ. 1-50

നാഷനൽ ബുക്ക് സ്റ്റാൾ

കോട്ടയം, എറണാകുളം, തൃശ്ശൂർ, തിരുവനന്തപുരം

ണു് സ്വർഗ്ഗം. കർമ്മജന്യമായ എല്ലാ സുഖവും നശിക്കുന്നതാണു്. "യദ്കൃതം തദ് നിത്യം" (ഉണ്ടായതൊന്നും നിത്യമല്ല. എന്ന വൈദിക സൂക്തം ഈ പക്ഷം സമർത്ഥിക്കുന്നു.) ഛാന്ദോഗ്യ ശ്രുതിയിലും ഇതു് സോദാഹരണം വിവരിച്ചിട്ടുണ്ടു് "തദ്യഥേഹകർമ്മ ചിതൊ ലോക:ക്ഷീയത ഏവമേവാമുത്രപുണ്യചിതൊ ലോക: ക്ഷീയതെ." കൃഷി, വ്യാപാരം മുതലായ കർമ്മങ്ങൾ കൊണ്ടു് നേടുന്ന ധാന്യധനാദികൾ നശിക്കുന്നതുപോലെ യാഗാദിപുണ്യങ്ങൾ കൊണ്ടു അദൃശ്യലോകത്തു നേടുന്ന സ്വർഗ്ഗസുഖാനുഭൂതികളും നശിക്കുന്നതാണു്. ഇത്രയും പറഞ്ഞതിൽ നിന്നു് യാഗകർമ്മഫലമായ സ്വർഗ്ഗം നശിക്കുന്നതാണെന്നു തെളിഞ്ഞു.

ഈ സംശയം മറ്റൊന്നു്. യാഗാദികൾ പുണ്യകർമ്മങ്ങളാണല്ലൊ. അവയ്ക്കു ശുദ്ധിയില്ലെന്നു പറഞ്ഞതെന്തുകൊണ്ടു്? ശുദ്ധിയില്ലാത്തവ പുണ്യകർമ്മങ്ങളാകുന്ന തെങ്ങനെ? സമാധാനം യാഗത്തിൽ പുണ്യകർമ്മങ്ങളും പാപകർമ്മങ്ങളും ഉൾപ്പെടുന്നു. ഹോമം ദേവതാപൂജനം, ദാനം, ദക്ഷിണ, യവാദിധാന്യങ്ങൾ പൊടിക്കുക. മൃഗങ്ങളെ കൊല്ലുക, ഇതെല്ലാം യാഗത്തിനുവേണ്ട കാര്യങ്ങളാണു് ഇവയിൽ ആദ്യംപറഞ്ഞ ഹോമാദികൾ നാലെണ്ണം. പുണ്യകർമ്മങ്ങൾ ശേഷിച്ച യവാദിധാന്യങ്ങൾ പൊടിക്കുകയും മൃഗങ്ങളെകൊല്ലുകയും പാപകർമ്മങ്ങൾ ഇപ്രകാരം പുണ്യപദങ്ങൾകൂടികലർന്നതാണു് യാഗകർമ്മം അതിന്റെ ഫലവും പുണ്യപാപ രൂപമായിരിക്കും. "കർമ്മാശുക്ലാകൃഷ്ണം യോഗിനസ്ത്രീവിധമിതരേഷാം" എന്നു് യോഗഭാഷ്യത്തിൽ യാഗാദികളെ ശുക്ലകൃഷ്ണകർമ്മവിഭാഗത്തിൽ ഉൾപ്പെടുത്തിക്കാണുന്നു. രജോമൂലകവും ബാഹ്യസാധനസാദ്ധ്യവുമായ യാഗാദികൾക്കു് പുണ്യപാപജനകത്വമിരിക്കുന്നതാണു കാരണമെന്നും തുടർന്നു പറഞ്ഞിട്ടുണ്ടു് പുണ്യപാപാത്മകമായ കർമ്മം രണ്ടു വിധം. ദൃഷ്ടവേദനീയത്വമെന്നും, അദൃഷ്ടവേദനീയത്വമെന്നും. ചെയ്യുന്ന പുണ്യപാപങ്ങളുടെ ഫലങ്ങൾ ഈ ലോകത്തുവെച്ചനുഭവിക്കുന്നതു് ദൃഷ്ടവേദനീയത്വം പരലോകത്തുചെ

ന്നതിനുശേഷം അനുഭവിക്കുന്നതു് അദൃഷ്ടവേദനീയതപം. യാഗാദികൾ അദൃഷ്ടവേദനീയതപത്തിൽപെടുന്നു അതിന്റെ ഫലം സ്വർഗ്ഗനരകങ്ങളുടെ അനുഭൂതിയാണ്. ഇതെല്ലാം യാഗാദികളുടെ ശുദ്ധിയില്ലായ്മയെ വ്യക്തമാക്കുന്നുണ്ടല്ലോ. ഇനി മൃഗബലി മുതലായ ദോഷാംശങ്ങൾ ഒഴിക്കാമെന്നു വെച്ചാലോ, യാഗം പൂർണ്ണമാവുകയില്ല. തന്മൂലം നിർദ്ദിഷ്ടഫലം സിദ്ധിക്കാതെയും വരും.

യാഗത്തിൽനിന്നുണ്ടാകുന്നതും സ്വർഗ്ഗാദിഫലങ്ങളെ ജനിപ്പിക്കുന്നതുമായ ഒരു ഗുണവിശേഷം ഉണ്ടു്. അതിനെ മീമാംസകന്മാർ അപൂർവ്വമെന്നുപറയുന്നു വേദാന്തികളുടെ പ്രാരബ്ധകർമ്മവും നയ്യായികന്മാരുടെ ധർമ്മാധർമ്മങ്ങളും വൈശേഷികന്മാരുടെ അദൃഷ്ടവും പൗരാണികന്മാരുടെ പുണ്യപാപങ്ങളും ഈ അപൂർവ്വംതന്നെ മീമാംസകന്മാരുടെ അഭിപ്രായത്തിൽ അപൂർവ്വം മൂന്നുവിധം പ്രധാന പൂർവ്വം അംഗാപൂർവ്വം, കലികാപൂർവ്വം പ്രധാനപൂർവ്വമാണ് സ്വർഗ്ഗഫലത്തെ ജനിപ്പിക്കുന്നതു്. അതിന് അംഗാപൂർവ്വം സഹായകമായിരിക്കുന്നു. അവാന്തര ക്രിയാജന്യമാണ് കലികാപൂർവ്വം. അതു് പ്രധാനാപൂർവ്വത്തെ ജനിപ്പിച്ചശേഷം നശിച്ചുപോകുന്നു. സ്വർഗ്ഗലാഭത്തിന് അംഗാപൂർവ്വത്തിന്റെ അനുപേക്ഷണീയത ഇവിടെ വ്യക്തമാണ്. യാഗനിർദ്ദിഷ്ടമായ അംഗങ്ങൾ പൂർത്തിയായിരുന്നാലേ അംഗാപൂർവ്വം സാദ്ധ്യമാകൂ. മൃഗബലി അഥവാ ഹിംസയാഗത്തിന്റെ ഒരംഗമാണ്. അംഗരൂപമായ ഹിംസകൊണ്ടു് രണ്ടുകാര്യം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു ഒന്ന് യാഗത്തിനുപകരിക്കുക, മറ്റൊന്ന് യാഗഫലമായ സ്വർഗ്ഗസുഖത്തിന്റെ അനുഭവകാലത്തു് ഇടയ്ക്കിടെ അല്പാല്പം ദുഃഖമുണ്ടാക്കുക സ്വർഗ്ഗവാസികൾ ഇടയ്ക്കിടെ ദുഃഖമനുഭവിക്കാറുള്ളതു് സ്വർഗ്ഗസാധനമായ യാഗത്തിൽ ഹിംസഅംഗമായിരിക്കുന്നതിന്റെ ഫലമാണത്രെ. ഈ പറഞ്ഞ മീമാംസകപക്ഷംതന്നെ യാഗാദികളുടെ ശുദ്ധിയില്ലായ്മയെ ഒരു വിധമല്ലെങ്കിൽ മറ്റൊരുവിധം സമ്മതിക്കുന്നുണ്ടു്.

(തുടരും)

# ചന്ദ്രോത്സവം *

ഡാ: കെ. രാഘവൻപിള്ള

നമ്മുടെ പ്രാചീന മണിപ്രവാളസാഹിത്യസമ്പത്തിലെ ഒരു കനകച്ചെപ്പാണ് ചന്ദ്രോത്സവമെന്ന കാവ്യം. അഞ്ചു വിഭാഗമുള്ള ഈ കാവ്യത്തിൽ മേദിനീവെണ്ണിലാവ് എന്ന നായികയുടെ ജനനം, വളർച്ച, അവർ കൊണ്ടാടിയ ചന്ദ്രോത്സവം എന്നിവ വർണ്ണിക്കപ്പെട്ടിരിക്കുന്നു.

ചന്ദ്രോത്സവത്തിന് ഒന്നിലധികം വ്യാഖ്യാനങ്ങളുണ്ടായിട്ടുണ്ട്. കവനോദയക്കാരും, കോളത്തേരി ശങ്കരമേനോനും, കെ. കെ. രാജായുമാണ് ഇതിനുമുമ്പ് ചന്ദ്രോത്സവം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. ഇപ്പോൾ ഇതാ, നമ്മുടെ പ്രാചീനഗ്രന്ഥങ്ങൾ പ്രകാശിപ്പിക്കുന്നതിൽ തീവ്രവ്യായാമിയായിരിക്കുന്ന പണ്ഡിതോത്തമനായ ശ്രീ. ഇളംകുളം കുഞ്ഞൻപിള്ള മറ്റൊരു വ്യാഖ്യാനംകൂടി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. തിരുവനന്തപുരത്തെ മാന്യുസ്ക്രിപ്റ്റ്സ് ലൈബ്രറിയിലുള്ള കയ്യെഴുത്തുപ്രതികൾ ഉപയോഗിച്ചാണ് ശ്രീ. ഇളം

* വ്യാഖ്യാതാ: ശ്രീ ഇളംകുളം പി. എൻ. കുഞ്ഞൻപിള്ള

പ്രസാധകന്മാർ: സാഹിത്യപ്രവർത്തക സഹകരണസംഘം
നാഷണൽ ബുക്സ്റ്റാൾ, കോട്ടയം.
വില: ക. 2.50

കളും തൻെറ പ്രസാധനക ർമ്മം നിർവ്വഹിച്ചിരിക്കുന്നതു്.

ചന്ദ്രോത്സവത്തെയും ശ്രീ ഉളളൂരും ഉൾപ്പെടെയുള്ള പ ണ്ഡിതന്മാരുടെ ചന്ദ്രോത്സ വപഠനങ്ങളേയും കുറിച്ചു് എടുത്തുപറയേണ്ട ഒരു കാര്യ മുണ്ടു്. അതു് ഇതുവരെ ആ കൃതി അതിൻേറതായ സാ ഹിത്യസാമൂഹ്യ പശ്ചാത്ത ലത്തിൽവച്ചു് പഠിക്കപ്പെ ട്ടിട്ടില്ല എന്നുള്ളതാണു്. പ്ര ത്യേക ചന്ദ്രോത്സവ പ്രസാ ധനങ്ങളും വ്യാഖ്യാനങ്ങളും കൂടാതെ ഉള്ളൂരിൻെറ സാ ഹിത്യചരിത്രം, സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂ ടെ തുടങ്ങിയ സാഹിത്യച രിത്രകൃതികളിലും നമുക്കു് ച ന്ദ്രോത്സവപഠനങ്ങൾ ലഭി ച്ചിട്ടുണ്ടു്. അവയിലെല്ലാം കഥയിതാണു്.

എ. ഡി. 1500-നു് അടു ത്തു് ഒരുപക്ഷെ രചിച്ചിരി ക്കാവുന്ന ചന്ദ്രോത്സവം എ ന്ന മലയാള മണിപ്രവാള കാവ്യത്തിൻെറ പശ്ചാത്ത ലത്തിനു് പല ശതാബ്ദങ്ങ ളുടെ വൈപുല്യമുണ്ടു്. അതു പോലെതന്നെ ആ കൃതിയി ലെ സങ്കല്പം പ്രാചീന ഭാര തീയജനതയുടെ വിശ്വാസ ത്തിൽ അലിഞ്ഞുചേർന്നു കി ടക്കുന്നുമുണ്ടു്. ചന്ദ്രോത്സവം നമുക്കു് മനസ്സിലാകണമെ ങ്കിൽ ക്രിസ്തുവിനു് പല ശ താബ്ദങ്ങൾക്കു മുൻപുള്ള ഋ ഗ്വേദത്തിലെ സോമൻ എന്ന ദേവനേയും, ഇന്ത്യ യിലെ മലവാരവർഗ്ഗങ്ങൾ ഉൾപ്പെട്ട ബഹുജനങ്ങളുടെ ഇടയിൽ ഇന്നും നിലവിലി രിക്കുന്ന സോമവ്രതാദികളും നാം മനസ്സിലാക്കേണ്ടതു ണ്ടു്. കേരളത്തിലെ സ്ത്രീക ളുടെ വ്രതാനുഷ്ഠാനങ്ങളിൽ സുപ്രധാനമായ ഒന്നാണ ല്ലോ സോമവാരവ്രതം ഇ ന്നും. വനിതകളുടെ പ്രേമ ജീവിതത്തോടും വിവാഹ സുഖത്തോടും ബന്ധപ്പെട്ട ഈ ആചാരത്തെയും, വ്രത ത്തെയും ഉത്സവത്തെയും പ്ര തിപാദിക്കുന്ന ഒരു കാവ്യകൃ തിയായ ചന്ദ്രോത്സവത്തെ ആ സാമൂഹ്യപശ്ചാത്തല ത്തിൽതന്നെ വ്യാഖ്യാനി ക്കേണ്ടതാണു്. ചന്ദ്രോത്സ വത്തിൽതന്നെ ഈ സങ്കല്പ ത്തെയും ചരിത്രത്തെയും വെ ളിവാക്കുന്ന ഭാഗങ്ങൾ കാ

ണാനുണ്ടു്. പാർവ്വതിയും ഇന്ദ്രാണിയും ചന്ദ്രോത്സവം നടത്തിയതായി അവിടെ പറഞ്ഞിരിക്കുന്നു. ചന്ദ്രോത്സവത്തിലെ നായിക വേശ്യയാണെങ്കിലും, ആ വ്രതവും ഉത്സവവും വേശ്യാസമുദായത്തിന്റെ വകയല്ലായിരുന്നു; സമസ്ത സ്ത്രീജനങ്ങൾക്കും ഒരുപോലെ അഭികാമ്യമാണെതു് എന്നതിനു് വേണ്ട തെളിവു് ആ കൃതിയുടെ മൂന്നാംഭാഗത്തിൽ കാണാം. പദ്യങ്ങൾ 47, 60, 74, 84, 96, 105, 106, 107, 108, 109 ഇവ പ്രത്യേകം നോക്കുക.

ഈ കൃതിയും അതിലെ സങ്കല്പത്തിനും രണ്ടു വിഭിന്നാംശങ്ങളോടു ബന്ധമുണ്ടു്. ഒന്നാമതു്, ചന്ദ്രനിലെ ദേവതാസങ്കല്പം; രണ്ടാമതു് ഒരു പ്രകൃതിദൃശ്യം എന്ന നിലയ്ക്കു് ചന്ദ്രോദയത്തിനും ചന്ദ്രികയ്ക്കുമുള്ള നിതാന്തരമണീയത; ഒരു ജനത കാലാകാലത്തിൽ ആഘോഷിച്ചുവരുന്ന ഏതു വ്രതത്തിനും ഉത്സവത്തിനും ആഘോഷത്തിനും ഈ ദേവതാപ്രകൃതിരൂപമായ രൂപസംയുക്തതയുണ്ടു്. ഓണംതന്നെ മഹാബലിയോടെന്നപോലെ പൊന്നും ചിങ്ങമാസത്തിലെ അത്യന്തമനോഹരമായ നിലാവിനോടു് സംബദ്ധമാണല്ലോ.

ചന്ദ്രോത്സവം എന്ന കൃതി പ്രേമിലോകത്തിനു് അനുഗ്രഹകാരകനായ ചന്ദ്രൻ എന്ന ദേവനെ ആസ്പദിച്ചിരിക്കുന്നു എന്നു് മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. അങ്ങനെ ആ കൃതിയിലെ സങ്കല്പത്തിനു് പ്രേമത്തോളംതന്നെ പഴക്കമുണ്ടു്. അതിനെ ആസ്പദമാക്കിയുള്ള സാമൂഹ്യാചാരങ്ങൾക്കും ഉത്സവങ്ങൾക്കും പല ജനതകളും പ്രാമാണ്യം കല്പിക്കുകയും ചെയ്തിരുന്നു. ഉദിച്ചുയരുന്ന ചന്ദ്രന്റെ നിതാന്തരമണീയതയെ സ്മരിപ്പിക്കുകയും വളർത്തുകയും ഈ കൃതി ചെയ്യുന്നുണ്ടു്. നായികയ്ക്കു് മേദിനീവെണ്ണിലാവെന്നു് പേരു നല്കിയിരിക്കുന്നതുതന്നെ ശ്രദ്ധേയമാണു്. ഏതാണ്ടിതുപോലെ മാരലോകത്തേയും സുകുമാരലോകത്തേയും നമ്മെ കൊണ്ടുപോകുന്ന മാരലേഖ തുടങ്ങിയ പേരുകൾ ചന്ദ്രോ

ത്സവത്തിലെ വനിതകൾക്ക് കവി നല്കുന്നുണ്ടെങ്കിലും ചന്ദ്രോത്സവത്തിലെ നായികയ്ക്കു മേദിനീവെണ്ണിലാവെന്ന പേരു നല്കിയിരിക്കുന്ന കവി നിലാവിന്റെ മനോഹാരിതയുടെ ഒരു നിത്യാരാധകനാണ്. മേദിനീവെണ്ണിലാവ് ഭർത്തൃശാപഗ്രസ്തയായി വേശ്യാകുലത്തിൽ ജനിച്ച സാക്ഷാൽ ചന്ദ്രികയാണെന്ന് കവി പറയുന്നുണ്ട്. ചന്ദ്രോത്സവത്തിലെ ചന്ദ്രോദയ വർണ്ണന കണ്ടാൽ, നായികയ്ക്കു് ഈ നാമവും ചരിത്രവും കൊടുത്ത കവി ചന്ദ്രോദയവിലാസം എന്ന മഹനീയമായ പ്രകൃതിദൃശ്യത്തിൽ തൂലിക മുക്കി ഒരു കൃതി രചിക്കുവാൻ ഈ കാവ്യം രചിച്ചു എന്ന ബോധം നമുക്ക് ഉപേക്ഷിക്കാവതല്ല.

ശ്രീ. ഇളംകുളം കുഞ്ഞൻപിള്ളയുടെ വ്യാഖ്യാനത്തിൽ അദ്ദേഹം എഴുതിച്ചേർത്തിട്ടുള്ള പ്രസ്താവനയിലാകട്ടെ, നേരത്തെ എൻ. ബി. എസ്സുകാരുടെ സാഹിത്യചരിത്രത്തിൽ അദ്ദേഹം എഴുതിച്ചേർത്തിട്ടുള്ള സംസ്കൃതപ്രഭാവഘട്ടത്തെക്കുറിച്ചുള്ള പഠനത്തിലെ ചന്ദ്രോത്സവപ്രതിപാദകമായ ഘട്ടത്തിലാകട്ടെ, ഇങ്ങനെയൊരു പശ്ചാത്തലവും അർത്ഥവും ഈ കൃതിക്കുള്ളതായി അദ്ദേഹത്തിന് അറിയാമെന്നുള്ളതിന് ഒരു സൂചനയുമില്ല. തന്നെയുമല്ല, അപൂർണ്ണമായ സമൂഹവീക്ഷണവും അതിസാന്മാർഗ്ഗികത്വവും കൊണ്ട് അവസ്ഥനിഷ്ഠവുമായ സമീപനം അദ്ദേഹം പ്രദർശിപ്പിക്കുകയും ചെയ്യുന്നു.

കണ്ടൻകോത എന്ന രാജാവിനെ കളിയാക്കാൻ അദ്ദേഹത്തിന്റെ ബദ്ധശത്രുവായ ഏതോ കവി എഴുതിയതാണ് ചന്ദ്രോത്സവം എന്ന ശ്രീ. ഇളംകുളത്തിന്റെ അഭിപ്രായം ഈ വീക്ഷണത്തിൽനിന്ന് രൂപംകൊണ്ടതായിരിക്കണം. ചന്ദ്രോത്സവം ഒരു പരിഹാസകൃതി ആണെന്നുള്ളതിന് ഒരു തെളിവുമില്ല. നായിക ഒരു വേശ്യയായതും, അനവധി വേശ്യമാരുടെ യോഗംചേരലും, കൂടിയാലോചനകളും, കവികൾ അവരെ വർണ്ണിക്കുന്നതും മററും ആയിരിക്കണം ഈ കൃതി ഒരു പരിഹാസകൃ

തിയാണെന്ന് പ്രസ്താവിക്കാൻ വ്യാഖ്യാതാവിനെ പ്രേരിപ്പിച്ചത്. നായിക വാരാംഗനയായതു കൊണ്ട് കൃതി പരിഹാസ കവനമാവണമെങ്കിൽ മൃച്ഛകടികം ഒരു പരിഹാസകൃതി ആവണം. ചാരുദത്തനിൽ അനുരക്തയാണെങ്കിലും വസന്തസേന വേശ്യാംഗന ആണല്ലൊ. അതുപോലെതന്നെ വേശ്യയും വിടനും നാടകത്തിലെ രംഗത്തും കാണികളുടെ മനസ്സിലും മാറാതെ നില്ക്കുന്നുണ്ട് നമ്മുടെ ഭാണങ്ങളിൽ. അവയും പരിഹാസകൃതികൾ ആകണം. പക്ഷെ, അവയെ പരിഹാസകൃതികൾ (satires) ആയി ആരും ഗണിക്കാറില്ല. ചിലപ്പോൾ ഫലിതകൃതികൾ (comedies) ആയി കരുതാറുണ്ടെന്നുമാത്രം. കാമഡികളും സററയറുമായി വ്യത്യാസമുണ്ടല്ലൊ.

ചന്ദ്രോത്സവം പരിഹാസകൃതിയല്ലെന്നു മനസ്സിലാക്കാൻ ആ കൃതി ശ്രദ്ധാപൂർവ്വം വായിച്ചാൽ മതി. തോലൻ തുടങ്ങി മീശാൻ വരെയുള്ള നമ്മുടെ പരിഹാസസാഹിത്യകാരന്മാർക്കെല്ലാം ഏറെക്കുറെ നിയതമായൊരു പദ്ധതിയുണ്ട്, തങ്ങളുടെ പരിഹാസരസം പ്രകടിപ്പിക്കാൻ. ഗൗരവമുള്ള ഉപമേയത്തെ, ലാഘവമായ, പരിഹാസജനകമായ ഉപമാനത്തോട് ഉപമിക്കുക ഈ പദ്ധതിയിലെ ഒരു പ്രക്രിയയാണ്. 'ദരിദ്രയില്ലത്തെ യവാഗു പോലെ നീണ്ടിട്ടിരിക്കും നയനദ്വയത്തി' എന്ന തോലന്റെ പ്രയോഗം നോക്കുക. അതുപോലെതന്നെ 'രാജാവിന്റെ കണ്ണുകൾ ഒതളങ്ങ പോലെയിരിക്കും' എന്നെല്ലാം പറഞ്ഞാൽ പരിഹാസമായി. അപ്പോൾ ഉപമാനോപമേയങ്ങൾ തമ്മിൽ അന്തസ്സിലും മററുമുള്ള അന്തരം വകവയ്ക്കാതെ അവയെ ഉപമിച്ചു പരിഹാസം ആവിഷ്കരിക്കുകയെന്നത് പരിഹാസസാഹിത്യത്തിലെ ഒരംഗീകൃതപരിപാടിയാണ്. ചന്ദ്രോത്സവത്തിൽ ഇങ്ങനെയുള്ള ഒരൊററ പദ്യമില്ലെന്നു തന്നെയല്ല, അത്യന്തം ഗൗരവമുള്ള ഉപമാനങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. മേദിനീ

വെണ്ണിലാവിനെ വർണ്ണിച്ചിരിക്കുന്ന ഒരു പദ്യം ഉദ്ധരിക്കട്ടെ: വർണ്ണിക്കുന്നത് വേശ്യയെയാണ്. എങ്കിലും ഉപമാനം നോക്കുക.

"രരാജമദ്ധ്യ മകരന്ദവാചാം
നിഷേദ്ധ്രീ മേദിനി
വെണ്ണിലാവ്
നിരന്തരം കാഞ്ചനവല്ലരീണാം
മദ്ധ്യോത്ഥിതാകല്പകവല്ലരീവ"

ചന്ദ്രോത്സവം പരിഹാസകവിത ആയിരുന്നുവെങ്കിൽ 'പലതരം വള്ളികളുടെ ഇടയ്ക്ക് പടവലവള്ളിപോലെ' യെന്നോ മറ്റോ പരിഹാസജനകമായ ഉപമാനം കവി ഉപയോഗിക്കുമായിരുന്നു. ചിലേടത്ത് ശ്രീ. ഇളംകുളത്തിന്റെ പരിഹാസസിദ്ധാന്തത്തെ താറുമാറാക്കുമാറ് ഉപമാനം ഉദാത്തമേഖലയിലേക്ക് ഉയരുകയും ചെയ്യുന്നു. രണ്ടാംഭാഗത്തിലെ 37-ാം പദ്യം നോക്കുക. മേദിനീ വെണ്ണിലാവിനെ പ്രസവിച്ച ആനന്ദവതിയായ അമ്മയെ കവി വർണ്ണിക്കുകയാണ്:

"മംഗല്യമൂലലതികാം മകളെ
പ്രസൂയ
മാതാ മതിമ്മതിമുഖീ സുതരാം
തുതോഷ
ത്രൈലോക്യനാഥ മഹിഷീം
മഹനീയശീലാ
മേനാ യഥാ മദനഭാഗ്യകലാമ
പണ്ടാം"

കവി അവിടെ ഉത്തമസന്താനലബ്ധിയിൽ ഹൃഷ്ടഹൃദയയായ ഒരു മാതാവിനെ മാത്രം കാണുന്നു; തദനുസാരിയായി ഉദാത്തമായ ഉപമാനം ഉപയോഗിക്കുകയും ചെയ്യുന്നു. ആ രംഗത്ത് ആ മാതാവിനെ ഒരു വേശ്യയായിമാത്രം കാണാനേ ഒരു വ്യാഖ്യാതാവിനു കഴിയൂ, അവിടത്തെ രസം പരിഹാസമാണെന്ന് വിചാരിക്കാനേ കഴിയൂ ഒരു വ്യാഖ്യാതാവിനെങ്കിൽ, ഈശ്വരോരക്ഷതു.

വിഷയലമ്പടന്മാരായ കുറേനമ്പൂതിരിമാരുടേയും, നാട്ടുവാഴികളുടേയും, സൗഭാഗ്യസമ്പന്നരായ കുറേ വേശ്യകളുടേയും ചരിത്രമായിരുന്നു പ്രാചീന കേരളത്തിന്റെ സാഹിത്യ സാമൂഹ്യചരിത്രം എന്നു പറയുന്നത് തെറ്റല്ല; പക്ഷേ പറഞ്ഞുറപ്പിക്കുന്നതിനു പകരം ഉറപ്പിച്ചു പറയുന്ന എല്ലാ സത്യങ്ങളേയുംപോലെ ഇതും ഒരു അർദ്ധസത്യം മാത്രമാണ് അത്.

ശ്രീ. ഇളംകുളം കുഞ്ഞൻപിള്ള എഴുതാണ്ട് ഈ സിദ്ധാന്തത്തിൽ വിശ്വസിക്കുന്നതുകൊണ്ട് അദ്ദേഹത്തിന്റെ വ്യാപ്തവും അഗാധവുമായ പാണ്ഡിത്യം ചാടരുതാത്ത തെറ്റുകളിൽ ചാട്ടുന്നുണ്ട്. ചന്ദ്രോത്സവത്തിലെ നായിക ഒരു വേശ്യയായതുകൊണ്ടും, ആ രംഗത്ത് ഒട്ടധികം വേശ്യകൾ വരുന്നതുകൊണ്ടും, കവികൾ വേശ്യകളെ പുകഴ്ത്തുന്നതുകൊണ്ടുമെല്ലാം ആ കൃതിക്ക് ഒരു വേശ്യാന്തരീക്ഷമുണ്ടെന്ന് ശ്രീ. ഇളംകുളം വിശ്വസിക്കുന്നതായ! അദ്ദേഹത്തിന്റെ സമീപനവും ചിലേടത്തെ വ്യാഖ്യാനവും കണ്ടാൽ നമുക്കു തോന്നും. ചന്ദ്രോത്സവം വൈശികതന്ത്രമല്ലെന്ന് അദ്ദേഹം മറക്കുന്നില്ലേ? ചിലേടത്തെ വ്യാഖ്യാനങ്ങൾ നോക്കുക. രണ്ടാംഭാഗം 45-ാംപദ്യത്തിന്റെ വ്യാഖ്യാനത്തിൽ ഒരു വാക്യം ഇങ്ങനെയാണ് പോകുന്നത്. "ആ നിലയിൽനിന്ന് ഗദ്ഗദവണ്ടുത്തോടെ എല്ലാവരും വേശ്യാശിശുവിനു് ദീർഘായുസ്സും വേശ്യാചക്രവർത്തിനീപദവും ആശംസിച്ചു.

'ചക്രുസ്തദാ മധുരഗദ്ഗദവണ്ടമിശ്രാ-
മശ്രാന്തമാശിഷമുദീണ്ണ മനോരഥാന്തേ'

എന്നതിനാണ് വേശ്യാശിശുവിനു് ദീർഘായുസ്സും... എന്നെല്ലാം വ്യാഖ്യാനം നല്കുന്നത്. ഈ ഭാഗത്തിൽ തന്നെ 'ആലിംഗിതാ മടിയിൽവച്ചു മഹാജനേന' എന്ന വരിക്ക് 'തരുണീസമൂഹത്താൽ മടിയിൽവച്ച് ആലിംഗിതയായി' എന്നാണ് അർത്ഥം പറയുന്നത്. 'മഹാജനേന' എന്നതിനു് 'തരുണീസമൂഹത്താൽ' എന്ന് അർത്ഥകല്പന ചെയ്യേണ്ട ആവശ്യം എന്തായിരിക്കുമോ? ഈ ഭാഗത്തിൽതന്നെ 90-ാം പദ്യത്തിൽ 'മിഥുനാവലോകേ' എന്നൊരു പ്രയോഗമുണ്ട്. അതിനു് വ്യാഖ്യാതാവ് 'സ്ത്രീപുരുഷസംയോഗം' എന്നാണ് അർത്ഥം കൊടുത്തിരിക്കുന്നത്. ചന്ദ്രോത്സവത്തോട് ഗ്രന്ഥകാരനു് പൊതുവേയുള്ള സമീപനത്തിന്റെ സന്തതികളായ ഈ മാതിരി വ്യാഖ്യാനങ്ങൾ

ഈ പ്രസാധനത്തിൻെറ വില കുറയ്ക്കുന്നു. ചിലേടത്ത് വ്യാഖ്യാനം താഴരുതാത്തിടത്തോളം താഴ്കയും ചെയ്യുന്നു. രണ്ടാംഭാഗം 103-ാം പദ്യത്തിൻെറ വ്യാഖ്യാനത്തിൽ കാണുന്ന ഒരു വാക്യം ഒഴിവാക്കാമായിരുന്നു. 'കെട്ടുകല്യാണം കഴിഞ്ഞ ഉടൻ അവിടെ കൂടിക്കിടന്ന മഹാജനങ്ങളിൽനിന്നു് രാജാക്കന്മാരെയെല്ലാം അവൾ അകത്തുവിളിച്ചു മററുള്ളവരുടെ കാര്യം പറയുന്നില്ല. പിറകേ അവരെയും വിളിച്ചിരിക്കാം' എന്നു പോകുന്നു പണ്ഡിതനായ വ്യാഖ്യാതാവിൻെറ അതിസാന്മാർഗ്ഗികതയുടെ പരിഹാസാടോപം. ഇതിനു കാരണമായ പദ്യം കൂടി കേൾക്കണ്ടേ? ഇതാ:-

'കല്യാണവേലാഷചിരമേ
കമനീയ കാമ-
കല്ലോലിനീ യുവമനോരഥ
കല്പവല്ലീ
ഭൂലോകപാലസഹിതാ
വിജഹാരബാലാ
നാനാവിധാസുരതി തന്ത്ര
പരമ്പരാസു'


NATIONAL

# Radio House

Y. M. C. A. ROAD

Alleppey (Kerala)

*Dealers in*

**NATIONAL EKCO RADIOS**

Electric Motors, Pumpsets, Water Heaters, Room Heaters, Docorative Fittings, Industrial Fittings, Streetlight Fittings, Steel Chairs, Tables, Etc.

ഈ പദ്യത്തിൽനിന്നാണ് ഈ·അകത്തുവിളിപ്പ്'മെല്ലാം അദ്ദേഹം ചതപ്പെട്ടത്ത് എ ഴുന്നള്ളിക്കുന്നത്.

ചന്ദ്രോത്സവത്തെ ശ്രീ. ഇളംകുളം സമീപിക്കുന്ന രീതിയെക്കുറിച്ചും, ആ രീതി യുടെ വൈകല്യംനിമിത്തം വ്യാഖ്യാനത്തിൽ പററി പ്പോയിട്ടുള്ള പാകപ്പിഴക ളെക്കുറിച്ചും ഇത്രയുംപറഞ്ഞു. ഇനി ഏതാനും പ്രത്യേക വ്യാഖ്യാനങ്ങളെക്കുറിച്ച് ഒരു വാക്ക്.

പൊതുവേ ക്ലേശം സഹി ച്ച് ഗ്രന്ഥം വ്യാഖ്യാനി ക്കാൻ വ്യാഖ്യാതാവു് ശ്രമി ച്ചിട്ടുണ്ട്. വാഖ്യാതാവെ ന്ന രീതിയിൽ മിതഭാഷി യും പണ്ഡിതനുമായ ശ്രീ. ഇളംകുളത്തിനെ, വസ്തുനിഷ്ഠ മല്ലാത്ത അഭിപ്രായം പ്രകടി പ്പിക്കാൻ അത്യന്തം അക്ഷമ കാണിക്കുന്ന ശ്രീ. ഇളംകുളം വെല്ലുവിളിച്ചു കീഴടക്കാതി രിക്കുന്നിടത്ത് വ്യാഖ്യാനം സുഗമമായി മുന്നോട്ട പോ കുന്നു. ഭാഗ്യവശാൽ ഈ വ്യാഖ്യാനത്തിൽ ഒട്ടുവളരെ ഭാഗങ്ങൾ അങ്ങനെയുണ്ട്. പ്രയോഗോദാഹരണികളോട്ട കൂടി ശോഭിക്കുന്ന വ്യാഖ്യാ നം പലയിടത്തും പൂർവ്വവ്യാ ഖ്യാതാക്കളെ പിന്നിടുന്നു. അശ്വറവിയെക്കുറിച്ചുള്ള ഭാ ഗം ഉദാഹരണമാണ്. പാ ഠങ്ങളുടെ കാര്യത്തിലും ശ്രീ. ഇളംകുളം മുൻപ്രസാധനങ്ങ ളിൽനിന്ന് മുന്നിട്ടുനിൽക്കു ന്നു. എങ്കിലും ഒന്നുകൂടി ആ ലോചിച്ചു ശരിപ്പെടുത്താവു ന്ന ചില ഭാഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിച്ചു കൊള്ളട്ടെ. രണ്ടാംഭാഗം പദ്യം 3. ഇട യ്ക്കു് ഉയർച്ചയും വളർച്ചയും ഉണ്ടാകും എന്നർത്ഥം പറ ഞ്ഞാൽ മതി.

പദ്യം 4. ആനീലം—എന്ന തിന് അല്പം നീലിച്ചത് (ഈഷന്നീലം ആനീലം) എന്ന് അർത്ഥം പറയുന്ന താണ് കൂടുതൽ ശരി. അതുപോലെതന്നെ ആ പാണ്ഡു—മുലത്തിന്റെ ക ഥയും.

ശ്ലോകം 90· മധുനാവലോ കേ—മുകളിൽ പറഞ്ഞതു പോലെ തിരുത്താം.

91. വീരേഷു മാരവിജയാദിഷു കീർത്തിതേഷു-ഇവിടെ വീരന്മാരായ മാരൻ, വിജയൻ (സുഭദ്രാകാമുകനായ അർജ്ജുനൻ) മുതലായവർ പുകഴ്ത്തപ്പെട്ടമ്പോൾ എന്നു് വ്യാഖ്യാനിക്കണം. 'അലോകസാമാന്യമായ മാരവിജയങ്ങളും മററും കീർത്തിക്കപ്പെടവേ' എന്ന വ്യാഖ്യാനം ശരിയല്ല. ആ വരിയിലെ സതിസപ്തമി—യുടെ പ്രയോഗം, 'വിജയാദിഷു' എന്നതിലെ ആദിശബ്ദത്തെ അർജ്ജുനാർത്ഥത്തിൽ എടുക്കുകയാണുത്തമം.

ഇങ്ങനെ പാകപ്പിഴ വന്നുപോയിട്ടുള്ള വ്യാഖ്യാനഭാഗങ്ങൾ ഇനിയും ചൂണ്ടിക്കാണിക്കാൻ ഉണ്ടെങ്കിലും ശ്രീ ഇളംകുളത്തിന്റെ ചന്ദ്രോത്സവം നമ്മുടെ ഭാഷയ്ക്കു് ഒരു മുതൽക്കൂട്ടാണെന്നുള്ളതിനു സംശയമില്ല. അദ്ദേഹത്തിന്റെ പൊതുസമീപനത്തെയും, ഈ ഗ്രന്ഥത്തെക്കുറിച്ചുള്ള ചില അഭിപ്രായങ്ങളെയും അംഗീകരിക്കാൻ ഈ ലേഖകനു് വിഷമമുണ്ടെങ്കിലും, നമ്മുടെ പ്രാചീനഗ്രന്ഥങ്ങളുടെ വ്യാഖ്യാനത്തിലും പാഠനിർണ്ണയത്തിലും പദാർത്ഥകല്പനയിലും മററും ആ പണ്ഡിതന്റെ സംഭാവന അമൂല്യംതന്നെയാണു്. അക്കൂട്ടത്തിൽ ഒരു ചന്ദ്രോത്സവവ്യാഖ്യാനംകൂടി നമുക്കു നല്കിയതിനു് നാം അദ്ദേഹത്തോടു കൃതജ്ഞരായിരിക്കുക. കുററവും കുറവും തീർക്കാവുന്നതേ ഉള്ളല്ലോ.

മനുഷ്യൻ അനുഭവിച്ചാസ്വദിച്ച അനുഭൂതിവിശേഷം അന്യരിലേക്ക് പകരണമെന്ന ഉദ്ദേശത്തോടെ, അവൻ ആ അനുഭൂതിയെ അവനിൽ തന്നെ വീണ്ടും ഉണർത്തുകയും അതിനെ ബാഹ്യമായ അടയാളങ്ങളിലൂടെ പ്രകടിപ്പിക്കുകയും ചെയ്യുന്ന ആ സമയം മുതലാണ്, ഞാൻ വിചാരിക്കുന്നു: മനുഷ്യൻ, പരിതഃസ്ഥിതികൾക്ക വിധേയമായി ആന്തരികമായി അവൻ അനുഭവിച്ച അനുഭൂതികളെയും വിചാരങ്ങളെയും വീണ്ടും പുതുതായി ഉത്തേജിപ്പിക്കുകയും ശബ്ദവർണ്ണരൂപങ്ങളിലൂടെ ചില പ്രകാശനങ്ങൾ നൽകുകയും ചെയ്യുന്നിടം മുതൽ കലയുടെ ആവിർഭാവം ആരംഭിക്കുന്നുവെന്നാണ്. ബഹുഭൂരിപക്ഷം ഉദാഹരണങ്ങളിലും മനുഷ്യൻ പുനരാവർത്തിച്ചിട്ടുള്ള വിചാരങ്ങളും അനുഭൂതികളും മററു മനുഷ്യരിലേക്ക് പകർന്നുകൊടുക്കുന്നതിന് വേണ്ടി ഇതേ പ്രവർത്തിതന്നെയാണു ചെയ്യുന്നതെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. കല ഒരു സാമൂഹ്യസംഭവമാണ്.

ടോൾസ്റ്റോയിയുടെ കലാനിർവചനത്തിൽ, ഞാൻ വരുത്താനാഗ്രഹിക്കുന്ന വ്യത്യാസങ്ങൾ, ഞാൻ ചൂണ്ടിക്കാണിച്ച ഈ തിരുത്തലുകളിലൂടെ താൽക്കാലികമായി ഞാൻ മുഴുവനാക്കുന്നു.

എന്നാൽ, സർ- യുദ്ധവും സമാധാനവും എന്ന ഗ്രന്ഥത്തിന്റെ കർത്താവു് പ്രകടിപ്പിച്ചിട്ടുള്ള, താഴെകൊടുക്കുന്ന ആശയത്തെ പ്രത്യേകം ശ്രദ്ധിക്കണമെന്നും അതേ സമയം അങ്ങയോടു ഞാൻ ആവശ്യപ്പെടുന്നു:-

"എപ്പോഴും, എല്ലാകാലത്തും, എല്ലാ മനുഷ്യസമുദായത്തിലും, ആ സമുദായത്തിലെ എല്ലാ ജനങ്ങൾക്കും പൊതുവേ എന്താണു നല്ലതു്, എന്താണു ചീത്ത എന്നതിനെക്കുറിച്ചുള്ള മതപരമായ ഒരു ബോധമുണ്ട്. അതേ, ഈ മതപരമായ ബോധമാണ് കലയിലൂടെ നിയതമായിട്ടുള്ള അനുഭൂതിയുടെ ഔൽകൃഷ്ട്യം നിർണ്ണയിക്കുന്നതും."

(യുദ്ധവും സമാധാനവും)

നമ്മുടെ ഗവേഷണം മററു പലതിനോടുമൊപ്പം, ഈ ആശയം എത്രമാത്രം ശരിയാണെന്നും ഉപപാദിക്കാൻ പോവുകയാണ്. എങ്ങിനെതന്നെയായാലും, അതു്, അത്യധികം ശ്രദ്ധയെ അർഹിക്കുന്നുണ്ട്. എന്തുകൊണ്ടെന്നാൽ, മനുഷ്യസമൂഹത്തിന്റെ വികാസചരിത്രത്തിൽ കലയുടെ പങ്കിനെക്കുറിച്ചുള്ള പ്രശ്നവുമായി അതു് നമ്മെ മുഖത്തോടുമുഖം അടുപ്പിക്കുന്നു. (തുടരും)

വിവ: പുതുപ്പള്ളി രാഘവൻ

Vol: I No. 5

THE PRATHIBHA MONTHLY

1962 AUGUST

## പരസ്യനിരക്ക്

| | |
|---|---|
| **Cover Back** | 75 00 |
| **Cover Inside** | 60 00 |
| **Ordinary Page** | 30 00 |
| **Half Page** | 15 . 00 |

## വരിസംഖ്യ

| | |
|---|---|
| ഒരു വർഷത്തേക്ക് | 3 00 |
| ആറു മാസത്തേക്ക് | 1 50 |
| ഒറ്റപ്രതി | 0 25 |

മാനേജർ

പ്രതിഭ

P. O. സനാതനപുരം

ആലപ്പുഴ

Printed and Edited by Puthuppally Raghavan at Minerva Press, Haripad, and Published by him from Sanathanapuram, Alleppey.